**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

എ.ഡി.ജി.പി.-ആർ.എസ്.എസ്.കൂടിക്കാഴ്ച

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സഭയിൽ ഭരണ-പ്രതിപക്ഷ നിരകളിലെ പല അംഗങ്ങളും നേരത്തെയുമില്ല ഇപ്പോഴുമില്ല. സഭാ നടപടികൾ നടക്കുമ്പോൾ പരമാവധി അംഗങ്ങൾ സഭയ്ക്കകത്ത് തന്നെ ഇരിക്കണം. ഒഴിച്ചുകൂടാൻ പറ്റാത്ത പശ്ചാത്തലത്തിൽ മാത്രമേ പുറത്തേയ്ക്ക് പോകാൻ പാടുള്ളൂ. ഹെൽത്തി ഡിസ്കഷനും ഹെൽത്തി ഡിബേറ്റിനും സഭാംഗങ്ങൾ പരമാവധി ഫ്ലോറിൽ ഇരിക്കുന്നതായിരിക്കും ഗുണകരമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മറ്റൊരു കാര്യം സഭയെ അറിയിക്കാനുള്ളത്, കടുത്ത തണുപ്പ് കാരണം throat infection ഉണ്ടായിരുന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അല്പസമയംമുമ്പ് ഡോക്ടറെ കാണാൻ പോയിരുന്നു. തദവസരത്തിൽ ഡോക്ടർ അദ്ദേഹത്തിന് സമ്പൂർണ്ണ വോയിസ് റെസ്റ്റ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഉണ്ടാവില്ലെന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്. അദ്ദേഹം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെയാണ് സഭാ നടപടികൾ തുടർന്നുകൊണ്ടുപോകുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാർ, നിരന്തരം ആർ.എസ്.എസ്. നേതാക്കളുമായി മണിക്കൂറുകളോളം ചർച്ച നടത്തിയത് സംബന്ധിച്ച വിവരം ഇന്റലിജൻസ് മാസങ്ങൾക്ക് മുമ്പുതന്നെ ആഭ്യന്തര വകുപ്പിന് നൽകിയിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആഴ്ചകൾക്കുമുമ്പ് പത്രസമ്മേളനം നടത്തി ഈ വിവരങ്ങൾ വ്യക്തമാക്കിയിട്ടും അടുത്തിടെ ഒരു ഭരണകക്ഷി എം.എൽ.എ.-യും ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടും ആരോപണവിധേയനായ എ.ഡി.ജി.പി.-യെ സംരക്ഷിക്കുന്ന സർക്കാർ നിലപാടിനെതിരായാണ് ഞാൻ ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള

ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി., 2023 മേയ് മാസം തൃശ്ശൂർ ആർ.എസ്.എസ്. ക്യാമ്പ് സന്ദർശിച്ച് ആർ.എസ്.എസ്. നേതാവായ ശ്രീ. ദത്താത്രേയ ഹൊസബാളെയുമായി കൂടിക്കാഴ്ച നടത്തിയത് മണിക്കൂറുകളോളമാണ്. പത്ത് ദിവസത്തിനുശേഷം ദേശീയതലത്തിലുള്ള നേതാവായ ശ്രീ. രാം മാധവുമായി കോവളത്തുവച്ച് മണിക്കൂറുകളോളം ചർച്ച നടത്തുന്നു; വീണ്ടും ആ ചർച്ചയുടെ തുടർചർച്ച നടക്കുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി., രണ്ട് തവണയാണ് ആർ.എസ്.എസ്. നേതാവായ ശ്രീ. രാം മാധവുമായി ചർച്ച നടത്തിയത്. ഇക്കാര്യം സർക്കാരിന്റെ മുന്നിൽ ഇന്റലിജൻസ് റിപ്പോർട്ടായി വന്നത് സ്വാഭാവികമാണ്. നമ്മുടെ പോലീസ് ഇന്റലിജൻസ് അത്ര മോശമല്ല; ആരുടെ ഭാഗത്തുനിന്ന് വരുന്ന വീഴ്ചകളും അവർ ചൂണ്ടിക്കാണിക്കും. ഈ ഉദ്യോഗസ്ഥനോട് എന്തിനാണ് നിങ്ങൾ ആർ.എസ്.എസ്.-ന്റെ നേതാക്കന്മാരെ നിരന്തരം കാണുന്നതെന്ന് ചോദിക്കാനുള്ള ധൈര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ ആഭ്യന്തര വകുപ്പിനോ ഉണ്ടായില്ല. ഗവൺമെന്റ് അത് ചെയ്തില്ല; മുഖ്യമന്ത്രിയോ

ആഭ്യന്തരവകുപ്പുമന്ത്രിയോ ഒരു നടപടിയും സ്വീകരിച്ചില്ല. മുഖ്യമന്ത്രിക്കുവേണ്ടിയാണ് സന്ദർശനമെങ്കിൽ എങ്ങനെ ചോദിക്കും? എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാർ ദൂതനാകുമ്പോൾ ചോദിക്കാൻ പ്രയാസമുണ്ടാകും. അപ്പോഴാണ് കള്ളക്കളികൾ പുറത്തുവരുന്നത്; ഇത് ഇവിടെ തുടർന്നുകൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ മറ്റൊരു നേതാവ് ശ്രീ. വത്സൻ തില്ലങ്കേരിയുമായി എ.ഡി.ജി.പി. കൂടിക്കാഴ്ച നടത്തിയത് വയനാട്ടിലെ ദുരന്തഭൂമിയിൽ വച്ചാണ്. ആ കൂടിക്കാഴ്ചയ്ക്ക് അപ്പോൾതന്നെ ഫലമുണ്ടായി. പതിനായിരങ്ങൾക്ക് ദിവസവും ആളാരെന്ന് നോക്കാതെ ഭക്ഷണം നൽകിയിരുന്ന വൈറ്റ് ഗാർഡ്-ന്റെ ഭക്ഷണശാല പൂട്ടിച്ചു. ആ കൂടിക്കാഴ്ചയ്ക്കുശേഷം എ.ഡി.ജി.പി.-യുടെ നിർദേശപ്രകാരമാണ് ഭക്ഷണശാല പൂട്ടിച്ചതെന്ന് പറയുന്നത് പ്രതിപക്ഷമല്ല; സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറി ശ്രീ. ഇ. ജെ. ബാബു - അദ്ദേഹത്തിന്റെ പാർട്ടിക്ക് നൽകിയ പരാതിയിലാണ് ഇപ്രകാരം പറയുന്നത്. ഇവിടെ എനിക്കുശേഷം സി.പി.ഐ.-യുടെ പ്രതിനിധികൾ സംസാരിക്കുന്നുണ്ട്, അതിനെക്കുറിച്ച് അവർ പറയണം. ശ്രീ.

ഇ. ജെ. ബാബു സംസ്ഥാന നേതൃത്വത്തിന് പരാതി നൽകിയെങ്കിലും ഒരു പരിഹാരവുമുണ്ടായില്ല.

നിങ്ങളുടെ കൂടാരത്തിൽനിന്ന് പടിയിറങ്ങിവന്ന എം.എൽ.എ. എന്തെല്ലാമാണ് പറഞ്ഞത്. ഇത് ഞങ്ങളുടെ സൃഷ്ടിയല്ല, ഞങ്ങൾ മുമ്പ് പറഞ്ഞതിന് അടിവരയിടുകയാണ് ചെയ്യുന്നത്. കൂടെ കിടന്നവനല്ലേ രാപ്പനി അറിയുകയുള്ളൂ. വളരെ കൃത്യമായി നിലമ്പൂരിൽനിന്ന് മെസ്സേജ് വരുന്നുണ്ടെന്നത് ഞങ്ങൾ പറയുന്നതല്ല; ഭരണപക്ഷത്തുള്ളവർ പറഞ്ഞതാണ്. ഈ എ.ഡി.ജി.പി., സ്വർണ്ണ കള്ളക്കടത്തും സ്വർണ്ണം പൊട്ടിക്കലും നടത്തുന്നുണ്ട്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസമെന്തെന്ന് ഞാൻ മനസ്സിലാക്കാൻ ശ്രമിച്ചു. എയർപോർട്ടിന് പുറത്ത് കടന്നാൽ പൊട്ടിക്കലെന്നും എയർപോർട്ടിൽകൂടി കൊണ്ടുവരുമ്പോൾ കടത്തലെന്നും പറയും. പൊട്ടിക്കൽ നടത്തുന്നതിനെക്കുറിച്ച് പരാതി വന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് ചെയ്തത്? അദ്ദേഹം ഡൽഹിയിൽ പോയി 'ദ ഹിന്ദു' പത്രത്തിന് ഒരു അഭിമുഖം നൽകി. ആ സമയത്ത് വാർത്താസമ്മേളനവും സംഘടിപ്പിച്ചു. കോഴിക്കോട് എയർപോർട്ടുവഴി ഹവാല പണവും സ്വർണ്ണ കള്ളക്കടത്തും നടത്തി മലപ്പുറത്ത്

ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന വിവരം ആരാണ് നൽകിയത്? മലപ്പുറത്തെ പാവപ്പെട്ട ജനതയെ അവഹേളിക്കുന്ന ഈ വിവരം നൽകിയത് ആരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ്; (...ബഹളം...) എന്ത് ദേശവിരുദ്ധ പ്രവർത്തനമാണ് മലപ്പുറത്ത് നടന്നതെന്ന് അങ്ങ് വ്യക്തമാക്കണം? മലപ്പുറത്തെ ജനതയെ മുഴുവൻ ആ രീതിയിൽ അവഹേളിച്ചുകൊണ്ട് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്ക് പോകാൻ സാധിക്കില്ല. കോഴിക്കോട് എയർപോർട്ടിൽ സ്വർണ്ണം വരുന്നുണ്ടെങ്കിൽ തടയേണ്ടത് കേന്ദ്രസംസ്ഥാന ഗവൺമെന്റുകളാണ്. അതിന് നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ രാജിവച്ച് പുറത്തുപോകുകയാണ് വേണ്ടത്. അത് തടയേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമല്ല. കോഴിക്കോട് എയർപോർട്ടിൽ വരുന്ന സ്വർണ്ണം മുഴുവൻ പോകുന്നത് മലപ്പുറത്തേയ്ക്കാണെന്ന് നിങ്ങളോട് ആരാണ് പറഞ്ഞത്? കോഴിക്കോട് എയർപോർട്ടിൽ സ്വർണ്ണം വന്നാൽ കേരളത്തിന്റെ നാനാഭാഗത്തേയ്ക്കും കർണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും പോകാം. എന്നിട്ട് അതിന് മുഴുവൻ മലപ്പുറത്തെ പാവപ്പെട്ട ജനതയെ ക്രൂശിക്കുകയാണ്. ഇക്കാര്യം മുഖ്യമന്ത്രി പറഞ്ഞിട്ടില്ല, പി.ആർ.

ഏജൻസി എഴുതിചേർത്തതാണെന്ന് നിങ്ങൾ പറഞ്ഞു. ഈ അഭിമുഖം സംഘടിപ്പിച്ചവർ തന്നെയാണ് എഴുതിച്ചേർത്തത്. മുഖ്യമന്ത്രിയുടെ ഓഫീസാണ് എഴുതിച്ചേർക്കാനുള്ള വിവരം പി.ആർ. ഏജൻസിക്ക് നൽകിയതെന്ന് ഞാൻ കൃത്യമായി ആരോപിക്കുന്നു. "ഞാൻ പത്രസമ്മേളനം നടത്തുമ്പോൾ ആരോ അവിടെ വന്നിരുന്നു" എന്നാണ് മുഖ്യമന്ത്രി നിരുത്തരവാദപരമായി പറയുന്നത്. എവിടെ പോയി 'കടക്ക് പുറത്ത്', വേറെ ആരെങ്കിലും വന്നിരുന്നുവെങ്കിൽ അത് പറയുമായിരുന്നു. അവരെ ഇരുത്തി ഈ സംഗതികളെല്ലാം പറയിക്കുകയാണ് ചെയ്തത്. ഞാൻ പറഞ്ഞിട്ടില്ല എഴുതി ചേർത്തുവെന്നാണ് പിന്നീട് പറയുന്നത്. 2024 സെപ്റ്റംബർ 21-ന് മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ കൃത്യമായി ഈ വിവരങ്ങൾ പറയുന്നുണ്ട്. ഏറ്റവും കൂടുതൽ സ്വർണ്ണം വരുന്നത് എന്ന് പറഞ്ഞത്, ഒരു ജില്ലയുടെ പേര് മാത്രം എടുത്ത് പറഞ്ഞിട്ടാണ്; സംസ്ഥാനത്ത് വേറെയും ജില്ലകളുണ്ട്. ക്രൈം റേറ്റ് കൂടിയ ജില്ലയല്ല; എന്നിട്ടും നിങ്ങൾ അത് പറഞ്ഞു. എങ്ങനെ മലപ്പുറത്തെ അവഹേളിക്കാം.......

അതിനുമുമ്പുള്ള സംഘപരിവാറിന്റെ ആസൂത്രണമായിരുന്നു, മലപ്പുറം എസ്.പി.യായിരുന്ന ശ്രീ. സുജിത് ദാസിന്റെ വിഷയം. അദ്ദേഹം മലപ്പുറം

ജില്ലയെ വികൃതമാക്കുകയാണെന്നും ഇല്ലാത്ത കേസുകൾ പെരുപ്പിച്ചുകാണിക്കുകയാണെന്നും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയടക്കം ഞങ്ങളെല്ലാവരും അടിയന്തരപ്രമേയത്തിലൂൾപ്പെടെ പലപ്പോഴും പറഞ്ഞിരുന്നു. ഭരണകക്ഷിയിലുള്ള ആൾ പുറത്തുവന്നശേഷവും അതുതന്നെയാണ് പറയുന്നത്. ശ്രീ. സുജിത് ദാസ്, എ.ഡി.ജി.പി.-യുടെ സന്തതസഹചാരിയായിരുന്നു. അദ്ദേഹം ഇപ്പോൾ സി.ബി.ഐ. കേസിൽപ്പെട്ട് പുറത്തുനിൽക്കുകയാണ്. താമിർ ജിഫ്രിയുടെ സംഭവത്തിൽ ഞങ്ങൾ ഇക്കാര്യം പറഞ്ഞതാണ്. മുഖ്യമന്ത്രി ആ പത്രസമ്മേളനത്തിൽ കൃത്യമായ കണക്ക് പറയുന്നുണ്ട്. സംസ്ഥാനത്ത് ആകെ പിടികൂടുന്നത് 147.79 കിലോഗ്രാം സ്വർണ്ണമാണെങ്കിൽ മലപ്പുറം ജില്ലയിൽ മാത്രം പിടികൂടിയത് 124.47 കിലോഗ്രാം സ്വർണ്ണമാണെന്നാണ് ആ കണക്കിൽ പറയുന്നത്. അതിന്റെ ഉത്തരം പറയേണ്ടത് നിങ്ങളാണ്. കരിപ്പൂർ വിമാനത്താവളംവഴി വലിയതോതിൽ സ്വർണ്ണവും ഹവാല പണവും വരുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നതെന്നും ഇത് കർക്കശമായി തടയുമെന്നുമാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. എന്ത് തടയാനാണ്? ഇതെല്ലാം ചെയ്യുന്നത് ശ്രീ. എം. ആർ. അജിത് കുമാറാണെന്നാണ് ശ്രീ. പി. വി. അൻവർ

പറയുന്നത്. സംഘപരിവാറിന്റെ അജണ്ടയ്ക്കാണ് മുഖ്യമന്ത്രി വളം വച്ചുകൊടുത്തതെന്ന് പറയാതിരിക്കാൻ സാധിക്കില്ല. മലപ്പുറത്തെ സംശയത്തിന്റെ നിഴലിൽ നിർത്തിയ മുഖ്യമന്ത്രിയുടെ നടപടി വളരെയേറെ മോശമായിപ്പോയെന്ന് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഡൽഹിയിൽ പോയി പത്രസമ്മേളനം നടത്തിയത് ആരെ പ്രീണിപ്പിക്കാനാണെന്ന് ഞങ്ങൾക്കറിയാം; ഇവിടെയുണ്ടല്ലോ സ്ഥലം? 'ദ ഹിന്ദു' പത്രം, ദേശീയ പത്രം... അവിടെ പോയി പത്രസമ്മേളനം നടത്തിയത് ആരെ പ്രീണിപ്പിക്കാനാണ്? ഡൽഹിയിൽ വച്ചുള്ള ഇന്റർവ്യൂ തരപ്പെടുത്തിയതാണ്. ആദ്യം ഇന്റർവ്യൂ ഉണ്ടായിരുന്നില്ല; ഞങ്ങൾക്ക് ഒരു ഇന്റർവ്യൂ തരപ്പെടുത്തണമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് ആവശ്യപ്പെട്ടു. സെൻട്രൽ കമ്മിറ്റിക്ക് പോയപ്പോൾ ഡൽഹിയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് ഇക്കാര്യം പറയുന്നത്. അദ്ദേഹം ചുമതലപ്പെടുത്തിയ ഏജൻസിയാണ് ഇത് കൂട്ടിച്ചേർത്തത്. ശ്രീ. ടി. ഡി. സുബ്രഹ്മണ്യൻ ആരാണ്; ടി. കെ. ദേവകുമാർ എന്ന ആലപ്പുഴയിലെ പഴയ എം.എൽ.എ. ആരായിരുന്നു? അവരെല്ലാമായിരുന്നു ഈ കൂട്ടത്തിലുണ്ടായിരുന്നത്.

നമ്മുടെ സംസ്ഥാനത്ത് കൃത്യമായ ഒരു പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റുള്ളപ്പോൾ വേറെ പി.ആർ. ഏജൻസികളെ നിങ്ങൾ എന്തിനാണ് കൊണ്ടുവന്നത്? ഇപ്പോൾ സംഗതി വളരെ വ്യക്തമാണ്; ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞു, ഇനി സി.പി.ഐ.(എം) പ്ലേറ്റ് മാറ്റി ചവിട്ടും. മുഖ്യമന്ത്രിയാണ് അതിന് നേതൃത്വം കൊടുക്കുന്നത്. എല്ലാത്തിനെയും, മുസ്ലീം ന്യൂനപക്ഷത്തെ ക്രൂശിക്കുന്ന ഒരു സമീപനം, ന്യൂനപക്ഷപ്രീണനമില്ല, ഇനി ന്യൂനപക്ഷങ്ങളെ ആക്ഷേപിച്ചുകൊണ്ട് വർഗീയ പ്രീണനം നടത്താനാണ് ശ്രമമെന്ന് ഇവിടെ വ്യക്തമാകുകയാണ്. അല്ലാതെ ഈ അസമയത്ത്, ഒരു സംഗതിയുമില്ലാത്ത കാര്യത്തിൽ, ഇങ്ങനെ ഒരു പ്രസ്താവന നടത്തേണ്ട കാര്യമെന്താണ്? മലപ്പുറത്തെ ജനങ്ങളെ മോശമാക്കി പറയുകയാണ്; അവിടെ അത് സ്ഥിരമാണല്ലോ? ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത് കള്ളക്കടത്ത് എന്നാണ്. എന്നാൽ, ഇതിനുമുമ്പ് ഒരാൾ പറഞ്ഞത്, അവിടെ കുട്ടികൾ കോപ്പിയടിച്ചാണ് പാസ്സാകുന്നതെന്നാണ്. ഒരു തിരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചപ്പോൾ മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമാണെന്ന് ഇവിടെയിരിക്കുന്ന മറ്റൊരാൾ പറഞ്ഞു. മലപ്പുറത്തെ ജനങ്ങളെ ആക്ഷേപിക്കുന്നത് നിങ്ങൾ

തരാതരം പോലെ നടത്താറുണ്ട്. ഇപ്പോൾ നിങ്ങൾ ആ പ്ലേറ്റ് മാറ്റി. അടുത്ത തിരഞ്ഞെടുപ്പിന് നിങ്ങളുടെ നയം ഭൂരിപക്ഷ പ്രീണനമാണെന്നാണ് ഇതുവഴി മനസ്സിലാകുന്നത്.

നിങ്ങളുടെ ഭരണത്തിൽ ആർ.എസ്.എസ്.-നുവേണ്ട എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്. ഏറ്റവും അവസാനത്തേത്, മഞ്ചേശ്വരത്തെ കോഴക്കേസിൽ ശ്രീ. കെ. സുരേന്ദ്രൻ കുറ്റവിമുക്തനായി. ഇവിടെ വളരെ കൃത്യമായ കോടതി വിധിയുണ്ട്. അതിൽപ്പറയുന്നത്; " This court doesn't have the jurisdiction to take cognizance of electoral offence punishable under section 171 (E) of IPC after the expiry of the period of limitation." ആരാണ് പീരിയഡ് expire ആക്കിയത്? കുറ്റപത്രം കൊടുക്കേണ്ടത് ഒരു വർഷത്തിനുള്ളിലാണ്. 17 മാസങ്ങൾക്കുശേഷമാണ് പിണറായി സർക്കാരിന്റെ പോലീസ്, കുറ്റപത്രം കൊടുത്തത്. ശ്രീ. കെ. സുരേന്ദ്രന് ഊരിപ്പോരാനുള്ള അവസരം നിങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഇതിൽ മറ്റൊരുകാര്യം കൃത്യമായി പറയുന്നു; " It is to be noted that in the present case, no application has been filed by the prosecution to condoned the delay." ഇവിടെ delay

ഉണ്ടായി. ഈ delay, condone ചെയ്യാനുള്ള ഒരപേക്ഷ പോലും കൊടുക്കാൻ പിണറായിയുടെ പോലീസ് മറന്നുപോയി എന്നുള്ളതാണ്. ഇത് ആരെ സഹായിക്കുന്നതിനാണ്? ഇവിടെ നിങ്ങൾ തമ്മിലുള്ള അന്തർധാര വളരെ വ്യക്തമാണ്. കൊടകര കുഴൽപ്പണ കേസന്വേഷണം അട്ടിമറിച്ചില്ലേ? അത് ആവിയായി പോയി. അങ്ങനെ എത്രയെത്ര സംഭവങ്ങൾ, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുപോലെ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദേഹാസ്വാസ്ഥ്യം ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. ഇതുരണ്ടും ഒരു ദിവസം വന്നുവെന്നുള്ളത് ഒരു coincidence ആയിരിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇങ്ങനെയൊന്നും സംസാരിക്കരുത്. അങ്ങ് ഒരു മുതിർന്ന അംഗമാണ്, ആരോഗ്യപരമായ കാരണങ്ങൾ വച്ചുകൊണ്ട് പരാമർശിക്കാൻ പാടില്ല. സംസാരിക്കുമ്പോൾ, നിങ്ങൾക്കും അസുഖം വരാം. ഇത്തരത്തിലുള്ള പരാമർശങ്ങൾ ശരിയായ രീതിയല്ല, അങ്ങയെപ്പോലെയുള്ള ഒരാൾക്ക് യോജിച്ചതല്ല. (ബഹളം....) ചെയർതന്നെ പറഞ്ഞല്ലോ, ഭരണപക്ഷാംഗങ്ങൾ അവിടെയിരിക്കൂ. (ബഹളം....)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട ചെയർ എന്നെ തെറ്റിദ്ധരിച്ചു. ഞാൻ അദ്ദേഹത്തെ കളിയാക്കിയതല്ല. അങ്ങനെയുള്ളൊരു ദിവസം ഇത്രയും വലിയ വിമർശനങ്ങൾ പറയേണ്ടിവന്നല്ലോ എന്നാണ് ഞാൻ പറയാൻ തുടങ്ങിയത്. അപ്പോഴേയ്ക്കും നിങ്ങൾ അതിന്റെ പകുതിയിൽ കയറിപ്പിടിക്കരുത്. എല്ലാവർക്കും അസുഖമുണ്ടാകും; അത് എനിക്ക് നല്ല ബോധ്യമുണ്ട്. അതുകൊണ്ട് ഒരാളുടെ അസുഖത്തെ കളിയാക്കുകയില്ല. പക്ഷെ ഇന്നത്തെ ദിവസം ഇതുവന്നുപോയി എന്നുള്ളത് ഒരു coincidence ആയല്ലോ; ഇന്ന് ഇത് പറയേണ്ടിവന്നല്ലോ എന്നുള്ളിടത്താണ് ഞാൻ പറഞ്ഞത്. (ബഹളം....)

മി. സ്പീക്കർ: അവിടെയിരിക്കൂ. പ്ലീസ്... ചെയർ പറഞ്ഞല്ലോ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിനെ ആഭ്യന്തരവകുപ്പും മുഖ്യമന്ത്രിയും സംരക്ഷിക്കുകയാണ്. ഇത് എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിനെതിരെയുള്ള സർക്കാർ നടപടിയുടെ ഉത്തരവാണ്.

(എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിനെതിരെയുള്ള സർക്കാർ നടപടിയുടെ ഉത്തരവ് ഉയർത്തിക്കാണിച്ചു.)

ഇതൊരു സാധാരണ പോലീസ് ഓഫീസർക്കെതിരെയുള്ള നടപടിയാണെങ്കിൽ അതിൽ റിപ്പോർട്ടിനെക്കുറിച്ചും നടപടിയിലേയ്ക്ക് നയിച്ച സാഹചര്യവും വിശദീകരിക്കുമായിരുന്നു. ഇതിൽ ഒന്നുമില്ല, വളരെ ബ്ലാങ്കാണ്, ഇത് നടപടിയാണോയെന്നുപോലും സംശയമാണ്. ഇതിൽ ഒരു നടപടിയുമില്ല. ഇതിൽപ്പറയുന്നത്; "Mr. M. R. Ajith Kumar, IPS Additional Director General of Police (Law and Order) is transferred and posted as Additional Director General of Police (Armed Police Battalion)." ഒരു പ്രൊമോഷനാണ് കൊടുത്തിരിക്കുന്നത്; അപ്പോൾ ഇതൊരു നടപടി പോലുമല്ല. ഇത്ര വ്യക്തമായ സംഗതികളുണ്ടായിട്ടും എ.ഡി.ജി.പി.-ക്കെതിരെ നടപടിയെടുക്കാതിരിക്കുന്നു. അതോടൊപ്പം എല്ലാ കാര്യത്തിലും ഡി.ജി.പി.-യുടെ കൃത്യമായ കണ്ടെത്തലുകളുണ്ട്. സമ്മർദ്ദങ്ങളുടെയും ബഹളങ്ങളുടെയും ഫലമായി അന്വേഷണത്തിനായി നിങ്ങൾ മൂന്ന് ആളുകളെ നിയമിച്ചല്ലോ? ഡി.ജി.പി.-യുടെ റിപ്പോർട്ടിൽ എ.ഡി.ജി.പി.-ക്കെതിരെ വളരെ കൃത്യമായ പരാമർശമുണ്ട്. ധൈര്യമുണ്ടെങ്കിൽ, ഒന്നും മറച്ചുവയ്ക്കാനില്ലെങ്കിൽ, ആ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ഞങ്ങൾ

സൂചിപ്പിക്കുകയാണ്. ആ റിപ്പോർട്ടിൽ എ.ഡി.ജി.പി.-ക്കെതിരെ വളരെ കൃത്യമായ പരാമർശമുണ്ട്. ഇതൊരു നടപടിയല്ല, അദ്ദേഹത്തിന് വളരെ വലിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് നിങ്ങൾ ചെയ്തത്. അതുകൊണ്ട് ഈ അന്വേഷണം നിങ്ങൾ പ്രഹസനമാക്കുകയാണ്. ഇവിടെ ആർ.എസ്.എസ്.-നെ ഉപയോഗിച്ച് പോലീസ് ഈ സംസ്ഥാനത്തെ സാമുദായിക... (മൈക്ക് ഓഫ്)

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, എനിക്ക് ആദ്യമായി പറയാനുള്ളത്, ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ ശാന്തമായി കേൾക്കണമെന്നാണ്. മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം എന്നുതുടങ്ങിക്കൊണ്ടാണ് ഇവിടെ ഉപക്ഷേപ അവതാരകൻ സംസാരിച്ചത്. മലപ്പുറം ജില്ലയെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ഷംസുദ്ദീനേക്കാളും രാഷ്ട്രീയ പാരമ്പര്യമുള്ളവരാണ് ഞങ്ങളൊക്കെ. ഞങ്ങൾക്ക് ചിലത് പറയാനുണ്ട്, (ബഹളം....) അത് നിങ്ങൾ ശാന്തമായി കേൾക്കണം.

കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷമുണ്ടായ വിജയത്തിൽ മത്തുപിടിച്ച് നടക്കുന്ന കുറെയാളുകളുണ്ട് ഇവിടെ. അതിന് കുറെ മാധ്യമങ്ങളുടെ കൂട്ടുമുണ്ട്. അതുകാട്ടി വിരട്ടിയതുകൊണ്ട് ഇടതുപക്ഷത്തിനെ

സംബന്ധിച്ചിടത്തോളം ഒരു ചുക്കും വരാനില്ലെന്നാണ് പറയാനുള്ളത്. ഇന്നലെ കൊണ്ടുവന്ന ഉപക്ഷേപവും ഇന്നുകൊണ്ടുവന്ന ഉപക്ഷേപവും സമാനതകളുള്ളതാണ്. ആർക്കാണ് ആർ.എസ്.എസ്.-മായി ബന്ധമുള്ളത്? ഞങ്ങളുടെ പാരമ്പര്യവും നിങ്ങളുടെ പാരമ്പര്യവും ഒന്നുപരിശോധിച്ചുനോക്കാം. അതിവിടെ നമുക്ക് ചർച്ചയ്ക്ക് വിധേയമാക്കാം. മതനിരപേക്ഷത എന്നത് ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണ്. അതല്ലാതെ നിങ്ങളെപ്പോലെ അവസരത്തിനുവേണ്ടി രാഷ്ട്രീയമായി ഉപയോഗിക്കുന്ന വാക്കുകളല്ല ഞങ്ങളെ സംബന്ധിച്ചിടത്തോളം മതനിരപേക്ഷത. എന്റെ ജീവിതത്തെ സംബന്ധിച്ച അനുഭവത്തിന്റെ മുകളിൽ എന്റെ സ്വന്തം കാര്യം പറയാം; എന്റെ വിവാഹത്തിന് എനിക്കും എന്റെ ഭാര്യയ്ക്കും മാലയെടുത്ത് നൽകിയത് മൊയ്തീൻ കുട്ടി ഹാജി അഥവാ ബാവാ ഹാജിയെന്ന് പറയുന്ന സ്പീക്കറും ഇമ്പിച്ചി ബാവയുമായിരുന്നു. അത് ഇവിടത്തെ ലീഗുകാർക്ക്..... (.....ബഹളം....) ...ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ അന്ന് രാഷ്ട്രീയത്തിൽ ഇല്ല. (.....ബഹളം....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കു.

ശ്രീ. പി. നന്ദകുമാർ: സർ, ആ കാലഘട്ടത്തിൽ മതനിരപേക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ഒരു പാരമ്പര്യമുള്ള പ്രസ്ഥാനത്തിന്റെ ഭാഗമായാണ് ഞങ്ങളൊക്കെ വളർന്നുവന്നത്. ആ പാരമ്പര്യം ഞങ്ങൾക്കുണ്ട്. (ബഹളം....)

മി. സ്പീക്കർ: നിങ്ങൾ ബഹളം വയ്ക്കരുത്. അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്... അദ്ദേഹത്തിന്റെ പ്രസംഗം നിങ്ങൾ തന്നെ തടസ്സപ്പെടുത്തരുത്.

ശ്രീ. പി. നന്ദകുമാർ: സർ, ഞങ്ങൾ കപട വിശ്വാസികൾക്ക് പിന്തുണ കൊടുക്കുന്നവരല്ല; വിശ്വാസികൾക്ക് പിന്നിൽ നിൽക്കുന്നവരാണ്. അതുകൊണ്ടാണ് ബാവ ഹാജിയെ ഞാൻ ക്ഷണിച്ചത്. നിങ്ങളുടെ ആക്ഷേപം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർ.എസ്.എസ്.-ന് കൂട്ടുനിൽക്കുകയാണ്; അതിന് പോലീസിനെ നിയോഗപ്പെടുത്തുകയാണെന്നാണ്. (ബഹളം....)

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ. അവിടെനിന്നും പല കമന്റും വരും.

ശ്രീ. പി. നന്ദകുമാർ: സർ, മലപ്പുറം തെരുവുവീഥികൾക്കകത്ത് മതമൗലികവാദികളുമായി കൂട്ടുചേർന്നുകൊണ്ട് തീവ്രവാദ പ്രസ്ഥാനക്കാർ ഇന്ന് പ്രിയപ്പെട്ട ഞങ്ങളുടെ മുഖ്യമന്ത്രിക്കെതിരായി അപവാദ പ്രചരണം നടത്തി

മുദ്രാവാക്യം വിളിച്ച് ജാഥ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ അഴിച്ചുവിട്ടതാരാണെന്നും..... ഈ കുട്ടിക്കുരങ്ങന്മാരെക്കൊണ്ട് ചുടുചോറ് മാന്തിക്കുന്നതും ഇവിടെയിരിക്കുന്ന പ്രതിപക്ഷമാണ്, മുസ്ലീം ലീഗുകാരാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവരാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി, മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം എതിരാണത്രേ. ഇന്നലെ ഉപക്ഷേപാവതാരകൻ പറഞ്ഞു. മലപ്പുറം ജില്ല രൂപീകരിച്ചത് എന്നാണ്? 1969 ജൂൺ 16-ാം തീയതിയാണ്. അന്ന് മുഖ്യമന്ത്രി ഈ സതീശൻമാരുടെ നേതാവല്ല, അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ആയിരുന്നു മുഖ്യമന്ത്രിയെന്ന് നിങ്ങൾ ഓർക്കണം. അന്ന് ജനസംഘം നടത്തിയിട്ടുള്ള സമരം; ഗാന്ധിയുടെ ശിഷ്യനാണെന്ന് പറയുന്ന കെ. കേളപ്പന്റെ നേതൃത്വത്തിൽ വടക്കേ ഇന്ത്യയിൽനിന്നും സന്യാസിമാരെ കൂട്ടിക്കൊണ്ടുവന്ന് മലപ്പുറം തെരുവുവീഥികളിൽ സമരം നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ അവർക്ക് ഊർജം പകരുന്നതിനുവേണ്ടി അന്നത്തെ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ വഴിക്കടവിൽനിന്നും ചമ്രവട്ടത്തുനിന്നും

രണ്ട് ജാഥ പുറപ്പെട്ടു. നിരവധി ഉപജാഥകൾ, തെരുവുവീഥികൾക്കകത്ത് പ്രസംഗങ്ങൾ, ആർക്കുവേണ്ടിയാണ് പറഞ്ഞത്. ഈ കോൺഗ്രസ്സുകാരല്ലേ, (......ബഹളം....) അന്ന് ജീവിച്ചിരുന്നവരാണ് ഞങ്ങൾ. നിങ്ങളൊക്കെ പുതിയ രാഷ്ട്രീയക്കാരല്ലേ....(ബഹളം....) നിങ്ങൾക്ക് അക്കാര്യങ്ങളൊന്നും അറിയില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കു.

ശ്രീ. പി. നന്ദകുമാർ: സർ, ആ തെരുവുവീഥികൾ മുഴുവൻ മുദ്രാവാക്യം വിളിച്ചുകൊണ്ട് നിങ്ങൾ ആ ജില്ലയ്ക്ക് എതിരായി പറഞ്ഞു. ഇനി നിങ്ങൾ അധികം പറയേണ്ട, സംസാരിച്ചത് സംബന്ധിച്ച് നിയമസഭാ രേഖയിലുണ്ട്, കെ. കരുണാകരന്റെ പ്രസംഗം നിയമസഭയുടെ രേഖയിലുണ്ട്, 1969 ജനുവരി മാസം 9-ാം തീയതിയിലെ നിയമസഭാ രേഖയെടുത്ത് പരിശോധിക്കണം. സമയക്കുറവുകൊണ്ട് അതിവിടെ ഞാൻ വായിക്കുന്നില്ല. 1969 ജനുവരി മാസം 9-ാം തീയതിയിലെ നിയമസഭാ സമ്മേളനത്തിൽ കെ. കരുണാകരൻ പറഞ്ഞത്; "ഒരു സമുദായത്തെ പ്രീണിപ്പിക്കുന്നതിന് വേണ്ടിയിട്ടാണ് എന്ന് ആക്ഷേപമുണ്ടല്ലോ" എന്നാണ്; ഇത് സഭയിൽ പറഞ്ഞതാണ്. മാത്രമല്ല, "അതിന് സാമ്പത്തിക സഹായം എവിടെനിന്നു കിട്ടി" എന്നാണ് അദ്ദേഹം

ചോദിച്ചത്. അന്ന് മൂന്ന് പ്രസംഗങ്ങളാണ് ശ്രദ്ധേയമായത്, പി. എസ്. ശ്രീനിവാസൻ, പി. എം. അബൂബക്കർ, കെ. കരുണാകരൻ എന്നിവരുടേതായിരുന്നു ആ പ്രസംഗങ്ങൾ. അന്ന് പി. എം. അബൂബക്കർ പറഞ്ഞത്, "ഇവിടെ പ്രസംഗിക്കുന്നത് പുറത്തുനിൽക്കുന്ന ജനസംഘക്കാരന് അകത്ത് ആളില്ലാത്തതുകൊണ്ടാണ്, നിങ്ങൾ പ്രസംഗിക്കുന്നത് മുസ്ലീം ലീഗുകാർക്ക്..... (ബഹളം)..." എന്നാണ്. ഇതെല്ലാം നിയമസഭാരേഖയിലുണ്ട്. ഇപ്പോൾ പറയുകയാണ്; മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം ആരാണെന്ന്? അന്ന് അതിനെ ശക്തമായി പ്രതിരോധിക്കാൻ രംഗത്തുവന്നരാണ് ഞങ്ങൾ. ആരാണ് ബി.ജെ.പി.-യും ആർ.എസ്.എസ്.-മായി കൂട്ടുകൂടുന്നത്; നിങ്ങളുടെ ആർ.എസ്.എസ് ബന്ധം എവിടെയൊക്കെയായിരുന്നു എന്ന ചരിത്രം പരിശോധിക്കാമല്ലോ?

1960-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് മത്സരിക്കുമ്പോൾ നിങ്ങളുടെ സ്ഥാനാർഥി ആരാണ്; കോൺഗ്രസ്സുകാർക്കും ലീഗുകാർക്കും പറയാൻ സാധിക്കുമോ; സംഘപരിവാറിന്റെ പ്രവർത്തകനായിരുന്ന ഒരു വ്യക്തിയെ ഇ.എം.എസ്.-ന് എതിരെ

സ്ഥാനാർഥിയാക്കി നിർത്തിക്കൊണ്ട്; അന്ന് തുടങ്ങിയതാണ് നിങ്ങളും ബി.ജെ.പി.-യുമായുള്ള ബന്ധം. (....ബഹളം.....) ഇന്ന് തുടങ്ങിയതല്ല, അല്ലെന്ന് പറയാൻ സാധിക്കുമോ; 1960-ൽ ജനസംഘത്തിന്റെ പ്രവർത്തകനെ സ്ഥാനാർഥിയാക്കി ഇ.എം.എസ്.-നെതിരെ മത്സരിപ്പിച്ച് തുടങ്ങിയതാണ് ബി.ജെ.പി.-യുമായുള്ള നിങ്ങളുടെ ബന്ധം. ശ്രീ. ഷംസുദ്ദീനും കൂട്ടരും.... (....ബഹളം.....) ബേപ്പൂർ മോഡൽ മറക്കണോ? ശ്രീ. ടി. കെ. ഹംസയ്ക്കെതിരെ സ്ഥാനാർഥിയാക്കിയത് ആരെയാണ്; കെ. മാധവൻകുട്ടിയെ. ആരാണ് കെ. മാധവൻകുട്ടി; (....ബഹളം.....) സംഘപരിവാറിന്റെ പ്രവർത്തകൻ. അന്ന് ബാബറി മസ്ജിദ് തകർക്കാൻ വേണ്ടി ശിലാന്യാസത്തിന് കല്ലുകൊണ്ടുപോകുമ്പോൾ, ആ കല്ല് പൂജിച്ചുനിർത്തി, കെ. മാധവൻകുട്ടിയെ സ്ഥാനാർഥിയാക്കിയിട്ടല്ല ആർ.എസ്.എസ്. ബന്ധത്തെക്കുറിച്ച് ഞങ്ങളോട് തർക്കിക്കേണ്ടത്.........ആ പൂജിച്ച കല്ല് ... ഇതെന്റെ ആരാധനയുടെ ഭാഗമാണെന്ന് പറഞ്ഞ വ്യക്തിയാണ് മാധവൻകുട്ടി. അയാളുമായിട്ടാണ് നിങ്ങൾ കൂട്ടുകൂടുന്നത്. പോലീസും സംഘപരിവാറുമായിട്ടുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞാൽ......

ശ്രീ. കുറുക്കോളി മൊയ്തീൻ: ...... (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ, അദ്ദേഹം പ്രസംഗിച്ചോളും നിങ്ങൾ ഡിക്റ്റേറ്റ് ചെയ്യേണ്ട. ശ്രീ. ഷംസുദ്ദീൻ പ്രസംഗിക്കുമ്പോൾ ശ്രീ. ഉബൈദുള്ളയാണ് സപ്പോർട്ട് ചെയ്തത്.

ശ്രീ. പി. നന്ദകുമാർ: സർ, ശ്രീ. ടി. പി. സെൻകുമാറിനെ മറക്കേണ്ട. പിൽക്കാലത്ത് ആർ.എസ്.എസ്.-ബി.ജെ.പി. അനുഭാവം തുറന്നുപറഞ്ഞ ആളല്ലേ; പറയുക മാത്രമല്ല, പ്രവൃത്തിയിലും കൊണ്ടുവന്നയാളല്ലേ? സംഘപരിവാറിന്റെ പ്രവർത്തനത്തിൽ വിശ്വാസമുണ്ടെന്നുപറഞ്ഞ ശ്രീ. ടി. പി. സെൻകുമാറിനെ പിന്തുണച്ചത് ആരാണ്? അയാൾ സുപ്രീം കോടതിയിൽ പോയി കേസിന് വിധി വാങ്ങി. ആ കേസ് വാദിച്ചത് ആരാണ്? നിങ്ങൾ പറയണം. ശ്രീ. ടി. പി. സെൻകുമാറിനുവേണ്ടി ആ കേസ് വാദിച്ചത് മുസ്ലിം ലീഗിന്റെ രാജ്യസഭാംഗമായ അഡ്വ. ഹാരീസ് ബീരാനാണ്. താൻ ആർ.എസ്.എസ്.-ൽ പോയെന്നുപറയുന്ന വ്യക്തിക്കുവേണ്ടി വാദിച്ച് സംഘപരിവാറിന്റെ ഡി.ജി.പി. കസേരയിൽ അദ്ദേഹത്തെ വീണ്ടും കൊണ്ടുവന്നത് നിങ്ങളാണ്. ആർക്കാണ് ബി.ജെ.പി.-യുമായി ബന്ധം? അത്

നിങ്ങൾക്കാണ്. ശ്രീ. പ്രവീൺ തൊഗാഡിയ കേരളത്തിൽ വന്ന് വർഗീയ വിദ്വേഷ പ്രസംഗം നടത്തി. അയാൾക്കെതിരെയുള്ള കേസ് പിൻവലിച്ചത് ഉമ്മൻ ചാണ്ടി സർക്കാരല്ലേ; (....ബഹളം.....) ആരാണ് കേസ് പിൻവലിച്ചത്; സി.പി.ഐ.(എം)-കാരാണോ? ശ്രീ. കുമ്മനം രാജശേഖരൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ചാണ് ശ്രീ. പ്രവീൺ തൊഗാഡിയയ്ക്ക് എതിരെയുള്ള കേസ് പിൻവലിച്ചതെന്ന് പതിമൂന്നാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ 16-02-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് മറുപടിയായി വ്യക്തമാക്കിയിട്ടുണ്ട്. ആരാണ് ഇതിന് മറുപടി പറയേണ്ടത്? വർഗീയവിദ്വേഷ പ്രസംഗം നടത്തിയ ശ്രീ. പ്രവീൺ തൊഗാഡിയയ്ക്കെതിരെയുള്ള കേസൊതുക്കി അയാളെ വൈറ്റ് വാഷ് ചെയ്യാൻ മുന്നിൽനിന്ന കൂട്ടുകാരാണിപ്പോൾ വലിയ വർത്തമാനം പറഞ്ഞ് ഇവിടെ നടക്കുന്നത്. നിരവധി സംഘപരിവാർ പ്രവർത്തകരുടെ ഗുരുതരസ്വഭാവമുള്ള കേസുകളാണ് ഉമ്മൻ ചാണ്ടി പിൻവലിച്ചത്. 2005-ലെ എം.ജി. കോളേജിലെ പോലീസിന്റെ നടപടിക്കിടെ അന്നത്തെ പേരൂർക്കട സർക്കിളായിരുന്ന മോഹനൻ നായരെ ബോംബെറിഞ്ഞ കേസിലെ പ്രതിയായ എ.ബി.വി.പി.

നേതാവിനെ മറന്നോ; അത് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കണോ? പോലീസ് കോൺസ്റ്റബിളായി ജോലി നൽകാൻ കേസ് പിൻവലിച്ച് സഹായിച്ചത് ഉമ്മൻ ചാണ്ടി സർക്കാരല്ലേ; ആ ശിപാർശ കോൺഗ്രസ്സ് എം.എൽ.എ. ശ്രീ. പാലോട് രവിയുടേതായിരുന്നു, അല്ലെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? എന്നിട്ട് നിങ്ങൾ പറയുന്നു, പോലീസും സി.പി.ഐ.(എം)-ഉം തമ്മിൽ ബന്ധമെന്ന്. മുഖ്യമന്ത്രിയുമായി ബന്ധം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ആരാണ് ഇതിന് കൂട്ടുനിൽക്കുന്നത്? ലീഗ് പലതും മറക്കണ്ട; എള്ളുണങ്ങുന്നത് എണ്ണയ്ക്കാണ്, കുറുഞ്ചാത്തൻ ഉണങ്ങുന്നത് ആർക്കാണെന്ന് നിങ്ങൾ ആലോചിക്കണം. (....ബഹളം.....)

മലപ്പുറം ജില്ല വളർച്ചയിലേയ്ക്ക് നീങ്ങുന്നതിന്റെ പ്രധാന കാരണം, പ്രവാസികളുടെ നേട്ടമാണ്. ആ പ്രവാസികൾ എങ്ങനെയാണ് വന്നത്? പാവപ്പെട്ട സാധാരണക്കാരന് കുടികിടപ്പവകാശം ലഭിച്ചപ്പോൾ അത് പണയം വച്ചുകൊണ്ട് അന്ന് ഉരുകളിൽ പോയി വേങ്ങരയിലും തിരൂരുമുള്ള ഏജന്റുമാർക്ക് പൈസ കൊടുത്ത് കുടികിടപ്പവകാശം കിട്ടിയില്ലായിരുന്നെങ്കിൽ.... ഇന്ന് പല മലപ്പുറം ജില്ലക്കാരും പ്രമാണിയല്ല.

പഴയ ചരിത്രമൊന്നും മറക്കരുത്. (....ബഹളം.....) പിണറായി വിജയനെ സംബന്ധിച്ചിടത്തോളം.... ആരാണ് പിണറായി?

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കംപ്ലീറ്റ്.

ശ്രീ. പി. നന്ദകുമാർ: സർ, ഒരു സുപ്രഭാതത്തിൽ ഉയർന്നുവന്ന ആളല്ല ശ്രീ. പിണറായി വിജയൻ. ഇവിടെ അങ്ങനെ പലരുമുണ്ട്. വിദ്യാർഥി പ്രസ്ഥാനത്തിലൂടെയും തൊഴിലാളി പ്രസ്ഥാനത്തിലൂടെയും രാഷ്ട്രീയ പ്രസ്ഥാനത്തിലൂടെയും നിയമസഭയിൽ കടന്നുവന്ന് അതിശക്തമായ രീതിയിൽ പേരാട്ടം സംഘടിപ്പിച്ച വ്യക്തിയാണ് അദ്ദേഹം. അടിയന്തരാവസ്ഥക്കാലത്ത് ഭീകര മർദ്ദനമേറ്റയാളാണ്.. തലശ്ശേരി കലാപം - അത് മറക്കേണ്ട.... (ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്...അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കു..

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇന്നുവരെ നിയമസഭയിൽ കാണാത്ത ഒരു സമീപനമാണ്, ബഹുമാനപ്പെട്ട ഒരംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തൊട്ടടുത്തിരുന്ന് മുൻമന്ത്രി കൂടിയായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ 5 പ്രാവശ്യം, "നാണംകെട്ടവർ" എന്ന വാക്ക് മൈക്കിലൂടെ പറഞ്ഞു. ഇത് നിയമസഭയുടെ അന്തസ്സിന് യോജിച്ചതല്ല. അക്കാര്യത്തിൽ അങ്ങ് റൂളിങ് നൽകണം.

<u>മി. സ്പീക്കർ</u>: നിയമസഭയുടെ അന്തസ്സ് എല്ലാവരും കാണിക്കണം. ഒരു ഭാഗത്ത് ശ്രീ. കടകംപള്ളി സുരേന്ദ്രനാണെങ്കിൽ, തുടങ്ങിയത് ശ്രീ. പി. ഉബൈദുള്ളയാണ്. ശ്രീ. ഷംസുദ്ദീനും പി. നന്ദകുമാറിനും സംസാരിക്കാനുള്ള ശേഷിയുണ്ട്. അതുകൊണ്ട് കോറസ്സ് കൊടുക്കേണ്ട കാര്യമില്ല. രണ്ടുപേർക്കും സംസാരിക്കാനുള്ള കഴിവുണ്ട്. രണ്ടുപക്ഷത്തും കോറസ്സ് കൊടുക്കേണ്ട ആവശ്യമില്ല. ഒരു ഹെൽത്തി ഡിബേറ്റിന് ഇരുപക്ഷവും സഹകരിക്കണം. (.... ബഹളം ....)

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഇന്നിവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്, എ.ഡി.ജി.പി. അധികാര കസേരയിലിരുന്നുകൊണ്ട് ആർ.എസ്.എസ്.-മായി ബന്ധം

സ്ഥാപിച്ച് കാര്യങ്ങൾ ചെയ്തതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തെ മാറ്റിയതിന്റെ പശ്ചാത്തലത്തിലാണ്. ഇവിടെ ചരിത്രം പറഞ്ഞ്, അതിന്റെ മറുപടി പറയുകയാണ് ചെയ്യുന്നത്. ഞങ്ങൾക്ക് ആ ചരിത്രത്തിന്റെ മറുപടി പറയാൻ സമയമില്ല. ചരിത്രം പറയാനാണെങ്കിൽ ഒരേയൊരു വരി പറഞ്ഞുകൊണ്ട് ഞങ്ങൾ അവസാനിപ്പിക്കാം. ആർ.എസ്.എസ്.-ഉം സംഘപരിവാറുമായി ആർക്കാണ് ബന്ധമെന്ന് അന്വേഷിച്ചാൽ 1977-ൽ സാക്ഷാൽ ശ്രീ. പിണറായി വിജയൻ സംഘപരിവാറിന്റെ വോട്ട് വാങ്ങി ഇതേ നിയമസഭയിലേയ്ക്ക് വന്ന ഒരു ചരിത്രമുണ്ട്. അതുകൊണ്ട്, ഞങ്ങൾ ചരിത്രം പറയാനാഗ്രഹിക്കുന്നില്ല. ഇന്ന് കേരളത്തിന്റെ പൊതുസമൂഹം ഈ ചർച്ചയെ വീക്ഷിക്കുന്നത് എന്തിനാണെന്നറിയുമോ; ഇന്ന് കേരളത്തിന്റെ അന്തരീക്ഷത്തിലുദിച്ച ഒരു ചിത്രമുണ്ട്. അതായത്, ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ഉം തമ്മിൽ വലിയൊരു ബന്ധം സ്ഥാപിച്ച് കാര്യങ്ങൾ നടത്തുന്നുവെന്ന് സി.പി.ഐ.(എം) സഖാക്കന്മാർ പോലും സംശയിക്കുന്നു. എന്തിനുവേണ്ടി, ആർക്കുവേണ്ടി; എന്നാണ് സംശയം. ഇത് ഇൻവെസ്റ്റിഗേറ്റ് ചെയ്യാനുള്ള ഒരു അതോറിറ്റിയും പ്രതിപക്ഷത്തിന്റെ കയ്യിലില്ല. ഒരു തെളിവും കൊണ്ടുവരാനുള്ള അന്വേഷണ

ഏജൻസി ഞങ്ങളുടെ കൈവശമില്ല. അതേസമയം, അതെല്ലാമുള്ള സർക്കാർ ചെയ്യുന്നത് എന്താണ്; ശ്രീ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചതുപോലെ 06-10-2024-ൽ നിങ്ങൾ എ.ഡി.ജി.പി.-യെ ആ സ്ഥാനത്തുനിന്ന് മാറ്റി. അതിന്റെ കാരണമെന്താണെന്ന് ഞങ്ങളോട് പറയേണ്ട, പക്ഷേ, പൊതുസമൂഹത്തോട് പറയേണ്ടേ; എന്താണ് പറയാത്തത്? അവിടെയും നിങ്ങൾ മൂടിവയ്ക്കുകയാണ്. സാധാരണഗതിയിൽ കോടതികളിൽ ഒരു കേസിന് ഡയറക്ട് എവിഡൻസില്ലെങ്കിൽ സ്വീകരിക്കുന്ന ഒരു മാർഗമാണ് circumstantial evidence അഥവാ സാഹചര്യത്തെളിവുകൾ. ചില തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് സാഹചര്യ തെളിവുകളെടുക്കുന്നത്. ചെയിൻ ഓഫ് ഈവന്റ്സ് ബ്രേക്ക് ചെയ്യാൻ പാടില്ല, എല്ലാ തെളിവുകളും ഒരൊറ്റ guilt-ലേക്കായിരിക്കണം പോയിന്റ് ചെയ്യുന്നത്. ഇവിടുത്തെ ചെയിൻ ഓഫ് ഈവന്റ്സ് പരിശോധിക്കാം. ഏറ്റവുമൊടുവിൽനിന്ന് തുടങ്ങിയാൽ, എ.ഡി.ജി.പി.-യെ മാറ്റേണ്ട സാഹചര്യം എത്രയോ നാൾ മുമ്പേ വന്നതാണ്. ഒരു വർഷം മുമ്പ് ഈ കൂടിക്കാഴ്ചയെ സംബന്ധിച്ചും ഇദ്ദേഹത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും

അറിവ് കിട്ടിയിട്ടും അതിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിനുശേഷം ഇക്കാര്യങ്ങൾ പൊതുജനമധ്യത്തിൽ വന്നു. ഇവിടെ നടത്തിയ നിരവധി നിയമവിരുദ്ധ പ്രവർത്തനങ്ങൾ എ.ഡി.ജി.പി.-യുടെ മേൽ വന്നു. ഭരണകക്ഷിയായ ഒരു എം.എൽ.എ. തന്നെ കാര്യങ്ങൾ വിളിച്ചുപറഞ്ഞു. അതിനുശേഷം നിങ്ങളുടെ ഘടകകക്ഷിയായ സി.പി.ഐ. ഇക്കാര്യം ശക്തമായി ഉന്നയിച്ചു. എന്നിട്ടും ഈ നിയമസഭാ സമ്മേളനം തുടങ്ങുന്നതിന്റെ തലേദിവസം വരെ നിങ്ങൾ അദ്ദേഹത്തെ സംരക്ഷിക്കുന്ന സാഹചര്യമുണ്ടായത് എന്തിനുവേണ്ടി; എന്തിനുവേണ്ടിയാണ് മുഖ്യമന്ത്രി എ.ഡി.ജി.പി.-യെ സംരക്ഷിക്കുന്നത്; അക്കാര്യത്തിൽ ജനങ്ങളോട് മറുപടി പറയണ്ടേ? അദ്ദേഹത്തെ എ.ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റുമ്പോൾ എന്തിനുവേണ്ടി മാറ്റിയെന്ന് പറയാനുള്ള ആർജവം ഈ സർക്കാരിനും ആഭ്യന്തര വകുപ്പുമന്ത്രിക്കും ഇല്ലാതെപോകുകയല്ലേ? ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. സി.പി.ഐ.(എം) പോലൊരു പാർട്ടി, തന്റെ പാർട്ടിയിലെ എത്രയോ സഖാക്കന്മാരെ വെട്ടിക്കൊന്ന ആർ.എസ്.എസ്. സംഘപരിവാർ ബി.ജെ.പി.-യോട് എന്തിനിത്ര വിധേയപ്പെടണമെന്ന് സാധാരണ സഖാക്കന്മാർ

ആലോചിക്കുന്നുണ്ട്. ആർക്കുവേണ്ടിയാണ് ഈ പാർട്ടിയെ ആർ.എസ്.എസ്.-ന് അടിയറ വയ്ക്കുന്നത്? അതിന് കാരണമുണ്ട്. അതിന് കാരണമുണ്ട്, ശ്രീ. പിണറായി വിജയൻ എന്നുപറയുന്ന നിങ്ങളുടെ നേതാവിന്റെ, മുഖ്യമന്ത്രിയുടെ കുടുംബത്തിന്റെ തല ശ്രീ. നരേന്ദ്ര മോദിയുടെ കക്ഷത്തിലായത് 31-01-2024-ലാണ്. 31-01-2024-ൽ മുഖ്യമന്ത്രിയുടെ മകൾക്കെതിരെയുള്ള കമ്പനിയുമായി ബന്ധപ്പെട്ട ഡീലിംഗ്സിൽ എസ്.എഫ്.ഐ.ഒ. അന്വേഷണം പ്രഖ്യാപിച്ചത് എന്തിനാണെന്ന് അറിയാമോ? അതായത് ബഹു. ഹൈക്കോടതിയിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഈ കേസ് പരിഗണിച്ചുകൊണ്ടിരിക്കുമ്പോൾ, കോടതി വിധി പറയാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന സമയത്ത് ഞങ്ങളിതാ അന്വേഷണം ആരംഭിച്ചുവെന്ന് സെൻട്രൽ ഗവൺമെന്റ് പറയുകയാണ്. ഇതെന്തിന് വേണ്ടിയാണെന്ന് അറിയാമോ? ബഹു. ഹൈക്കോടതിയുടെ പക്കൽനിന്നും ആ കേസ് എടുത്ത് മാറ്റുന്നതിനുവേണ്ടിയാണ്. എട്ട് മാസം സമയമാണ് നൽകിയത്. കറക്റ്റായി എട്ട് മാസം പൂർത്തീകരിച്ചിട്ടും എന്തുകൊണ്ടാണ് ഇതുവരെ എസ്.എഫ്.ഐ.ഒ. അന്വേഷണം പുറത്തുവരാത്തത്? ഞാൻ ചോദിക്കട്ടെ, എ.ഡി.ജി.പി. മാത്രമാണോ ആർ.എസ്.എസ്. നേതാക്കളെ കണ്ടത്?

എസ്.എഫ്.ഐ.-യിലൂടെയും ഡി.വൈ.എഫ്.ഐ.-യിലൂടെയും സി.പി.ഐ.(എം.)-ലൂടെയും വന്ന്, എല്ലാ പടികളും കയറി ഇടതുപക്ഷത്തിന്റെ കൺവീനറായിരുന്ന ശ്രീ. ഇ. പി. ജയരാജൻ എന്തിനാണ് ശ്രീ. പ്രകാശ് ജാവേദ്ക്കറുമായി ചർച്ച നടത്തിയത്. വെറുതെ വഴിയേ പോകുമ്പോൾ വീട്ടിൽ കയറി വന്നതാണെന്ന് കേരളത്തിലെ ജനങ്ങളോട് പറയാൻ നിങ്ങൾക്ക് ലജ്ജയില്ലേ? അത് മാത്രമാണോ, ഇടതുപക്ഷത്തിന്റെ കൺവീനറായിരുന്ന ശ്രീ. ഇ. പി. ജയരാജനെ ആ സ്ഥാനത്തുനിന്നും മാറ്റേണ്ടിയുംവന്നു. അങ്ങനെയെത്ര സംഭവങ്ങളാണുള്ളത്? ആർ.എസ്.എസ്.-മായി സി.പി.ഐ.(എം.) ബന്ധം സ്ഥാപിക്കുന്ന ഒരുപാട് സംഭവങ്ങളുണ്ട്. നിങ്ങൾക്ക് മറുപടിയില്ല, നിങ്ങളുടെ മുഖ്യമന്ത്രിക്കും മറുപടിയില്ല. ഇതുസംബന്ധിച്ച് നിങ്ങളുടെ ഘടകകക്ഷിയായ സി.പി.ഐ. നിരവധിതവണ ആരോപണങ്ങൾ ഉയർത്തിയിട്ടും നിങ്ങൾക്ക് മറുപടിയില്ല. ഇത് സൂചിപ്പിക്കുന്നത് സി.പി.ഐ.(എം.)-ഉം ആർ.എസ്.എസ്.-ഉം തമ്മിലുള്ള ബന്ധമാണ്. ഇവിടെ ഒരു ജഡ്ജ്മെന്റ് ഞാൻ വായിക്കുകയായിരുന്നു..... ഇപ്പോൾ പൊതുയോഗങ്ങളിലെ ബി.ജെ.പി.-ക്കാരുടെ പ്രസംഗമെന്താണ്? ശ്രീ. കെ. സുരേന്ദ്രനെ

കുറ്റവിമുക്തനാക്കി, സുരേന്ദ്രൻ ഒരു തെറ്റും ചെയ്തിട്ടില്ല. അതുസംബന്ധിച്ച ജഡ്ജ്മെന്റാണ് എന്റെ കൈയിലിരിക്കുന്നത്. പിണറായി വിജയൻ സർക്കാരിന്റെ, ഈ ആഭ്യന്തര വകുപ്പിന്റെ ഔദാര്യത്തിലാണ് ശ്രീ. കെ. സുരേന്ദ്രൻ കുറ്റവിമുക്തനായത്. ബി.ജെ.പി.-യുടെ, ആർ.എസ്.എസ്.-ന്റെ ഈ ചെയിൻ ഓഫ് ഈവന്റ്സ് എന്തിനുവേണ്ടിയാണ്? നിരവധി സഖാക്കന്മാരെ വെട്ടിക്കൊന്ന ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും കീഴിൽ അടിയറവ് വച്ച് ഈ പാർട്ടിയുടെ എല്ലാ ഇച്ഛാശക്തിയും ചോർത്തിക്കളഞ്ഞത് ഒരു കുടുംബത്തെ രക്ഷിക്കാൻ വേണ്ടിയാണ്. എസ്.എഫ്.ഐ.ഒ. അന്വേഷണം പുറത്തുവരാൻ പോകുന്നില്ല. എട്ട് മാസം കഴിഞ്ഞില്ലേ, നിങ്ങളാരും എന്താണത് അന്വേഷിക്കാതിരുന്നത്? എന്തുകൊണ്ടാണ് ഇതിനെതിരെ നടപടി സ്വീകരിക്കാത്തത്? മൂന്ന് ഹൈക്കോടതികൾ തള്ളിക്കളഞ്ഞിട്ടും കേന്ദ്ര സർക്കാർ... ഞാൻ ചോദിക്കട്ടെ, ഡൽഹി ഭരിച്ചിരുന്ന ശ്രീ. അരവിന്ദ് കേജ്രിവാൾ എന്ന മുഖ്യമന്ത്രിയെ ജയിലിലടച്ച ബി.ജെ.പി. സർക്കാരിന്.... എക്സാലോജിക്കുമായി ബന്ധപ്പെട്ട കേസിന് പ്രളയം പോലെ ചുറ്റും

തെളിവുകളുണ്ടായിട്ടും കേന്ദ്രസർക്കാർ ഒരടി മുന്നോട്ട് പോകാത്തതെന്തുകൊണ്ടാണ്?

മി. സ്പീക്കർ: യെസ്, കൺക്ലൂഡ്...

ഡോ. മാത്യു കുഴൽനാടൻ: സർ, അതാണ് ഇതെല്ലാം കാണിക്കുന്നത്, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഈ circumstantial evidence നിലവിലുള്ളപ്പോൾ കേരളത്തിന്റെ പൊതുസമൂഹത്തിന്...... (മൈക്ക് ഓഫ്).

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ ആർ.എസ്.എസ്.-നെ സംബന്ധിച്ച് വലിയ ചർച്ചകൾ നടക്കുകയാണ്. ഉപക്ഷേപാവതാരകനും തുടർന്ന് സംസാരിച്ചവരുമെല്ലാം അത് സൂചിപ്പിക്കുകയുണ്ടായി. ആർ.എസ്.എസ്.-ന്റെ രൂപീകരണം മുതൽതന്നെ അവരുടെ ലക്ഷ്യമെന്താണെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ച് കഴിഞ്ഞിട്ടുള്ളതാണ്. മത ന്യൂനപക്ഷങ്ങൾക്കും കമ്മ്യൂണിസ്റ്റുകാർക്കുമെതിരായിട്ടാണ് അതിന്റെ നിലപാടെന്നും ഹിന്ദുരാഷ്ട്രവാദത്തിൽ അധിഷ്ഠിതമാണ് ആ സംഘടനയുടെ നിലനില്പെന്നും അവർ പ്രഖ്യാപിച്ച് കഴിഞ്ഞതാണ്. അങ്ങനെയൊരു സംഘടനയുമായി ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ കമ്മ്യൂണിസ്റ്റുകാർക്ക് അല്ലെങ്കിൽ

ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന് ബന്ധമുണ്ടെന്ന് പറയുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഒരു കാര്യം ഇവിടെ വ്യക്തമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, ആർ.എസ്.എസ്.-ന്റെ അപകടകരമായ പ്രവർത്തനത്തെയും അവർ ഈ രാജ്യത്ത് ഉയർത്തിവിടുന്ന വിഷലിപ്തമായ പ്രചരണങ്ങളെയും അതിനെ ശക്തമായി ചെറുക്കേണ്ടതിന്റെ ആവശ്യകതയെയുംകുറിച്ച് ഈ രാജ്യത്തുടനീളം തങ്ങളുടെ കഴിവിനനുസരിച്ച് പ്രചരണം നടത്തി മുന്നോട്ടുപോകുന്ന പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. അത്തരമൊരു സാഹചര്യത്തിൽ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ കമ്മ്യൂണിസ്റ്റുകാർ ആർ.എസ്.എസ്.-മായി ബന്ധപ്പെടുന്ന ഏതൊരു പ്രവൃത്തിയെയും അംഗീകരിക്കാനോ ന്യായീകരിക്കാനോ കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഇത്തരമൊരു ആക്ഷേപമുന്നയിച്ച് മുന്നോട്ടുപോകുമ്പോൾ അതിന് വഴിവച്ച പ്രശ്നമിവിടെ സൂചിപ്പിച്ചു. അതിന്റെ കൂട്ടത്തിൽ മലപ്പുറവുമായി ബന്ധപ്പെട്ട വിഷയവും പറയുകയുണ്ടായി. ആർ.എസ്.എസ്.-ലെ ചില നേതാക്കന്മാരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ ഒരു ഉദ്യോഗസ്ഥൻ ചെന്നുകണ്ടുവെന്ന വിഷയമാണ് ഇതിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആ

കൂടിക്കാഴ്ചയെ, ആ സന്ദർശനത്തെ ന്യായീകരിക്കാൻ ആരും നിന്നിട്ടില്ല. അത് വളരെ ഗൗരവമേറിയ പ്രശ്നമാണെന്നും ആ പ്രശ്നത്തിലെ ദുരൂഹമായ ലക്ഷ്യങ്ങളെന്തെന്നതും സംബന്ധിച്ചുമൊക്കെ ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആരും സംരക്ഷിക്കാനല്ല ശ്രമിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥന്റെ നടപടിയിൽ സംശയം ഉന്നയിക്കുകയും അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് മാറ്റി നിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തുവെന്നത് വസ്തുതയാണ്. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിലാരും കയ്യടിക്കേണ്ട കാര്യമില്ല. അത് ഈ രാജ്യത്തെ എല്ലാവരുടെയും മുന്നിൽ ഏറെ തവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ഇപ്പോൾ തുടർന്ന് അതിന്റെ അന്വേഷണങ്ങളുമായി മുന്നോട്ടുപോകുകയാണ്. എന്താണ് നടപടി സ്വീകരിക്കാത്തതെന്നൊക്കെ ഇപ്പോൾ എല്ലാവരും ചോദിക്കുകയാണ്. ഇതിന്റെ എല്ലാ വിശദാംശങ്ങളും പുറത്ത് വന്നിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ഇനിയും ആവശ്യമായ അന്വേഷണങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിന് വ്യത്യസ്തങ്ങളായ തലങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും

അത്തരമൊരു സാഹചര്യത്തിൽ അതുസംബന്ധിച്ചുള്ള തീരുമാനമുണ്ടാകുമെന്നുള്ളതാണ് നമുക്ക് പ്രതീക്ഷിക്കാൻ കഴിയുന്നത്. പക്ഷേ, കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്.-മായി ബന്ധമുണ്ടെന്നും ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ നയിക്കുന്ന ഗവൺമെന്റിന്റെ തലവനായ മുഖ്യമന്ത്രി നേരിട്ട് അവരുമായി ബന്ധപ്പെടുന്നുവെന്നും പ്രചരിപ്പിക്കുന്നതിൽ ഒരു അടിസ്ഥാനവുമില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയൊരു നിലപാട് സ്വീകരിച്ചുകൊണ്ടല്ല ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ സംസ്ഥാനത്തെ ഏതെങ്കിലുമൊരു പ്രദേശത്തെ..., ഉപക്ഷേപാവതാരകൻ കൂട്ടത്തിൽ പറഞ്ഞൊരു വിഷയമായതിനാൽ ഞാൻ പറയുകയാണ്, അദ്ദേഹം സംസ്ഥാനത്തെ ഏതെങ്കിലുമൊരു പ്രദേശമെന്നുപറഞ്ഞാൽ മലപ്പുറത്തെ വല്ലാതെ ആക്ഷേപിച്ചുവെന്ന രീതിയിൽ പറയുകയുണ്ടായി. ഒരുപാട് കാര്യങ്ങൾ ഇവിടെ ശ്രീ. പി. നന്ദകുമാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. സംസ്ഥാനത്തെ ഏതെങ്കിലുമൊരു പ്രദേശത്തെയോ സമുദായത്തെയോ ആക്ഷേപിക്കാനോ മോശമായി ചിത്രീകരിക്കാനോ ഇടതുപക്ഷ ജനാധിപത്യ

മുന്നണി സർക്കാരോ അതിന്റെ തലവനായ മുഖ്യമന്ത്രിയോ ശ്രമിച്ചിട്ടില്ല. കേരളത്തിലെ വലിയ പോരാട്ടങ്ങളുടെ ചരിത്രമുള്ള നാടാണ് മലപ്പുറം. ധീരദേശാഭിമാനികളുടെ നാടാണ്. ഏറനാടൻ കലാപത്തിന്റെ കാര്യം നമുക്കറിയാം. ആ മലബാർ കലാപം സാമ്രാജ്യത്വത്തിനും ജന്മി നാട്ടുവാഴിത്വത്തിനുമെതിരായുള്ള സമരമായിരുന്നു. അങ്ങനെയൊരു നിലപാടാണത്, ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭാഗമാണെന്ന് ഉറക്കെ പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ് അത്തരമൊരു നിലപാട് അന്ന് ഉയർത്തിക്കൊണ്ടുവന്നത്. അങ്ങനെ ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരായി സാഹസികമായ പോരാട്ടം നടന്നിട്ടുള്ള മണ്ണിനെ ആക്ഷേപിക്കാനോ അവിടെ അധിവസിക്കുന്ന ജനങ്ങളെ അധിക്ഷേപിക്കാനോ യാതൊരു കാരണവശാലും കമ്മ്യൂണിസ്റ്റ് പാർട്ടിയോ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ അതിന്റെ ഗവൺമെന്റോ തയ്യാറാവില്ലെന്നത് ഉറപ്പാണ്. ആ ചരിത്രം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്ന സത്യം പ്രധാനമായി എടുത്തുപറഞ്ഞിട്ടുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. 1969-ലെ സഖാവ് ഇ.എം.എസ്.-ന്റെ ഭരണകാലഘട്ടത്ത് അന്നവിടെ അധിവസിച്ചിരുന്ന

ജനങ്ങളിൽ മഹാഭൂരിപക്ഷവും രാജ്യത്തെ ന്യൂനപക്ഷമായിരുന്നു. പക്ഷേ, അവിടത്തെ ഭൂരിപക്ഷ വിഭാഗങ്ങൾ മുസ്ലീം സമുദായത്തിൽപ്പെട്ടവർ തന്നെയായിരുന്നു. അങ്ങനെയൊരു പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഒരു ജില്ലാപദവി അനുവദിച്ചുകൊടുത്തതിനെതിരെയായി സമരം നടത്തിയ ജനസംഘത്തിന്റെയും കോൺഗ്രസ്സിന്റെയും പഴയ ചരിത്രത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാരണം, ഇതെല്ലാം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട കാര്യങ്ങളാണ്. അതാർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. അത്തരമൊരു സാഹചര്യത്തിൽ ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളെ കുറ്റപ്പെടുത്തുകയാണെന്നോ സാമുദായികമായി ഒരു മതവിഭാഗത്തിനെതിരായി പ്രചരണം നടത്തുകയാണെന്നോ പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ലെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന മുസ്ലീം സഹോദരങ്ങൾ അന്നും ഇന്നും അവിടെ ഭൂരിപക്ഷമാണ്. അതുകൊണ്ട് അവിടെ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും ഉത്തരവാദി ആ ജനവിഭാഗങ്ങളാണ്/ മതവിഭാഗങ്ങളാണെന്ന് ഒരിക്കലും പറയാൻ കഴിയില്ല. അതുപറഞ്ഞിട്ടുമില്ല,

അങ്ങനെ ആക്ഷേപിക്കുന്നത് ശരിയുമല്ല. അന്നത്തെ ജില്ലാപ്രക്ഷോഭങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ നയിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ന്യൂനപക്ഷത്തിനെതിരായി സംസാരിക്കുന്നുവെന്ന് ആക്ഷേപിക്കുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. കരിപ്പൂർ വിമാനത്താവളം സ്ഥിതി ചെയ്യുന്നത് മലപ്പുറം ജില്ലയില്ലാണ്, അത് ശരിയാണ്. അവിടെ വിമാനമിറങ്ങുന്ന കള്ളക്കടത്തുകാരോ ഹവാല പണമിടപാടുകാരോ എല്ലാം മലപ്പുറത്തുകാരാണെന്ന് പറയാൻ ആർക്കും കഴിയില്ല. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവർ കാണും. അങ്ങനെയൊരു സാഹചര്യത്തിൽ, അത്തരം പ്രവർത്തനങ്ങൾക്കായി അവിടെ വന്നിറങ്ങി പോകുന്നവർ അല്ലെങ്കിൽ കരിപ്പൂർ വിമാനത്താവളത്തിൽ നടക്കുന്ന ഇടപാടുകളെ സംബന്ധിച്ച് സൂചിപ്പിച്ചാൽ അതെല്ലാം ആ നാട്ടുകാർക്കാണെന്നരീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നതിന് യാതൊരു അർത്ഥവുമില്ല. അങ്ങനെയൊരു നിലപാടും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരം

പണം ഉപയോഗിച്ചുകൊണ്ട് അവരൊക്കെ നടത്തുന്ന പ്രവർത്തനങ്ങൾ രാജ്യദ്രോഹ പ്രവർത്തനമല്ലെന്ന് പറയാൻ കഴിയുമോ; കള്ളക്കടത്തിന്റെ/ഹവാല പണമിടപാടുകളുടെ ഭാഗമായി കൊണ്ടുവരുന്ന കണക്കില്ലാത്ത പണം രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കടക്കം ഉപയോഗിക്കുന്നുവെന്ന് പറഞ്ഞാൽ അതിനെ ആരെങ്കിലും നിഷേധിക്കുമോ; ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ; കണക്കില്ലാത്ത പണം കൈയിലെത്തുകയും ആ പണം ഉപയോഗിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയും തങ്ങൾക്ക് ഇഷ്ടപ്പെട്ട രീതിയിൽ പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ തീർച്ചയായും അത് രാജ്യദ്രോഹപ്രവർത്തനമുൾപ്പെടെ ആകാനുള്ള സാധ്യത ചൂണ്ടിക്കാണിച്ചാൽ അതാരെയും കുറ്റപ്പെടുത്തുന്നതിൽ കാര്യമില്ല. ഓരോ പ്രദേശത്തും അധിവസിക്കുന്ന ഭൂരിപക്ഷത്തിനെതിരായ പ്രചരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ നടത്തി അത് രാഷ്ട്രീയമായി മാറ്റിയെടുക്കാൻ ശ്രമിക്കുന്നത് ഒരുകാരണവശാലും ഗുണമുള്ള കാര്യമല്ല. ഇവിടെ ആർ.എസ്.എസ്.-ബി.ജെ.പി. പോലുള്ള പ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്ത്

ഇപ്പോൾ ആഗ്രഹിക്കുന്നത് ഇവിടെ തികച്ചും ജാതീയമായും സാമുദായികമായും ആളുകളുടെ ചേരിതിരിവുണ്ടാക്കുകയും അതിന്റെ ഭാഗമായി പുതിയൊരു അവസ്ഥ സൃഷ്ടിച്ചെടുക്കുകയും ചെയ്യണമെന്നുള്ളതാണ്. കേന്ദ്രഭരണകർത്താക്കളുടെ സമീപനങ്ങളും നയങ്ങളും സംഘ്പരിവാർ ശക്തികളുടെ ശ്രമങ്ങളും അതിനുവേണ്ടിയാണെന്ന് നമുക്കറിയാം. യാതൊരു കാരണവശാലും കേരളത്തിൽ നിലനിൽക്കുന്ന മതനിരപേക്ഷ സമൂഹത്തിന്റെ ഇന്നത്തെ ഐക്യത്തിനും യോജിച്ച പ്രവർത്തനത്തിനും മുന്നോട്ടുള്ള യാത്രയ്ക്കും യാതൊരു തടസ്സവും വരുത്താത്ത വിധത്തിലായിരിക്കണം കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും മനോഭാവമെന്നതാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതല്ലാതെ ഒരു മതവിഭാഗത്തെ അധിക്ഷേപിക്കുകയും ഇകഴ്ത്തിക്കാണിക്കുകയും ചെയ്തുകൊണ്ട് അതിന് ഭരണകൂടമാണ് ഉത്തരവാദിത്വമെന്നും കേരളത്തിലെ ഗവൺമെന്റ് അതിനാണ് നേതൃത്വം നൽകുന്നതെന്നും പ്രചരിപ്പിക്കുന്നത് അപകടകരമായിരിക്കുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മറ്റ് ചിലരുടെ കൈയിലേക്ക് നമ്മുടെ ഈ പ്രദേശത്തെയും കേരളത്തെയും തള്ളിവിടുന്നതിന്

ഇടവരുത്തുന്ന, അവരുടെ വികാരങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്ന വിധത്തിലുള്ള പ്രചരണം യാതൊരു കാരണവശാലും മതന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഗത്തുനിന്നില്ലാതിരിക്കണമെന്നതാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയങ്ങൾക്കും സമീപനത്തിനുമെതിരായ നിലപാട് ഏത് ഉദ്യോഗസ്ഥൻ സ്വീകരിച്ചാലും അത്തരം നിലപാടുകൾക്കെതിരെ കർക്കശ നടപടിയുമായി മുന്നോട്ടുപോകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണമെന്റിന് കഴിയും, കഴിയണം. അതിനുവേണ്ടിയുള്ള നിലപാടുകളാണ് ഇക്കാലമാത്രയും ഇവിടത്തെ ഇടതുപക്ഷ മുന്നണി പ്രസ്ഥാനവും ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടിയും മുന്നണിക്കകത്ത് ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോൾ അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിജയമായല്ല; ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ ആകെ ശക്തമായ മുന്നേറ്റമായും മതനിരപേക്ഷ ശക്തികളുടെ വിജയമായും മാത്രമെ കാണാൻ കഴിയുകയുള്ളൂ. അത്തരമൊരു നിലപാടായിരിക്കണം നമ്മുടെ

നാട്ടിലെ എല്ലാവിഭാഗം ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാനത്ത് ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. തുടർച്ചയായി ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തുന്നത് സംബന്ധിച്ച അന്വേഷണം പരിപൂർണ്ണമായി പ്രഹസനമാക്കുന്നുവെന്നതാണ് ഇന്ന് കേരളം ചർച്ച ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന്. ഈ എ.ഡി.ജി.പി. പലപ്രാവശ്യം ആർ.എസ്.എസ്. നേതാക്കളെ കാണുകയും മണിക്കൂറുകൾ അവരുമായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് സ്പെഷ്യൽ ബ്രാഞ്ചിന്റെയും ഇന്റലിജൻസിന്റെയും റിപ്പോർട്ടുകൾ ലഭിച്ചിട്ടും യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ലായെന്നുള്ളതാണ്. കഴിഞ്ഞ സെപ്റ്റംബറിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം ഉന്നയിച്ചതിനുശേഷവും ഇത് വലിയ രീതിയിൽ വിവാദമായതിനുശേഷവും അതായത് ഏകദേശം ഒരു വർഷം പിന്നിട്ടതിനുശേഷം മാത്രമാണ് ഡി.ജി.പി. ഇദ്ദേഹത്തെ വിളിച്ച് മൊഴിയെടുത്ത് റിപ്പോർട്ട് ശേഖരിക്കുന്നത്. എന്നാൽ ഡി.ജി.പി. എടുത്ത

റിപ്പോർട്ടിൽപ്പോലും വെള്ളം ചേർത്തുകൊണ്ട് എ.ഡി.ജി.പി.-ക്കെതിരെ കാര്യമായ നിലയിലുള്ള ഒരു നടപടിയുമുണ്ടാകുന്നില്ലെന്നുള്ളതാണ്. ഇപ്പോൾ ഇവർ വീമ്പിളക്കുന്നത്; 06-10-2024-ന് നിയമസഭ സമ്മേളിക്കുന്നതിന് തലേന്നിറങ്ങിയ ഈ ഓർഡർ യഥാർത്ഥത്തിൽ ശ്രീ. എം. ആർ. അജിത് കുമാറിന് നൽകിയ ഒരു ആനുകൂല്യമാണ്. ലോ ആൻഡ് ഓർഡറിൽനിന്ന് കുറച്ചുകൂടി സൗകര്യപ്രദമായ മറ്റൊരു മേഖലയിലേക്ക് ഒരു ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് മാത്രമാണ് ആ ജി.ഒ.-യിൽ കാണാനുള്ളത്. അത് ഏതുരീതിയിൽ വേണമെങ്കിലും വ്യാഖ്യാനിക്കാം. ആർ.എസ്.എസ്. നേതാവുമായി കൂടിക്കാഴ്ച നടത്തിയ എ.ഡി.ജി.പി.-ക്കെതിരെ ഞങ്ങൾ നടപടിയെടുത്തുവെന്ന് നിങ്ങൾക്ക് നിങ്ങളുടെ പ്രവർത്തകരോട് പറയാം. നിങ്ങളുടെ പ്രവർത്തകർപോലും അത് വിശ്വസിക്കില്ല; അവർ അത് മുഖവിലയ്ക്കെടുക്കില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. എം. ആർ. അജിത് കുമാറിന് സൗകര്യപ്രദമായ ഒരു പോസ്റ്റിംഗ് ലഭിച്ചുവെന്നതാണ് യാഥാർത്ഥ്യമായിരിക്കുന്നത്. അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ നിങ്ങൾ ഭയക്കുന്നത് എന്തുകൊണ്ടാണ്; അദ്ദേഹത്തിന്റെ സർവീസിനെ ബാധിക്കുന്ന

സസ്പെൻഷനോ മറ്റ് ശക്തമായ അച്ചടക്ക നടപടിയോ സ്വീകരിക്കാൻ നിങ്ങൾ മടിക്കുന്നത് എന്തുകൊണ്ടാണ്? അവിടെയാണ് സി.പി.ഐ.(എം)-ആർ.എസ്.എസ്. ബന്ധത്തെ സംബന്ധിച്ചുള്ള ആരോപണവും ആക്ഷേപവും കൂടുതൽ ശക്തമായി മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി 'ദി ഹിന്ദു' പത്രത്തിൽ നൽകിയ ഒരഭിമുഖവുമായി ബന്ധപ്പെട്ട് വിവാദങ്ങളുയർന്നു. അത് അദ്ദേഹത്തിന്റെ വാക്കുകളല്ലെന്ന് അദ്ദേഹത്തിന്റെ ഓഫീസിലുള്ളവർ ഉൾപ്പെടെ പറയുകയാണ്. പി. ആർ. ഏജൻസിയാണ് നടത്തിയിട്ടുള്ളതെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഈ വിഷയം അതീവഗൗരവത്തോടുകൂടി പരിഗണിക്കണം. അത് ഈ സർക്കാരിന്റെ മുഖംതന്നെ വികൃതമാക്കിയിരിക്കുകയാണ്. (മൈക്ക് ഓഫ്).

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, കേരളത്തിലെ മതനിരപേക്ഷ ജനാധിപത്യ കാഴ്ചപ്പാടുള്ള, മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ സർക്കാരിനെയും അതിന്റെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയനെയും ബോധപൂർവ്വം ആക്ഷേപിക്കാനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമായാണ്

യു.ഡി.എഫ്. ഈ ഉപക്ഷേപം കൊണ്ടുവന്നത്. കേരളീയ സമൂഹം ഇതങ്ങേയറ്റം അവജ്ഞയോടെ തള്ളിക്കളയും. നേരത്തെ ഈ കേരളത്തിന് ഭരണപരമായ അനുഭവമുണ്ടല്ലോ; ഡി.ജി.പി.-യായിരുന്ന ശ്രീ. ടി. പി. സെൻകുമാറിനെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആ സ്ഥാനത്തുനിന്നുമാറ്റി. അന്ന് നിയമസഭയിൽ പ്രതിപക്ഷം വലിയ കോലാഹലമുണ്ടാക്കിയിട്ടുണ്ട്. അന്ന് മുഖ്യമന്ത്രി കസേരയിൽ ഇരുന്നുകൊണ്ട് ഇന്നത്തെ മുഖ്യമന്ത്രിയായ സഖാവ് ശ്രീ. പിണറായി വിജയൻ പറഞ്ഞൊരു വാചകമുണ്ട്, 'ടി. പി. സെൻകുമാർ നിങ്ങളുടെ കൂടെയല്ല കേട്ടോ; ആർ.എസ്.എസ്.-ന്റെ കൂടെയാണ്' എന്നാണ്. ശ്രീ. ടി. പി. സെൻകുമാറിനുവേണ്ടി സുപ്രീംകോടതിയിൽപ്പോയി വാദിച്ചു, നിലവിലുള്ള സർവീസ് ചട്ടങ്ങൾ അനുസരിച്ച് അദ്ദേഹം അതേ ഡി.ജി.പി. സ്ഥാനത്തേയ്ക്ക് തിരിച്ചെത്തുകയും ചെയ്തു. നിയമപരമായി പ്രവർത്തിക്കുന്ന ഒരു സർക്കാരിന് രാജ്യത്ത് നിലനിൽക്കുന്ന ഭരണഘടനാപ്രകാരം നിയമാനുസൃതമായി മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ പൊതുസമൂഹത്തിന് ഇതറിയാം. ആവേശംകൊണ്ടോ ഉയർന്നുവരുന്ന ഏതെങ്കിലും ആക്ഷേപങ്ങൾകൊണ്ടോ ഒരാൾക്കെതിരെ

സ്വീകരിക്കുന്ന നടപടി നിലനിൽക്കുന്നില്ലെന്നുള്ളത് സർവീസ് ചട്ടങ്ങളനുസരിച്ച് ശരിയായിട്ടുള്ള കാര്യമാണ്. ഇവിടെ ഉയർന്നുവന്ന പരാതികളെയും ആക്ഷേപങ്ങളെയും പരിശോധിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. നിയമം നിലനിൽക്കുന്ന ഒരു രാജ്യത്ത് ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ അത്; അല്ലെന്നുപറയാൻ പ്രഗൽഭരും പ്രതിഭാശാലികളുമായ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾക്ക് കഴിയുമോ? ഈ ഗവൺമെന്റ് എന്തുചെയ്തുവെന്നാണ്; ഏത് പോലീസുകാരനെ സംരക്ഷിച്ചുവെന്നാണ് പറയുന്നത്; തെറ്റായി ആരെ സംരക്ഷിക്കാനാണ് ഈ ഗവൺമെന്റ് പുറപ്പെട്ടത്? എല്ലാ വസ്തുതകളും അന്വേഷിക്കുമെന്നാണ് മുഖ്യമന്ത്രി കേരള സമൂഹത്തോട് പറഞ്ഞത്. ആർ.എസ്.എസ്. നേതാക്കന്മാരുമായി കൂടിക്കാഴ്ച നടത്തിയതും തൃശ്ശൂർപൂരവുമായി ബന്ധപ്പെട്ട ആക്ഷേങ്ങളും ഉയർന്നുവന്നു. ആ ആക്ഷേപത്തിന്റെ വസ്തുതകൾ പരിശോധിക്കാൻ ഈ സർക്കാർ തയ്യാറാണ്. ഒരു മാസത്തെ സമയത്തിനുള്ളിൽ സംസ്ഥാനത്തെ പോലീസ് മേധാവി തന്നെ ഇതന്വേഷിച്ച് പ്രാഥമിക റിപ്പോർട്ട് നൽകിയതിന്റെ തൊട്ടടുത്ത ദിവസം ഏത്

പോലീസുകാരനാണെന്ന് നോക്കാതെ പിണറായി വിജയൻ സർക്കാർ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് മാറ്റി. അങ്ങനെയല്ലാതെ മറ്റെന്ത് ചെയ്യാനാണ് പറയുന്നത്? ഗവൺമെന്റ് three tier enquiry പ്രഖ്യാപിച്ചു. പൂരം സംബന്ധിച്ചും അത് കലക്കിയെന്നുമുള്ള ആക്ഷേപങ്ങൾ വന്നു. ആരാധനാലയങ്ങളെ കേന്ദ്രീകരിച്ച് വിശ്വാസികളെ സമർത്ഥമായി വർഗ്ഗീയതയിലേയ്ക്ക് കടത്തിവിടാൻ ഇന്ത്യയിൽ സംഘ്പരിവാറിന് വലിയ പ്ലാനും പദ്ധതിയുമുണ്ട്. ആ പദ്ധതി അവർ നടപ്പാക്കിയെന്നാണ് ഉയർന്നുവന്ന മറ്റൊരു ആക്ഷേപം. ശ്രീ. സുരേഷ് ഗോപി ആംബുലൻസിൽ അവിടേയ്ക്ക് വന്നതിന്റെ ഭാഗമായി അവിടെ ചില പ്രശ്നങ്ങളുണ്ടാകുന്നു. അത് സംശയകരമാണെന്ന കേരളീയ പൊതുസമൂഹത്തിന്റെ നിലപാടിനോട് ചേർന്നുകൊണ്ടാണ് ഗവൺമെന്റ് three tier enquiry പ്രഖ്യാപിച്ചത്. അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സംഘ്പരിവാറിനോട് ഏതെങ്കിലുമൊരു അർത്ഥത്തിൽ സന്ധിചെയ്യുന്ന പാരമ്പര്യം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനില്ലെന്ന് മലയാളികൾക്കെല്ലാം അറിയാവുന്നതാണ്. ആരാണിതുണ്ടാക്കിയത്? ഞാൻ വിശദാംശങ്ങളിലേയ്ക്ക്

പോകുന്നില്ല. ചരിത്രം പറയുമ്പോൾ നിങ്ങൾക്ക് വല്ലാതെ പൊള്ളുന്ന കാര്യമെന്താണ്? ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഒരുദിവസംപോലും ജയിലിൽ കിടക്കുകയോ പ്രക്ഷോഭത്തിന്റെ ഭാഗമാകുകയോ ചെയ്യാതിരുന്ന ഡോ. ശ്യാമപ്രസാദ് മുഖർജി ഇന്ത്യയിലെ ആദ്യത്തെ നെഹ്റു മന്ത്രിസഭയിൽ വന്നതുമുതൽ ഇന്ത്യയിലെ കോൺഗ്രസ്സ്-സംഘ്പരിവാരിന്റെ ബന്ധം ആരംഭിച്ചു. ബാബറി മസ്ജിദിന്റെ മിനാരങ്ങൾ തകർത്ത് തരിപ്പണമാക്കുമ്പോൾ പതിനാല് ഭാഷ അറിയാവുന്ന പണ്ഡിതനായ പി. വി. നരസിംഹ റാവുവിന്റെ വായിൽനിന്ന് ഒരു ഭാഷയും പുറത്തേയ്ക്ക് വന്നില്ല. തകർന്നടിഞ്ഞത് ഇന്ത്യയിലെ മതനിരപേക്ഷ ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തലമാണ്. ബാബറി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ രൂപപ്പെട്ട കാര്യമെന്താണ്; ബി.ജെ.പി.-ക്കുണ്ടായ വളർച്ചയെന്താണ്? ആ വളർച്ച നിങ്ങൾ കാണുന്നില്ല. നേരത്തെ ഇവിടെ ശ്രീ. പി. നന്ദകുമാർ പറഞ്ഞു, 1960-ലെ പട്ടാമ്പി ഇലക്ഷനോടനുബന്ധിച്ച് ദീൻ ദയാൽ ഉപാധ്യായയും അന്നത്തെ കോൺഗ്രസ്സ് നേതാക്കന്മാരും വന്ന് പ്രസംഗിച്ചു. അന്ന് മതനിരപേക്ഷ ജനാധിപത്യ മുന്നണിയുടെ

സ്ഥാനാർത്ഥിയായിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് 732 വോട്ടിന് അവിടെ വിജയിച്ചു. ഇപ്പോൾ തൃശ്ശൂർപൂരം വിഷയമുണ്ടാക്കി ഞങ്ങൾ വോട്ടുമറിച്ചു എന്നാണ് നിങ്ങൾ പറയുന്നത്. കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ നിങ്ങൾക്ക് ലഭിച്ച വോട്ടിൽ 86966 എണ്ണം ഇപ്പോൾ കുറഞ്ഞു. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 16916 വോട്ട് വർദ്ധിക്കുകയാണുണ്ടായത്. എൺപതിനായിരത്തിലേറെ വോട്ട് കുറഞ്ഞ നിങ്ങൾ ഞങ്ങളോട് പറയുകയാണ് തൃശ്ശൂർ പൂരം കലക്കിയെന്ന്. ശ്രീ. സുരേഷ് ഗോപിയെ നിങ്ങളാണ് അവിടെ ജയിപ്പിച്ചത്. ആ പാരമ്പര്യം ഞങ്ങളുടെ തലയിൽ ഇടേണ്ട. സ്വദേശി ജാഗരൺ മഞ്ചിന്റെ സംസ്ഥാന കൺവീനറായ ശ്രീ. രഞ്ജിത് കാർത്തികേയൻ കേരളത്തിൽ കിഫ്ബിക്കെതിരായി കേസുമായി പോയപ്പോൾ അതിന് വക്കാലത്ത് പോയ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടൻ ആ വക്കാലത്തുമായി ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ വരേണ്ട; നിങ്ങളാണ് പോയി വാദിച്ചത്. എന്തെല്ലാം അനുഭവങ്ങൾ ഈ കേരളത്തിലുണ്ട്. മലപ്പുറം എന്നാൽ ഏതെങ്കിലും ഒരാളുടേതല്ല. മലപ്പുറം ഈ നാടിന്റേതാണ്, ബഹുസ്വരതയുടെ

നാടാണ്. ഏതെങ്കിലും ഒരു എയർപോർട്ടുമായി ബന്ധപ്പെട്ട് ഒരു കേസ്സിന്റെ കണക്ക് മുഖ്യമന്ത്രി പറഞ്ഞാൽ ഉടൻ സംഘ്പരിവാറിന്റെ ആളാണ് മുഖ്യമന്ത്രി എന്നാണ് നിങ്ങൾ പ്രധാനമായി പറയുന്നത്. മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങൾ ദേശീയ സുരക്ഷയ്ക്ക് അപകടമാണെന്ന് വിചാരധാരയിലെഴുതി വച്ചത് എം. എസ്. ഗോൾവാൽക്കർ ആണ്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, അങ്ങയെപ്പോലൊരാൾ അങ്ങനെയൊരു കമന്റ് എടുത്തിട്ട് കേരളത്തിലെ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും ആക്ഷേപിക്കാൻ ഒരുങ്ങുന്നത് അങ്ങേയറ്റം അപകടകരവും പരിഹാസകരവുമായിട്ടുള്ളൊരു നിലപാടാണെന്ന് ഇന്ത്യൻ മുസ്ലീം ലീഗ് ഓർക്കണം. ഇവിടൊരുഘട്ടത്തിലും അങ്ങനെയൊരു നിലപാട് നമ്മൾ സ്വീകരിച്ചിട്ടില്ല. തലശ്ശേരി കലാപം സംബന്ധിച്ച ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു ഭാഗം ഞാനിവിടെ വായിക്കാം. “ It is not disputed that none of the leaders of the Marxist Party took part in these disturbances. It is also in evidence that Marxist workers went in a car with party flag on the 29th evening and advised people to stop the rioting.” ഈ പതാക പിടിച്ചുകൊണ്ടുപോയ ആളാണ്

ആ മുഖ്യമന്ത്രി കസേരയിലിരിക്കുന്ന സഖാവ് പിണറായി വിജയൻ. അതിന് നേതൃത്വം നൽകിയ ആളാണ് ശ്രീ. പിണറായി വിജയൻ. നിങ്ങൾ ആരെയാണ് ആക്ഷേപിക്കാൻ ശ്രമിക്കുന്നത്? ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ കൺക്ലൂഷന്റെ ഭാഗമാണ് ഞാനിവിടെ വായിച്ചത്. കേരളത്തിലെ മുഖ്യമന്ത്രിയെ ആക്ഷേപിച്ച് അപമാനിച്ച് ഈ ഗവൺമെന്റിനെ കേരളത്തിലെ തുടർഭരണത്തിൽനിന്നും മാറ്റാനുള്ള നിങ്ങളുടെ തന്ത്രം നമുക്ക് നന്നായിട്ടറിയാം. ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ തണലിലാണോ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും സി.പി.ഐ.-ഉം എൽ.ഡി.എഫ്.-ഉം കേരളത്തിൽ വളർന്നത്. കയ്യൂർ, കരിവെള്ളൂർ, പുന്നപ്ര-വയലാർ, ഒഞ്ചിയം, കൂത്തുപറമ്പ് തുടങ്ങിയ സമരങ്ങളുണ്ട്. ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് നടത്തിയിട്ടുള്ള അനവധി പോരാട്ട സമരങ്ങളുടെ മുന്നിൽ സ്വന്തം നെഞ്ചിനുനേരെ വരുന്ന വെടിയുണ്ടപോലും ഏറ്റുവാങ്ങി ഈ നാട്ടിലെ പ്രശ്നങ്ങൾ ഏറ്റെടുത്ത പ്രക്ഷോഭങ്ങളുടെ സമരങ്ങളുടെ ഭാഗമായ ഒരു പാർട്ടിയും നേതാവുമാണ് സഖാവ് പിണറായി വിജയൻ. അദ്ദേഹത്തെ ഇല്ലാതാക്കി സി.പി.ഐ.(എം.)-നെ

തകർക്കാമെന്ന നിങ്ങളുടെ ഗൂഢപദ്ധതിയില്ലേ; കേരളത്തിലെ ജനങ്ങൾ ഞങ്ങളെ എട്ടുനിലയിൽ പൊട്ടിക്കുമെന്ന് നിങ്ങൾ വിചാരിക്കേണ്ട. നിങ്ങൾ എന്താ ഉദ്ദേശിക്കുന്നത്? കേരളത്തിലെ യു.ഡി.എഫ്. പരിധിവിട്ട് പോകുകയാണ്. അങ്ങേയറ്റം അപകടകരമായ നിലയിലാണ് നിങ്ങൾ കാര്യങ്ങൾ ചെയ്യുന്നത്. ഒരു ഉദ്യോഗസ്ഥന്റെയും സഹായത്തിൽ വളർന്ന പാർട്ടിയല്ല സി.പി.ഐ.(എം.) ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ദയാവായ്പിലുണ്ടായ പാർട്ടിയുമല്ല. ഞങ്ങൾ വസ്തുതകൾ പരിശോധിച്ച് ശരിയായ നിലപാടുകൾ സ്വീകരിക്കും. ഈ ഗവൺമെന്റ് അത് തെളിയിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന് കൃത്യമായി ബോധ്യപ്പെട്ടിട്ടുണ്ട്; എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട്. Three tier enquiry റിപ്പോർട്ട് വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. അത് ഏത് ഓഫീസറിനെതിരെയായാലും സ്വീകരിക്കും. എൽ.ഡി.എഫ്.-ന് ഒരു പോലീസ് നയമുണ്ട്, നിലപാടുണ്ട്. ആ നിലപാടിനനുസരിച്ചാണ് എൽ.ഡി.എഫ്. ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അത് അട്ടിമറിക്കാൻ ഏതൊരാളെയും അനുവദിക്കുന്ന പ്രശ്നമില്ല. മാഫിയകളുടെ ഫണ്ടും വാങ്ങി, ' 24 ചാനൽ' പുറത്തുവിട്ട ഒരു വാചകമുണ്ട്. അവിടെ ഹവാല

മാഫിയയുടെ ഫണ്ടും വാങ്ങി ചിലർ ചില മുദ്രാവാക്യങ്ങൾ ഏറ്റെടുത്തുവന്നാൽ അതിനുമുന്നിലൊന്നും സറണ്ടർ ചെയ്യാൻ ഞങ്ങൾ തയ്യാറല്ലെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീമതി. കെ. കെ. രമ: സർ, ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം.)-ഉം തമ്മിലുള്ള രഹസ്യബാന്ധവത്തിന്റെ ഇടനിലക്കാരനാണ് എ.ഡി.ജി.പി.. എന്തിനാണ് ആർ.എസ്.എസ്. നേതാവിനെ എ.ഡി.ജി.പി. സന്ദർശിച്ചത്; എന്തായിരുന്നു ആ സന്ദർശനത്തിന്റെ ഉദ്ദേശ്യം; എന്താണ് അവിടെ ചർച്ച നടത്തിയത്; ഇതിനൊരു വിശദീകരണം കേരളത്തിലെ മുഖ്യമന്ത്രി ചോദിച്ചിട്ടുണ്ടോ? ഇതുസംബന്ധിച്ച് ഇന്റലിജൻസിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയുമൊക്കെ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടാകില്ലേ; അതുസംബന്ധിച്ച് എന്ത് അന്വേഷണമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്? എ.ഡി.ജി.പി.-ക്കെതിരെ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചത് കാപട്യമാണ്. കേരളത്തിലെ പ്രതിപക്ഷ നേതാവ് പറയുമ്പോൾ മാത്രമാണോ അന്വേഷണം പ്രഖ്യാപിക്കാൻ മുഖ്യമന്ത്രിക്ക് തോന്നിയത്? നടന്ന ചർച്ചയും അതിന്റെ രാഷ്ട്രീയവും എന്താണെന്നാണ്

കേരളത്തിനറിയേണ്ടത്. എന്താണ് ആർ.എസ്.എസ്. നേതാക്കളുമായി ഈ ഉദ്യോഗസ്ഥർക്കുള്ള ബന്ധം? എ.ഡി.ജി.പി. ഇതാദ്യമല്ല ദല്ലാൾ പണിയെടുക്കുന്നത്. സ്വപ്ന സുരേഷിന്റേതുമായി ബന്ധപ്പെട്ട സ്വർണ്ണക്കടത്ത് കേസ് വന്നപ്പോൾ ഷാജ് കിരൺ എന്ന വ്യക്തിയുമായി സംസാരിക്കാൻവേണ്ടി ഇടനിലക്കാരനായി ഉപയോഗിച്ചത് എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിനെയായിരുന്നു. അപ്പോൾ ആർ.എസ്.എസ്. ബന്ധത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സി.പി.ഐ.(എം.) എക്കാലത്തും ഉപയോഗിച്ചുവരുന്നത് ഉദ്യോഗസ്ഥരെയാണ്. ആ ഉദ്യോഗസ്ഥർക്കെതിരെ ഒരു നടപടി പ്രഖ്യാപിക്കുക എന്നതല്ല ഇപ്പോൾ ചെയ്യേണ്ടത്. കേരളത്തിലെ ആർ.എസ്.എസ്.-മായുള്ള ബന്ധത്തെ സംബന്ധിച്ച് പറയുമ്പോൾ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചരണ സമയത്ത് കേരളത്തിലെ മുഖ്യമന്ത്രി ആർ.എസ്.എസ്.-നെതിരെ ഒരക്ഷരം സംസാരിച്ചിട്ടുണ്ടോ? ഏതെങ്കിലും ഒരു പൊതുയോഗത്തിൽ പോയി ബി.ജെ.പി.-ക്കോ ആർ.എസ്.എസ്.-നെതിരെയോ സംസാരിക്കാൻ കേരളത്തിലെ മുഖ്യമന്ത്രി തയ്യാറായിട്ടുണ്ടോ? സി.പി.ഐ.(എം)-ന്റെ ഒരേ ഒരു മുഖ്യമന്ത്രിയാണ്

ശ്രീ. പിണറായി വിജയൻ. പക്ഷേ കേരളത്തിന് പുറത്തുപോയി ഏതെങ്കിലും ഒരു തിരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കാൻ കേരളത്തിലെ മുഖ്യമന്ത്രിക്ക് സാധിക്കാതെ പോയത് എന്തുകൊണ്ടാണ്. അത് തീർച്ചയായും ശ്രീ. നരേന്ദ്ര മോദിയെ, ആർ.എസ്.എസ്.-നെ പ്രീതിപ്പെടുത്താൻവേണ്ടിയാണ്. ആ സമയത്ത് കുടുംബവുമായി വിദേശയാത്ര നടത്തുകയാണ് കേരളത്തിലെ മുഖ്യമന്ത്രി ചെയ്തത്. ഇതൊക്കെ ആർ.എസ്.എസ്.-മായി സി.പി.ഐ.(എം.) നേതാക്കൾക്കുള്ള ബന്ധമാണ് സൂചിപ്പിക്കുന്നത്. ഇത് തുടർന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ബി.ജെ.പി.-ക്ക് ഒരു എം.പി. സൃഷ്ടിച്ചതിന് പ്രധാന കാരണം ഇവിടത്തെ സി.പി.ഐ.(എം.) ആണ്; എ.ഡി.ജി.പി.-യാണ്. ആ എ.ഡി.ജി.പി.-ക്കെതിരെയുള്ള നടപടിയാണ് ആവശ്യം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇന്നിവിടെ ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ശ്രീ. എൻ. ഷംസുദ്ദീൻ വളരെ നിഷ്കളങ്കനാണെന്ന് അദ്ദേഹത്തെക്കുറിച്ച് ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി രാവിലെ പറഞ്ഞു. ഇന്ന് അദ്ദേഹത്തിന്റെ

ഉപക്ഷേപാവതരണം കേട്ടപ്പോൾ എനിക്കും അതു നന്നായി ബോധ്യപ്പെട്ടു. ആർ.എസ്.എസ്. ബന്ധം ഈ ഗവൺമെന്റിനും എൽ.ഡി.എഫ്.-നുംമേൽ ചാർത്താൻ ശ്രമിക്കുമ്പോൾ അവർ ഉദ്ദേശിക്കുന്നത് എന്താണ്? ഉത്സവപ്പറമ്പിലെ പോക്കറ്റടിക്കാരന് ഒരു തന്ത്രമുണ്ട്. പിടിക്കപ്പെട്ടുമെന്നാകുമ്പോൾ മറ്റുള്ളവരുടെമേൽ വിരൽ ചൂണ്ടിയിട്ട് പോക്കറ്റടിക്കുന്നേ; പോക്കറ്റടിക്കുന്നേ എന്നു പറഞ്ഞ് ആളുകളുടെ ശ്രദ്ധ തിരിച്ചുവിടുന്ന ആ തന്ത്രമാണ് ഇവിടെ യു.ഡി.എഫ്. പ്രയോഗിച്ച് കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ഇടതുപക്ഷമാണ് ഏറ്റവും ശക്തമായി ആർ.എസ്.എസ്.-നെയും സംഘ്പരിവാറിനെയും എതിർക്കുന്നതെന്നുള്ളത് സാമാന്യ രീതിയിൽ നിഷ്പക്ഷമായി കാര്യങ്ങൾ വിലയിരുത്തുന്ന ആർക്കും ബോധ്യമാകുന്ന കാര്യമല്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ വളഞ്ഞിട്ടാക്രമിക്കാനാണ് ഇവർ ഏറ്റവുമധികം ശ്രമിക്കുന്നത്. ആർ.എസ്.എസ്. ഈ രാജ്യത്ത് ഒരു മുഖ്യമന്ത്രിയുടെ തലയ്ക്ക് വിലയിട്ടുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയന്റെ തലയ്ക്കുമാത്രമാണ്. ഓർക്കണം, ചങ്കുംവിരിച്ച് നിന്നുകൊണ്ട് സംഘ്പരിവാർ ശക്തികളെ

എതിർക്കുമ്പോൾ ആ ചങ്കൂറ്റത്തെ അഭിനന്ദിക്കുകയും അതിനോടൊപ്പം നിലപാട് സ്വീകരിക്കുകയും ചെയ്യേണ്ടതിനുപകരം ഇന്ത്യയിൽ ഉയർന്നുവരുന്ന ആർ.എസ്.എസ്. സംഘ്പരിവാർ വിരുദ്ധ രാഷ്ട്രീയത്തെ ദുർബലപ്പെടുത്താനാണ് യു.ഡി.എഫ്. ഇതിലൂടെ ശ്രമിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോ-ലീ-ബി (കോൺഗ്രസ്-ലീഗ്-ബി.ജെ.പി.) സഖ്യവും വടകര ബേപ്പൂറുമൊക്കെ ഇവിടെ പരാമർശിച്ചിട്ടുണ്ടായിരുന്നു. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. എന്റെ നാട്ടിലുള്ള ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1995-ലാണ് ആദ്യമായി ത്രിതല പഞ്ചായത്തുകൾ രാജ്യത്തും സംസ്ഥാനത്തുമുണ്ടാകുന്നത്. അന്ന് എന്റെ നാട്ടിലുള്ള ചിറക്കടവ് പഞ്ചായത്തിൽ കോൺഗ്രസും ബി.ജെ.പി.-യും പരസ്യമായി സഖ്യം ചേർന്ന് 12 സീറ്റുകളിൽ ആപ്പിൾ ചിഹ്നത്തിൽ മത്സരിച്ചിരുന്നു. 30 വർഷം മുമ്പ് കൈപ്പത്തിയും താമരയും ലയിച്ച് അന്നവിടെ ആപ്പിളുണ്ടായി. അതുപോലെ ഇന്ന് കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ 15 പഞ്ചായത്ത് മെമ്പർമാരാണുള്ളത്. ഏഴുപേർ എൽ.ഡി.എഫ്. ചേരിയിലും അഞ്ചുപേർ

ബി.ജെ.പി. താമര ചിഹ്നത്തിലും മൂന്നുപേർ യു.ഡി.എഫ്.-ലുമാണ് ജയിച്ചുവന്നത്. പ്രസ്തുത പഞ്ചായത്തിലെ പഞ്ചായത്ത് പ്രസിഡന്റ് യു.ഡി.എഫ്.-ന്റെ ജനപ്രതിനിധിയാണ്. ആരുടെ പിന്തുണയോടെയാണ്? അഞ്ച് താമര ചിഹ്നത്തിൽ ജയിച്ചുവന്ന ബി.ജെ.പി. അംഗങ്ങളുടെ പിന്തുണയോടെയാണത് സാധ്യമാക്കിയത്. ഈ രാഷ്ട്രീയം താഴെത്തട്ടുമുതൽ അഖിലേന്ത്യ തലത്തിൽവരെ കൊടുക്കൽ-വാങ്ങലുകൾ നടത്തുന്ന ആളുകൾ ആർ.എസ്.എസും. സംഘ്പരിവാറുമായി അവിശുദ്ധ ബന്ധമുണ്ടാക്കുന്നുവെന്ന് എൽ.ഡി.എഫ്.-നെതിരെ ആക്ഷേപിക്കുമ്പോൾ ആ തൊപ്പി ഞങ്ങൾക്കല്ല ഇണങ്ങുന്നത്; ആ തൊപ്പി നിങ്ങൾക്കാണ് ഇണങ്ങുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രിയപ്പെട്ടവരെ, നിങ്ങൾ ഒരു വിരൽ എൽ.ഡി.എഫ്.-നെതിരെ ചൂണ്ടുമ്പോൾ നാലു വിരലുകൾ നിങ്ങൾക്കെതിരെയാണ് ചൂണ്ടുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചെയ്യേണ്ടത് ഇത്തരം ചക്കളത്തിപ്പോരാട്ടങ്ങൾ നിർത്തി ഇടതുപക്ഷമുയർത്തുന്ന സംഘ്പരിവാർ വിരുദ്ധ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താൻ മുന്നോട്ടുവരണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ആർ.എസ്.എസ്. നേതാക്കളുമായി കേരളത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തുകയും നിരന്തരമായ ബന്ധത്തിലേക്ക് വരികയും ചെയ്യുന്നത് വളരെ ഗൗരവമേറിയ പ്രശ്നമായി ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ പ്രശ്നം കേരള ജനതയുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് പ്രതികരിച്ചപ്പോൾ മുതൽ യു.ഡി.എഫ്. എടുത്തിരിക്കുന്ന നിലപാട് ഭരണരംഗത്ത് സുതാര്യമായി സത്യസന്ധമായി ഭരണനിർവഹണത്തിൽ മുന്നോട്ടുപോകേണ്ട ഗവൺമെന്റ് ഗുരുതരമായ വീഴ്ചയിലേക്കും പാളിച്ചയിലേക്കും പോകുമ്പോൾ അതിൽ ശക്തമായ ഇടപെടലുകൾ നടത്തുകയെന്ന പ്രതിപക്ഷ ദൗത്യമേറ്റെടുത്തുകൊണ്ടാണ് ഈ വിഷയത്തിൽ പ്രതികരിച്ച് ആദ്യം മുതൽ യു.ഡി.എഫ്. നിൽക്കുന്നത്. അതിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളോട് എൽ.ഡി.എഫ്. എടുത്ത സമീപനമെന്താണ്? എ.ഡി.ജി.പി.-യുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് അടിയന്തര നടപടിയിലേക്ക് പോകാൻ ഗവൺമെന്റ് തയ്യാറായില്ലല്ലോ; അതിനുപകരം പരമാവധി സാവകാശം കൊടുത്തുകൊണ്ട് സംരക്ഷണം

കൊടുക്കുന്ന നിലപാട് ഗവൺമെന്റ് എടുക്കുന്നതാണ് കേരളം കാണുന്നത്. അതിനുശേഷം പിന്നീട് ഒരു തലോടലോട്ടുകൂടിയുള്ള ഒരു സ്ഥലംമാറ്റത്തിൽ ഈ പ്രശ്നം തീർത്താൽ, അങ്ങനെ തീരുന്നതാണോ ഈ പ്രശ്നം? ആർ.എസ്.എസ്.-സി.പി.ഐ.(എം) ബന്ധത്തിന്റെ കഥകൾ പുറത്തുവരുമ്പോൾ ഇവരുടെ പഴയകാല ചരിത്രത്തിൽ ആർക്കും തർക്കമില്ല. ശക്തമായി നിന്നിട്ടുള്ള ഇടതുപക്ഷത്തെക്കുറിച്ച് പറയുന്നത് മനസ്സിലാക്കാൻ കഴിയും. ഇന്ന് ദുർബലമായി നിൽക്കുന്ന ഇടതുപക്ഷം ഭരണം നിലനിർത്താൻവേണ്ടി, അധികാരത്തിൽ തുടരാൻവേണ്ടി ആർ.എസ്.എസ്.-കാരുടെ സംരക്ഷണത്തിൽ മുന്നോട്ടുപോകാൻ ശ്രമിക്കുന്ന നിർഭാഗ്യകരമായ, കേരളത്തിന്റെ മതേതര സാഹചര്യങ്ങളെ തകർക്കുന്ന ഈ സമീപനത്തിന് എതിരായി ശക്തമായി പ്രതികരിച്ചുകൊണ്ടാണ് യു.ഡി.എഫ്. രംഗത്ത് വരുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമയപരിധിയുള്ളതു കൊണ്ട് ഞാൻ ചുരുക്കാം. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ സമീപകാലത്തുള്ള ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോട്ടയം ജില്ലയിൽ ഒരു ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ

പാർട്ടിയുടെ സ്ഥാനാർത്ഥിയുടെ നോമിനേഷൻ കുറവിലങ്ങാട് ഡിവിഷനിൽ തള്ളിപ്പോയി. സ്ഥാനാർത്ഥി ഇല്ലാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ നേതാവ് ശ്രീ. ജോസ് കെ. മാണിയും അവരുടെ പാർട്ടിയും എടുത്ത നിലപാട് ബി.ജെ.പി.-കാരുടെ സ്ഥാനാർത്ഥിയെ സ്വന്തം പാർട്ടി സ്ഥാനാർത്ഥിയാക്കി മാറ്റി മത്സരിപ്പിച്ച ദയനീയമായ ചിത്രം കേരളത്തിലെ ഒരു പാർട്ടിക്ക് മാത്രമേയുള്ളൂ, അത് അങ്ങയുടെ പാർട്ടിക്കാണ്. അവർ ഇവിടെ ബി.ജെ.പി.-യുടെ (....മൈക്ക് ഓഫ്....)

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. പ്രിയപ്പെട്ട മോൻസ് ജോസഫ് വസ്തുതാവിരുദ്ധമായ ഒരു പരാമർശമാണ് സഭയിൽ നടത്തിയത്. ഞങ്ങളുടെ സ്ഥാനാർത്ഥിയുടെ നോമിനേഷൻ ചില സാങ്കേതിക പിശകുമൂലം തള്ളപ്പെട്ടു. സ്വതന്ത്രമായി നോമിനേഷൻ കൊടുത്ത ഒരു സ്ഥാനാർത്ഥിത്വമാണ് അംഗീകരിച്ചത്. അത് ബി.ജെ.പി.-യായി ചിത്രീകരിക്കുന്ന തികച്ചും കളവായ, അടിസ്ഥാനരഹിതമായ ഒരു പരാമർശമാണ് അദ്ദേഹം നടത്തിയത്. അതുകൊണ്ട് അത് രേഖകളിലുണ്ടാകാൻ പാടില്ലെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം.+

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, (....മൈക്ക് ഓഫ്....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം അങ്ങ് പറഞ്ഞതിന് മറുപടി പറഞ്ഞു എന്നേയുള്ളൂ.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഞാൻ ഈ അടിയന്തരപ്രമേയത്തെ എതിർക്കുകയാണ്. എന്റെ സഹോദരനായ ശ്രീ. എൻ. ഷംസുദ്ദീൻ, അദ്ദേഹം യു.ഡി.എഫ്.-ന്റെ സെക്ടറിൽനിന്നും വളരെ നല്ലരീതിയിൽ പ്രസംഗിക്കാൻ/കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിവുള്ള വ്യക്തിയാണ്. എന്നാൽ ഇന്ന് അദ്ദേഹം വളരെ ദയനീയമായ രീതിയിലാണ് പ്രമേയം അവതരിപ്പിച്ചത്. കാരണം അദ്ദേഹത്തിന് ഒന്നും പറയാനില്ല, എന്ത് പറയണമെന്നറിയില്ല, എനിക്കുതന്നെ വിഷമം തോന്നി. ഞാൻ ഓർത്തു, ഒരു ഗ്ലാസ്സ് വെള്ളം അദ്ദേഹത്തിന് കൊണ്ടുകൊടുത്താലെന്താന്ന്; അദ്ദേഹത്തിന് വെള്ളമിറങ്ങുന്നില്ല. കാരണം ഇവരുടെയെല്ലാം നോട്ടം എ.ഡി.ജി.പി. ആണെങ്കിലും ഇവരുടെ ഉദ്ദേശ്യം ശ്രീ. പിണറായി വിജയനാണ്. വേറെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം. 17326/ഇ.ബി./2024/ലെജി. തീയതി 10/10/2024) സഭാരേഖകളിൽ നിലനിർത്തി.

കാര്യമൊന്നുമില്ല; ഏത് രീതിയിൽ ആഭ്യന്തര വകുപ്പിനെ താഴ്ത്തിക്കെട്ടാം, ഏത് രീതിയിൽ ശ്രീ. പിണറായി വിജയനെ ഇകഴ്ത്തിക്കാണിക്കാമെന്ന ചിന്തയിലാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. അടിയന്തരപ്രമേയത്തിന്റെ ലക്ഷ്യവും അതുതന്നെയാണ്. പ്രിയങ്കരനായ ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ മുഴുവൻ അദ്ദേഹത്തിന് പറയാനുള്ളത് മുഖ്യമന്ത്രിയെയും കുടുംബത്തെയും കുറിച്ചാണ്. ഇവിടത്തെ സബ്ജക്ട് എ.ഡി.ജി.പി.-യാണ്. എ.ഡി.ജി.പി.-യെ മാറ്റി നിർത്തിയപ്പോൾ ഇവർ പറയുന്നത്, അത് പോരാ; ഇവർ പറയുന്ന ഉടനെ എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യണം, ആ രീതിയിൽ പ്രവർത്തിക്കണമെന്നുള്ള ഒരാഗ്രഹമാണ് ഇവർക്കുള്ളത്. ഇങ്ങനെയൊന്നുമല്ലല്ലോ ഒരു ഗവൺമെന്റ് ഭരിക്കേണ്ടത്. ഒരു ഗവൺമെന്റിന് അതിന്റേതായ രീതികളും സംവിധാനങ്ങളുമുണ്ട്. അത് വളരെ നല്ല രീതിയിലാണ് സഖാവ് പിണറായി വിജയൻ നടത്തുന്നതെന്ന വ്യക്തമായ ധാരണ ഈ നിയമസഭയ്ക്കും ഞങ്ങൾക്കുമുണ്ട്. അതിനാൽ ആവശ്യമില്ലാത്ത രീതിയിലേക്ക് പോകുന്ന നിങ്ങളുടെ ആരോപണങ്ങൾ ശരിയല്ല. വളരെ ക്ലിയറായി പറഞ്ഞാൽ, എന്നെ സംസാരിക്കാൻ

അനുവദിക്കാതെ തടസ്സപ്പെടുത്തുന്ന വിധത്തിൽ ഇവർ പല കാര്യങ്ങൾ പറഞ്ഞുകൊണ്ടും ബഹളം വച്ചുകൊണ്ടുമിരിക്കും. അത് അവരുടെ ലക്ഷ്യമാണ്. സത്യസന്ധമായ കാര്യം പറയാൻ അവർ സമ്മതിക്കില്ല. എയർപോർട്ടിൽനിന്നും സ്വർണ്ണം പിടിക്കേണ്ടത് ആരാണ്; പോലിസാണോ; പോലീസ് എവിടെനിന്നാണ് സ്വർണ്ണം പിടിക്കുന്നത്? കസ്റ്റംസല്ലേ സ്വർണ്ണം പിടിക്കേണ്ടത്; എന്തുകൊണ്ടാണ് ഇവർ കേന്ദ്ര ഗവൺമെന്റിനെ പഴിചാരാത്തത്. ഇവർക്ക് അതുപറയാൻ കഴിയുന്നില്ല. എയർപോർട്ടിൽനിന്നും സ്വർണ്ണം വരുന്നത് കസ്റ്റംസ് വഴിയാണ്. അതു പുറത്തുവച്ച് പോലീസ് പിടിക്കുന്നുണ്ടെങ്കിൽ അത് പോലീസിന്റെ കഴിവാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്ന പോലീസിനെ എന്തിനാണ് ഇകഴ്ത്തിക്കാണിച്ച്, അവരുടെ പേര് ദോഷകരമായ രീതിയിൽ കൊണ്ടുവരാൻ ഇവർ ആഗ്രഹിക്കുന്നത്. പോലീസിനെ പ്രശംസിക്കുകയാണ് ചെയ്യേണ്ടത്. ആർ.എസ്.എസും സി.പി.ഐ.(എം)-മായി ബന്ധമുണ്ടെന്നാണ് പ്രതിപക്ഷം പറയുന്നത്. ചെറുപ്പകാലം മുതൽ നമ്മൾ കേൾക്കുന്നതാണ്, ആർ.എസ്.എസ്.-കാർ സി.പി.ഐ.(എം.)-കാരന്റെ തലവെട്ടിയ ചരിത്രമേയുള്ളൂ എന്ന കാര്യം. ഒരു

കോൺഗ്രസുകാരന്റെയും തല ആർ.എസ്.എസ്.-കാർ വെട്ടിയതായി കേട്ടിട്ടില്ല. ആർ.എസ്.എസും കോൺഗ്രസുമായിട്ടാണ് ബന്ധമുള്ളതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഞങ്ങൾക്ക് പറയാനുള്ള വിഷയമിതാണ്, ആവശ്യമില്ലാത്ത ഉമ്മാക്കി കാണിച്ച് ശ്രീ. പിണറായി വിജയനെ പേടിപ്പിക്കണ്ട; നിലപാടുകൾ വളരെ ശക്തമായെടുക്കും. ഏത് എ.ഡി.ജി.പി.-ആയാലും ഏത് പോലീസുകാരനായാലും എടുക്കേണ്ട സമയത്ത് അവന്റെ പേരിൽ നടപടിയെടുക്കാൻ ആർജവമുള്ള ഗവൺമെന്റാണ് കേരള ഗവൺമെന്റ്/ഇടതുപക്ഷ ഗവൺമെന്റ് എന്ന് വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് പറയാനുള്ളത്, പൊന്നാനി എം.എൽ.എ., ശ്രീ. പി. നന്ദകുമാർ വളരെ നല്ലരീതിയിൽ കാര്യങ്ങൾ പറയുകയും വ്യക്തമായ രീതിയിൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. നിങ്ങളുടെ സന്ദർഭോചിതമായ ഇത്തരം പ്രഹസനങ്ങൾ ഉപേക്ഷിച്ച് വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യാനുള്ള ഒരു സംവിധാനത്തിലേക്ക് പോകണം. ഏത് വ്യക്തിയാണെങ്കിലും, സസ്പെന്റ് ചെയ്യേണ്ട രീതിയിൽ സസ്പെന്റ് ചെയ്തിരിക്കും, നടപടിയെടുക്കേണ്ട രീതിയിൽ നടപടിയെടുത്തിരിക്കും. ഒരു വിട്ടുവീഴ്ചയും

ഞങ്ങൾ കാണിക്കില്ലെന്ന് വ്യക്തമായി എനിക്ക് പറയാൻ സാധിക്കും. എസ്.പി. ശ്രീ. സുജിത് ദാസിനെ സസ്പെന്റ് ചെയ്ത രീതി തെറ്റാണെന്നാണ് പ്രതിപക്ഷം സൂചിപ്പിച്ചത്. തെറ്റായ രീതിയിൽ പ്രവർത്തിക്കുന്ന പല പോലീസുകാരുമുണ്ടാകും. അത് മനസ്സിലാക്കി കഴിയുമ്പോൾ അവരുടെമേൽ നടപടിയുണ്ടാകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല. നല്ല രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ ഇകഴ്ത്തിക്കാണിക്കാനുള്ള നടപടിയും മുഖ്യമന്ത്രിയെയും കുടുംബത്തെയും സ്ഥിരം ആക്രമിക്കുന്ന രീതിയും നിങ്ങൾ മാറ്റിവയ്ക്കണം. നല്ല രീതിയിൽ ഭരണം നടത്താൻ ആർ.എസ്.എസ്.-മായുള്ള എല്ലാ ബന്ധങ്ങളും ഇരുപക്ഷവും അവസാനിപ്പിക്കണം. നിങ്ങൾ മാത്രമല്ല, എല്ലാവരും അവസാനിപ്പിക്കണം. വളരെ ശരിയല്ലേ; വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകണം. ഇരുപക്ഷവുമെന്ന് ഉദ്ദേശിച്ചത് മുസ്ലീം ലീഗും കോൺഗ്രസുമെന്നുതന്നെയാണ്. അതാണ് ഞാൻ വ്യക്തമായി പറഞ്ഞിട്ടുള്ളത്. നിങ്ങളത് തിരുത്തണ്ട. ഞാൻ എൽ.ഡി.എഫ്.-കാരനാണല്ലോ; ഞാൻ പറഞ്ഞത് മുസ്ലീം ലീഗും കോൺഗ്രസുകാരുമായുള്ള ആർ.എസ്.എസ്. ബന്ധത്തെക്കുറിച്ചാണ്. അതിനെ

നിങ്ങൾ വളച്ചൊടിക്കണ്ട. നിങ്ങൾ രണ്ട് കക്ഷികളായതുകൊണ്ടാണ് ഇരുപക്ഷമെന്ന് പറയുന്നത്. നിങ്ങളുടെ കാര്യംതന്നെയാണ് പറഞ്ഞത്. ആവശ്യമില്ലാത്ത കാര്യങ്ങളിലേക്ക് പോകാതെ ഞങ്ങളെ സ്വതന്ത്രമായി ഭരിക്കാൻ അനുവദിക്കണം. നല്ല രീതിയിൽ ഒരു ഭരണം കേരളത്തിൽ കാഴ്ചവയ്ക്കുന്നുണ്ട്. അത്തരത്തിൽ മുന്നോട്ടുപോകാൻ തക്കവണ്ണമുള്ള എല്ലാ സപ്പോർട്ടും നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. വി. ജോയി: സർ, പ്രമേയാവതാരകൻ കഴിഞ്ഞ പത്തുപതിനഞ്ച് ദിവസമായി കേരളത്തിലെ മാധ്യമങ്ങൾ പടച്ചുവിടുന്ന ചില കാര്യങ്ങൾ സഭയിൽ പറഞ്ഞുവെന്നുള്ളതൊഴിച്ചാൽ പ്രസക്തമായ ഒരു കാര്യവും അദ്ദേഹത്തിന് ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഉന്നയിക്കാൻ സാധിച്ചിട്ടില്ല. എ.ഡി.ജി.പി.-യുടെ നടപടി, എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. കെ. വി. സുമേഷ് സൂചിപ്പിച്ചിരുന്നു. സ്വർണ്ണക്കടത്ത് സംബന്ധിച്ച്, സ്വർണ്ണം പൊട്ടിക്കൽ ഇപ്പോഴാണ് ഞാൻ കേൾക്കുന്നതെന്ന് പറഞ്ഞു. ഞാൻ അദ്ദേഹത്തിനോട് ചോദിക്കുന്നത്, ഇന്നത്തെ പ്രധാനപ്പെട്ട പത്രങ്ങളിൽ ഒരു

വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ശ്രീ. എൻ. ഷംസുദ്ദീന്റെ ശ്രദ്ധയിലേക്കായി പറയുകയാണ്. വിദേശത്ത് തൊഴിലും താമസവും വാഗ്ദാനം ചെയ്ത് മുസ്ലീം ലീഗ് നേതാവ് ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ കൊടുവള്ളിയിൽ നടത്തുന്ന അമാന എംബ്രോസ് പദ്ധതിയുടെ ഭരണസമിതിയിൽ സ്വർണ്ണക്കടത്തുകാർ, സ്വർണ്ണക്കടത്ത് കേസിൽ പ്രതിയായ റഫീഖ് അമാന, COFEPOSA (Conservation of Foreign Exchange And Prevention of Smuggling Activities Act) ആക്ട് പ്രകാരം തടവിലായിരുന്ന അബുലൈസ് തുടങ്ങിയ ആളുകളുള്ള ഒരു കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ സ്വർണ്ണം കണ്ടാൽ നിങ്ങൾക്ക് വിഷമമുണ്ടാകുമായിരിക്കും. നിങ്ങളുടെതന്നെ നേതാവ് കാസർഗോഡ് ഒരു സ്വർണ്ണക്കട നടത്തി ആളുകളുടെയിടയിൽ എന്തെല്ലാം തട്ടിപ്പും വെട്ടിപ്പും നടത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കി സംസാരിച്ചാൽ നന്നായിരിക്കും. ഇരട്ടമുഖമാണ് നിങ്ങൾ കാണിക്കുന്നത്, ഇരട്ട മുഖത്തിന്റെ പ്രതിനിധികളാണ് നിങ്ങളെന്നത് മനസ്സിലാക്കണം. എ.ഡി.ജി.പി. അജിത് കുമാർ ആർ.എസ്.എസ്.-ന്റെ നേതാവായ ദത്താത്രേയ ഹൊസബല്ലെയുടെ

അടുത്തുപോയി സംസാരിച്ചു. എ.ഡി.ജി.പി.-യെ അദ്ദേഹത്തിന്റെയടുത്ത് കൊണ്ടുപോയത് ആരാണ്; എന്തുകൊണ്ട് നിങ്ങൾ സംസാരിക്കുമ്പോൾ അക്കാര്യം സംസാരിക്കുന്നില്ല; കൈമനം പ്രഭാകരനെന്ന കോൺഗ്രസുകാരൻ ആരാണ്; ഈ സഭയിൽത്തന്നെയുള്ള ഒരു മുൻമന്ത്രിയുടെ ബന്ധുവാണെന്ന് പറഞ്ഞാൽ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? അങ്ങനെയുള്ള ഒരാൾ കൊണ്ടുപോയ കഥയാണ് മുഴുവൻ പത്രമാധ്യമങ്ങളും പറഞ്ഞത്. അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. ഇതുപോലെയാണ് ബാർ കോഴക്കേസുമായി ബന്ധപ്പെട്ട് ഒരു മുൻമന്ത്രിയുടെ മകൻ, ഫേസ് ബുക്കിലൂടെ വോയിസ് മെസേജിട്ടിരുന്നു. പിന്നീട് ക്രൈം ബ്രാഞ്ച് അന്വേഷിക്കുമ്പോഴാണ് മുൻമന്ത്രിയുടെ മകനാണ് അതിന്റെ അഡ്മിൻ എന്ന് മനസ്സിലായത്. അതോടുകൂടി ആ വിഷയവും അവസാനിച്ച സാഹചര്യമാണുണ്ടായത്. ഇവിടെ പ്രധാനമായും സൂചിപ്പിക്കുന്നത്, ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ഉം അല്ലെങ്കിൽ കേരളത്തിന്റെ മുഖ്യമന്ത്രിയും തമ്മിലാണ് ബന്ധമെന്ന് സ്ഥാപിക്കാനാണ് ഇവർ പരിശ്രമിക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ കഴിഞ്ഞ ഏതാണ്ട് 25-30 വർഷമായി നിങ്ങൾ വേട്ടയാടുകയാണ്. എന്തുകൊണ്ടാണ് നിങ്ങൾ

വേട്ടയാടുന്നത്? മതനിരപേക്ഷതയ്ക്കുവേണ്ടി അദ്ദേഹമെടുക്കുന്ന നിലപാടുകൾ കാരണം ഈ രാജ്യത്ത് നിങ്ങൾ മാത്രമല്ല, അദ്ദേഹത്തിന്റെ ശത്രുക്കളായിട്ടുള്ള ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും എല്ലാക്കാലത്തും അദ്ദേഹത്തെ വേട്ടയാടുകയാണ്. അദ്ദേഹത്തെ നിങ്ങൾ കൊല്ലാക്കൊല ചെയ്യാൻ ശ്രമിച്ചു. 1975-ലെ അടിയന്തരാവസ്ഥ കാലത്ത് അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുപോയി മൃഗീയമായി മർദിച്ചു. അന്ന് ആരുടെ ഭരണമായിരുന്നു? ഉരുട്ടിക്കൊല നടന്ന കാലം, അദ്ദേഹത്തെ ഇഞ്ചിഞ്ചായി 'നീ എന്തെടാ വീഴാത്തത്' എന്ന് ചോദിച്ച്, ഊക്കോടുകൂടി ചവിട്ടിത്തെറിപ്പിച്ച കഥ നമുക്കറിയാം. എത്രയെത്ര പീഡനങ്ങളാണ് അദ്ദേഹത്തിന്റെമേൽ വന്നത്. പക്ഷെ അതെല്ലാം സമചിത്തതയോടെ നേരിട്ട് അദ്ദേഹത്തിന് മുന്നോട്ടുപോകാൻ സാധിച്ചു. ആർ.എസ്.എസ്.-നെ സംബന്ധിച്ച് നിങ്ങൾ സംസാരിക്കുമ്പോൾ, ആർ.എസ്.എസ്.-മായി അടുത്ത ബന്ധം പുലർത്തിയിരുന്ന നേതാക്കൾ നിങ്ങളുടെ ഭാഗത്തില്ലേ? 01-02-2014-ൽ നിയമസഭയിൽ ശ്രീ. ബാബു എം. പാലിശ്ശേരി ചോദിച്ച ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിൻവലിക്കാൻ കോടതികളോട് ആവശ്യപ്പെടാൻ തീരുമാനിച്ച കേസുകൾ

എത്ര എന്ന ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൽകിയ മറുപടി; 4718 എണ്ണം എന്നായിരുന്നു. കൂടാതെ ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന ചോദ്യത്തിന്, 9 കേസുകൾ പിൻവലിച്ചു എന്നായിരുന്നു ലഭിച്ച മറുപടി. അതിലാണ് നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. നന്ദകുമാർ പറഞ്ഞത്, ഇവിടെ പ്രവീൺ തൊഗാഡിയ ഉൾപ്പെടെയുള്ള നേതാക്കളുടെ കേസുകൾ പിൻവലിക്കപ്പെട്ടുവെന്ന്. എം.ജി. കോളേജിലെ പ്രശ്നവുമായി ബന്ധപ്പെട്ട് ആദർശ് എന്ന ആർ.എസ്.എസ്.-കാരനായ ചെറുപ്പക്കാരന്റെ കേസ് പിൻവലിക്കപ്പെട്ടത് അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. പാലോട് രവി നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണെന്ന് രേഖകൾ സൂചിപ്പിക്കുന്നു. അപ്പോൾ ആർ.എസ്.എസ്.-മായി ബന്ധമാർക്കാണെന്ന് നിങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, കോൺഗ്രസുകാരും നിങ്ങളും കേൾക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. സ്വതന്ത്ര ഇന്ത്യയിൽ ആർ.എസ്.എസ്.-നെ നിരോധിച്ചതിന്റെ അടുത്ത ദിവസം പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ

നെഹ്റു എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും കത്തയച്ചിരുന്നു. ആ കത്തിൽ പറയുന്നത്, എന്തും ചെയ്യാൻ മടിക്കാത്ത ഒരു കൂട്ടരെയാണ് നാം നേരിടുന്നതെന്നും ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന കൂട്ടരാണ് ഇവരെന്നും സമാധാനപരമായ പരിപാടികളിൽ വിശ്വസിക്കാത്തവരാണ് ഇവരെന്നും ആർ.എസ്.എസ്.-നെ സംബന്ധിച്ച് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പറഞ്ഞിരുന്നു. ആ പ്രധാനമന്ത്രി ആർ.എസ്.എസ്.-നെക്കുറിച്ച് പറയുമ്പോൾ എന്റെ കൈയ്യിൽ ഒരു ചിത്രമുണ്ട്, ഈ ചിത്രം, സഭയിലെ പ്രതിപക്ഷനേതാവ് കുനിഞ്ഞുനിന്ന് തിരികൊളുത്തുന്ന ചിത്രമാണ്. ആരുടെ പടത്തിന് മുന്നിലാണ് തിരി കൊളുത്തുന്നതെന്ന് വ്യക്തമാക്കുന്ന പടമാണ് എന്റെ കൈവശമുള്ളത് (ഒരു ചിത്രം പ്രദർശിപ്പിച്ചു). അപ്പോൾ ആർ.എസ്.എസ്.-ന്റെ ബന്ധം എവിടെയാണ് തുടങ്ങിയത്; ആർ.എസ്.എസ്. ബന്ധം എങ്ങനെയാണ്? ഈയൊരു ചിത്രം മാത്രമല്ല എന്റെ കൈവശമുള്ളത്, മറ്റുചില ചിത്രങ്ങളും എന്റെ പക്കലുണ്ട് അവ മേശപ്പുറത്തുവയ്ക്കുന്നു. ആർ.എസ്.എസ്.-ന്റെയും സഖ്യകക്ഷികളുടെയും പരിപാടികളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പങ്കെടുക്കുന്ന പടമാണ്

ഇതിലുള്ളത്. ഇതുമാത്രമല്ല, കോൺഗ്രസ് നേതാവ് പ്രണബ് മുഖർജിയടക്കം ആർ.എസ്.എസ്. പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ഇതൊന്നും കോൺഗ്രസുകാരും ലീഗുകാരും മനസ്സിലാക്കുന്നില്ലേയെന്ന് ഞാൻ വിനയപുരസരം ചോദിക്കുകയാണ്. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസങ്ങളിൽ വല്ലാതെ ക്ഷോഭിച്ച് സംസാരിക്കുന്നതുകണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അദ്ദേഹം പക്വതയോടുകൂടി പെരുമാറണമെന്ന് സൂചിപ്പിച്ചു. ഞാൻ കോൺഗ്രസുകാരോട് ചോദിക്കുന്നത്, കേരളത്തിന്റെ ചരിത്രത്തിൽ നിരവധി പ്രതിപക്ഷനേതാക്കൾ കോൺഗ്രസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. പി. ടി. ചാക്കോ, കെ. കരുണാകരൻ, ശ്രീ. എ. കെ ആന്റണി, ഉമ്മൻ ചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല എന്നിവരെല്ലാം പ്രതിപക്ഷനേതാക്കൾ ആയിരുന്നവരാണ്. ഇവരെക്കുറിച്ച് ആരുംതന്നെ പക്വതയില്ലെന്ന പദപ്രയോഗം നടത്തിയിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ചോദിക്കുന്നത്; അങ്ങ് എതെങ്കിലും ഒരു പ്രധാനപ്പെട്ട സംഘടനയുടെ ഭാരവാഹിയായിരുന്നിട്ടുണ്ടോ? കെ.എസ്.യു.-വിന്റെയോ യൂത്ത്

കോൺഗ്രസിന്റെയോ പ്രസിഡന്റായിട്ടുണ്ടോ; ഡി.സി.സി. പ്രസിഡന്റോ, കെ.പി.സി.സി. പ്രസിഡന്റോ ആയിട്ടുണ്ടോ? ഇല്ല. കോൺഗ്രസ് പാർട്ടിക്കകത്ത് കുത്തിത്തിരിപ്പ് നടത്തി, നന്നായി പ്രവർത്തിച്ചിരുന്ന അനുഭവ പാഠവമുണ്ടായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയെ കുത്തിമറിച്ച് പ്രതിപക്ഷനേതാവായി മാറി. അന്നുമുതൽ അദ്ദേഹം ഇത് തുടരുകയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്ത് യോഗ്യതയാണ്? കേരളത്തിന്റെ മുഖ്യമന്ത്രി ഈ സംസ്ഥാനത്ത് വർഗീയ പ്രതിലോമ ശക്തികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള ധീരമായ നിലപാടുകൾ കേരളത്തിന് എന്നും മാതൃകയാണ്. ഇവിടെ മാറാട് കലാപത്തെ സംബന്ധിച്ചും മറ്റ് വർഗീയ കലാപങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. അവിടെയെല്ലാം നെഞ്ചുവിരിച്ച് ഒരു പേടിയുമില്ലാതെ നടന്നുപോകാൻ അദ്ദേഹത്തിന് സാധിച്ചുവെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയെ സംബന്ധിച്ച് ഒന്നുമല്ലെങ്കിലും കോൺഗ്രസുകാർ ഒരു കാര്യംകൂടി മനസ്സിലാക്കണം; നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഡോ. മാത്യു

കുഴൽനാടനെപ്പോലുള്ള നേതാക്കൾ നാഴികയ്ക്ക് നാൽപ്പതു പ്രാവശ്യം മുഖ്യമന്ത്രിയുടെ നെഞ്ചത്ത് കയറുന്നതിനുമാത്രം വരുമ്പോൾ അദ്ദേഹമടക്കമുള്ള ആളുകൾ ഇതിനെ സംബന്ധിച്ച് ഒന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഒരു പ്രത്യേക ജനുസ്സാണ്. എന്റെ കയ്യിലിരിക്കുന്നത് 'കാലം സാക്ഷി' എന്ന ഉമ്മൻ ചാണ്ടിയുടെ ആത്മകഥയാണ്. (പ്രസ്തുത പുസ്തകം ഉയർത്തിക്കാണിച്ചു.) ഓ.. എന്നുപറഞ്ഞ ആളൊന്ന് കേൾക്കണം. ആ ആത്മകഥയുടെ 398-ാം നമ്പർ പേജിൽ ഒരു കാര്യം പറയുന്നുണ്ട്. " ഇതിനിടെ വീടുമായി ബന്ധപ്പെട്ട ചിലർ ലഘുലേഖകൾ അച്ചടിച്ച് പ്രചരിപ്പിച്ചു. അതുമായി അവർ പത്രസമ്മേളനം നടത്തി. ആരുമത് കാര്യമാക്കിയില്ല. അവർ പിണറായി വിജയനെ ചെന്നുകണ്ടു. അന്നദ്ദേഹം സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയാണ്. അനുകൂല പ്രതികരണം പ്രതീക്ഷിച്ച് ചെന്നവർ നിരാശരായി മടങ്ങിയെന്നാണ് ഞാൻ പിന്നീട് മനസ്സിലാക്കിയത്. അന്ന് ഞാൻ പ്രതിപക്ഷനേതാവാണ്. പിണറായി വിജയൻ പി. ജയരാജനെ എന്റെ അടുത്തേയ്ക്ക് അയച്ചു. നിയമസഭയിൽ ഞങ്ങൾ കണ്ടു.

ഇത്തരം വൃത്തികേടുകൾക്ക് കൂട്ടുനിൽക്കില്ലായെന്ന സന്ദേശം അദ്ദേഹം അറിയിച്ചു.'' ഇതാണ് ശ്രീ. പിണറായി വിജയൻ. നിങ്ങൾ പറയുന്ന ആളല്ല ശ്രീ. പിണറായി വിജയൻ. അത് ഈ കേരളത്തിലെ ആളുകൾക്കറിയാം. കാൽ നൂറ്റാണ്ടിലധികമായി ശ്രീ. പിണറായി വിജയനെ നശിപ്പിക്കാൻ നിരവധി കേസുകൾ.... നിങ്ങളുടെ കാലത്തല്ലേ അദ്ദേഹത്തിന്റെ പേരിൽ സി.ബി.ഐ. കേസെടുത്തത്. എന്തായി; നിങ്ങൾ അദ്ദേഹത്തെ ഇല്ലാതാക്കാനുള്ള വലിയ പരിശ്രമം നടത്തി. ഇതേ ഉമ്മൻ ചാണ്ടിയെക്കൊണ്ട് നിങ്ങൾ ആ തീരുമാനം എടുപ്പിച്ചു. നിങ്ങൾ മനസ്സിലാക്കണം. അദ്ദേഹത്തിന് ഒരു പോറലുമേറ്റില്ല. (...മൈക്ക് ഓഫ്...)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ ചർച്ചയിൽ അപ്പുറത്തുനിന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്, മലപ്പുറം ജില്ലയെ സംബന്ധിച്ചാണെങ്കിലും ന്യൂനപക്ഷങ്ങളോടുള്ള നിലപാടിന്റെ കാര്യത്തിലായാലും അതുപോലെത്തന്നെ നല്ലൊരു മതേതര നിലപാട് എടുക്കുന്ന കാര്യത്തിലായാലുമൊക്കെ ശരി കറകളഞ്ഞ നല്ല ചരിത്രമുള്ള

പാർട്ടിയാണ് തങ്ങളുടേതെന്നാണ് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നിട്ടെന്തേ ഇപ്പോഴിങ്ങനെ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്; മലപ്പുറം ജില്ല ഇ.എം.എസ്. കൊടുത്തതാണ് എന്നുപറഞ്ഞത് ആരെങ്കിലും ഡിസ്പ്യൂട്ട് ചെയ്തോ; ആ മന്ത്രിസഭയിൽ ഞങ്ങളും ഉണ്ടായിരുന്നില്ലേ; ഞങ്ങളുടെ ആവശ്യമായിരുന്നു. സി. എച്ച്. മുഹമ്മദ് കോയയും എം. പി. എം. അഹമ്മദ് കുരിക്കളും ഉണ്ടായിരുന്നു. ആ പിന്നോക്ക പ്രദേശങ്ങളൊക്കെ കൂട്ടി യോജിപ്പിച്ചുകൊണ്ട് ഒരു ജില്ല വേണമെന്നുള്ളത് ഞങ്ങളുടെ ആവശ്യമായിരുന്നു. അതുപറഞ്ഞത് എന്തിനായിരുന്നു എന്നുള്ളത് പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ, കാലം കുറെ കഴിഞ്ഞപ്പോൾ ഇപ്പോൾ തെളിഞ്ഞല്ലോ; അതായത് ആ പ്രദേശം വികസിച്ചു, അവിടത്തെ ജനങ്ങൾ ബോധമുള്ളവരായി. വിദ്യാഭ്യാസമുള്ളവരായി, കേരളത്തിന് അഭിമാനകരമായ ഒരു സ്ഥിതിയിലേക്ക് വന്നു. ഇവിടെ എൽ.ഡി.എഫ്., യു.ഡി.എഫ്. ഗവൺമെന്റുകൾ അനവധിവന്നു. ആ ഗവൺമെന്റിൽ ഇരുന്നവരൊക്കെ മലപ്പുറത്തെ പ്രകീർത്തിച്ചു. നായനാർ ഗവൺമെന്റ് ഉണ്ടായിരുന്നു. എല്ലാ ഗവൺമെന്റുകളുമുണ്ടായിരുന്നു. അവരൊക്കെ ഡെവലപ്മെന്റിന് മാതൃകയാണ്. നിങ്ങൾ ജനകീയാസൂത്രണം

കൊണ്ടുവന്നപ്പോൾ ഞങ്ങൾ സഹകരിച്ചു എന്നുപറഞ്ഞു. ജനപങ്കാളിത്തത്തിന് മാതൃകയാണ്. നല്ല മാതൃകയായി നിന്നുവെന്ന് ഇക്കാലമത്രയും പറഞ്ഞ നിങ്ങൾ ഇപ്പോഴെന്താണ് മാറ്റുന്നത്. എന്നിട്ടെന്താണ് ഇപ്പോഴിങ്ങനെ? ഇപ്പോൾ എങ്ങനെയാണെന്ന് ചോദിച്ചുകഴിഞ്ഞാൽ ഞാൻ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ഡൽഹിയിൽ നടന്ന ഇന്ത്യ മുന്നണി യോഗം ഓർക്കുകയാണ്. ആ യോഗത്തിൽ അടുത്ത കാലത്ത് യശഃശ്ശരീരനായ സീതാറാം യെച്ചൂരി ആണ് പ്രധാനമായും പ്രമേയങ്ങളുടെ ഡ്രാഫ്റ്റിംഗ് ശ്രീമതി സോണിയ ഗാന്ധിയുമായും ശ്രീ. രാഹുൽ ഗാന്ധിയുമായി കൂടിയൊക്കെ ചെയ്തുകൊണ്ടിരുന്നത്. പ്രധാനപ്പെട്ടൊരു ചർച്ചാ വിഷയം എന്നുപറയുന്നത്, ദേശീയതയുടെയും ദേശവിരുദ്ധ കാര്യങ്ങളുടെയും പേരുപറഞ്ഞ് ഒരു പ്രത്യേക കമ്മ്യൂണിറ്റിയെയും ചിലരേയുമൊക്കെ ഇന്ത്യാരാജ്യത്ത് അവിടെയുമിവിടെയും പീഡിപ്പിക്കുകയും ജനകീയ വിചാരണ ചെയ്യുകയും അതുപോലെത്തന്നെ അവരുടെ ഭവനങ്ങൾ ബുൾഡോസർവച്ച് തകർക്കുകയുമൊക്കെ ചെയ്യുന്നതിനെ എതിർത്തുകൊണ്ട് ഇന്ത്യ മുന്നണി പാസ്സാക്കിയ പ്രമേയത്തിന്റെ ഡ്രാഫ്റ്റ് ചെയ്തത്, അതിന് കാർമ്മികത്വം വഹിച്ചത് സീതാറാം യെച്ചൂരിയാണ്.

ഞാനവിടെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ശ്രീമതി സോണിയ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. ഞങ്ങളൊക്കെ അത് കണ്ടുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, എന്നിട്ടെന്തേ ഇപ്പോൾ ഇങ്ങനെ? പറഞ്ഞത് എന്താണ്; നിങ്ങൾ ഭരിക്കുന്ന കേരളത്തിന്റെ മണ്ണ് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഫണ്ട് കൊടുക്കുന്ന സ്റ്റേറ്റാണ് എന്ന് നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് ഭൂഷണമാണോ അതോ നാണക്കേടാണോ എന്നെനിക്കറിയണം. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പറഞ്ഞത് ആരാണ്; അത് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയുടെ പേരിൽ എൻഡോർസ് ചെയ്യപ്പെട്ടു. അത് ചെറിയ കാര്യമാണോ; എന്താണ് അതിന്റെ ആളെ നിങ്ങൾ കണ്ടുപിടിക്കാത്തത്; പറഞ്ഞകാര്യം ചെറുതാണോ; നിങ്ങൾ വിചാരിക്കുന്നുണ്ടോ ഇത് യൂസ് ചെയ്യില്ലെന്ന്; ഇത് ഇന്ത്യാ രാജ്യത്ത് യൂസ് ചെയ്യുന്നില്ലെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ; കേരളത്തിൽ സ്വർണ്ണം വരുന്നു. അത് ധാരാളമായി പിടിക്കപ്പെടുന്നു. കുറ്റകൃത്യങ്ങൾ ചെയ്യുന്നു എന്നൊക്കെ

പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. കസ്റ്റംസ് പിടിച്ചതിന്റെ കണക്കുകൾ പറയുന്നതൊക്കെ നമുക്ക് മനസ്സിലാക്കാം. പക്ഷെ ആ ഫണ്ട് എങ്ങോട്ട് പോകുന്നുവെന്നാണ് പറഞ്ഞത്; രാജ്യം മുഴുവൻ ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടി പോകുന്നു എന്നാണ്. ഞാൻ പറയുന്നു, യശഃശ്ശരീരനായ സീതാറാം യെച്ചൂരി എന്തിനെതിരെ പ്രമേയത്തിന് കാർമ്മികത്വം വഹിച്ചോ അതാണ് ഈ ഇന്റർവ്യൂവിൽ വന്നിരിക്കുന്നത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ എൻഡോർസ് ചെയ്യപ്പെട്ടത് ഒരു ചെറിയ കാര്യമാണോ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങ് സംസാരിക്കുന്നത് 'ദി ഹിന്ദു' ദിനപത്രത്തിൽ വന്നൊരു അഭിമുഖത്തിലെ പരാമർശമാണ്. 'ദി ഹിന്ദു' പത്രംതന്നെ അതിൽ ഖേദം പ്രകടിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളുടെ പുറത്ത് ചില കാര്യങ്ങൾ കൂട്ടിച്ചേർത്തു എന്നുള്ളത് അവർതന്നെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. അപ്പോൾ അതൊരു നിലപാടായിട്ട്... അങ്ങനെ നിഷേധിക്കപ്പെട്ടൊരു പ്രശ്നം ഇങ്ങനെ വ്യാഖ്യാനിക്കുന്നത് ശരിയാണോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നിങ്ങൾ ഭരിക്കുന്ന ഈ കേരളത്തിന്റെ മണ്ണ് ദേശവിരുദ്ധ പ്രവർത്തനത്തിന് ഫണ്ട് ചെയ്യുന്ന സ്ഥലമാണെന്ന ബി.ജെ.പി.-യുടെ ക്യാമ്പെയിൻ. കേരളത്തെ കുറിച്ച് അങ്ങനെയാണ് പറയുന്നത്. മലപ്പുറത്തെ കുറിച്ചല്ല. ശ്രീ. യോഗി ആദിത്യനാഥ് പറഞ്ഞുകൊണ്ടിരിക്കുന്നത് അതാണ്. അവരൊക്കെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് അതാണ്. കേരളം അതാണെന്നാണ്. അങ്ങനെയുള്ളൊരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ വരുത്തിയവരെ നിങ്ങൾ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല; അവർക്കെതിരെ എന്തുകൊണ്ടാണ് നടപടിയെടുക്കാത്തത്? ഇതിന്റെ far-reaching effect ചെറുതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ; Far-reaching effect ഉണ്ട് ഇതിന്. ഇപ്പോൾത്തന്നെ ഹരിയാനയിൽ ഇന്ത്യ മുന്നണി ജയിക്കുമെന്ന് വിചാരിച്ചു. എന്ത് പ്രചരണമാണ് ഏശിയതെന്ന് അറിയില്ല. ഈ പ്രചരണം, ബി.ജെ.പി. ഇന്ത്യയൊട്ടാകെ കൊണ്ടുനടക്കുന്ന വലിയൊരു weapon ആണ്. അതാണ് നിങ്ങൾ ദി ഹിന്ദുവിന്റെ ഇന്റർവ്യൂവിൽ അവർക്ക് കൊടുത്തത് എന്ന് പറയാതിരിക്കാൻ വയ്യ. വലിയ ഗൗരവമുള്ള വിഷയമല്ലേ അത്; അതിങ്ങനെ

നിങ്ങൾ ലാഘവത്തോടുകൂടി വിട്ടിരിക്കുകയാണ്. കേരളത്തിന്റെ മണ്ണ് സ്വർണ്ണം കൊണ്ടുവന്ന് കള്ളപ്പണമുണ്ടാക്കി ആ കള്ളപ്പണം ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടി കൊടുക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് നമ്മുടെ അന്തരീക്ഷത്തിൽ കിടക്കുന്നത് നല്ലതാണോ; അതിനെക്കുറിച്ച് നിങ്ങൾ ഒരു തീരുമാനമെടുക്കണം. അതിനെക്കുറിച്ചുള്ള ക്ലാരിറ്റി വരുത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയാതെയാണ് പറഞ്ഞത് എന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ വലിയൊരു പ്ലാനിംഗ് ഉണ്ടായിട്ടുണ്ട്. ഇലക്ഷൻ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഈ ഏജൻസിയുടെ പിന്നിൽ എന്തോ നടന്നിട്ടുണ്ട്. അതവർ ഉപയോഗിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി അറിഞ്ഞുകൊണ്ട് കൊടുത്തു എന്നല്ലല്ലോ ഞാൻ പറയുന്നത്. എങ്കിൽ അതിന്റെ പിന്നിൽ നടന്നിരിക്കുന്ന വിഷയമെന്താണ്; ബി.ജെ.പി. അത് വൻതോതിൽ ഉപയോഗിക്കുന്നു. ഇന്ത്യ മുന്നണിയിൽ ഇപ്പോൾ അടുത്ത കാലത്ത് വന്ന ബുൾഡോസിംഗിനെ കുറിച്ചും ആൾക്കൂട്ട കൊലയെപ്പറ്റിയും പല സ്ഥലത്തും മണിപ്പൂരിലും അതുപോലെത്തന്നെ ബാക്കിയുള്ള സ്ഥലത്തുമൊക്കെ നടക്കുന്ന കൃത്യങ്ങളെപ്പറ്റി പറഞ്ഞത് ആ പ്രമേയത്തിന് എതിരാണ്.

രണ്ടാമതൊരു വിഷയംകൂടി പറയാതിരിക്കാൻ കഴിയില്ല. അതായത്, കരിപ്പൂരിൽ സ്വർണ്ണം വരുന്നു. അതിനൊരു മതപരമായ അടിസ്ഥാനം കൊടുത്തത് ശരിയാണോ; ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇന്നലെ അത് ഒരു വിധത്തിൽ നിഷേധിച്ചു. നിങ്ങളെ അനുകൂലിക്കുന്ന മതസംഘടനകളുമില്ലേ; നിങ്ങൾക്ക് വോട്ടുചെയ്യുന്ന ആ മതത്തിൽപ്പെട്ടവരില്ലേ; ഇതിനെന്തിനാണ് ഒരു മതപരമായ അടിസ്ഥാനം നൽകിയത്; മതപരമായ അടിസ്ഥാനത്തിൽ ആ ചർച്ച.... ഞാൻ പറഞ്ഞതാണ്. മലപ്പുറം എന്നുള്ളത് ഇപ്പോൾ ടേം ചെയ്ത് ഇവിടെ ചർച്ച ചെയ്യുകയാണ്. മലപ്പുറം ഇവിടെ ചർച്ചയായ പല ഘട്ടങ്ങളുമുണ്ട്. പക്ഷേ, ഇപ്പോൾ മലപ്പുറത്തെക്കുറിച്ച് ഈ ചർച്ച നിങ്ങൾ കൊണ്ടുവന്നതാണ്. അത് മോശമായി. (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... അദ്ദേഹം പറയട്ടെ. അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ അടുത്ത കാലത്ത് അവിടെയൊരു എസ്.പി. ഉണ്ടായി. ഞങ്ങൾ ഈ നിയമസഭയിൽ ആ വിഷയം ഇതിനുമുമ്പ് പറഞ്ഞില്ലേ; രാഷ്ട്രീയമായിട്ടല്ലല്ലോ പറഞ്ഞത്. പെയിന്റിംഗ്

വർക്കെടുത്ത് നടക്കുന്ന ഒരാളാണ് താമിർ ജിഫ്രി. ജിഫ്രി എന്നുകേൾക്കുമ്പോൾ ഏതാണ്ട് വലിയൊരാളാണെന്ന് വിചാരിക്കേണ്ട, തൊഴിലാളിയാണ്. ഒരു പണിയുമില്ലാതെ നടക്കുന്നവനാണ് ഇവർ തല്ലിക്കൊന്ന താമിർ ജിഫ്രി. അയാളുടെ ജ്യേഷ്ഠനെ കുറിച്ച് അന്വേഷിച്ചാൽ മതിയല്ലോ; ഞങ്ങളുടെ പാർട്ടിക്കാരനൊന്നുമല്ല. ഇങ്ങനെ നടക്കുന്നൊരു തൊഴിലാളിയാണ്. തല്ലിക്കൊന്നു. എന്തൊരു ക്രൂരതയാണ് കാണിച്ചത്. അയാളെ അവിടെനിന്നും ഉടനെ ട്രാൻസ്ഫർ ചെയ്യണമെന്ന് ഞങ്ങൾ പറഞ്ഞു. ഞാനിവിടെ വന്ന് അത് സംസാരിക്കുകയുണ്ടായി. പക്ഷേ, പിൽക്കാലത്ത് നടന്ന സംഭവ വികാസങ്ങൾ... ഇത്ര കേസ് പിടിക്കണം. അതിൽ ഇത്രയെണ്ണം മയക്കുമരുന്ന് ആയിരിക്കണം. കുറ്റകൃത്യങ്ങൾ വർധിപ്പിക്കാൻ, ബൈക്കിന്റെ പിന്നിൽ പോയാൽമതി, അതിനൊരു കേസ്. നമ്പർ വർധിപ്പിക്കാൻ. ഇങ്ങനെയൊരു പ്ലാനിംഗ് നടക്കുന്നുണ്ടെന്ന് ഞങ്ങൾ അന്ന് പറഞ്ഞില്ലേ; അത് നിങ്ങൾ ശ്രദ്ധിച്ചോ; എന്തിനാണ് മലപ്പുറം ജില്ലയിൽ ക്രൈമുകൾ കൂടുതലാണ് എന്നാക്കിയത്. അതിന്റെ പിന്നിൽ എന്തോ പ്ലാനിംഗുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ കണക്കുകൾ അനുസരിച്ച് മലപ്പുറം ജില്ലയെ ഒന്നാമതാക്കി എന്നാണ് അങ്ങ് പറഞ്ഞത്. ഒന്നാമതല്ല, കേരളത്തിനകത്ത് നാലാമത്തെയോ അഞ്ചാമത്തെയോ സ്ഥാനമാണ്. ജനസംഖ്യാനുപാതം നോക്കിയാൽ അതിനെക്കാളും താഴെയാണെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എസ്.പി. സുജിത് ദാസ് അവധി കഴിഞ്ഞിട്ടും പിന്നെയും കുറെക്കാലം അവിടെയിരുന്നു. നിങ്ങൾ ഇരുത്തി, ഭരണം നിങ്ങളുടേതല്ലേ; അദ്ദേഹത്തിന്റെ അവധി കഴിഞ്ഞു. എന്നാലെങ്കിലുമൊന്ന് മാറ്റൂ എന്ന് ഞങ്ങൾ പറഞ്ഞു, മാറ്റിയില്ല. അദ്ദേഹമാണ് ശ്രമിച്ചിട്ട്... അദ്ദേഹത്തിന്റെ കാലത്ത് 40 ഇരട്ടി ക്രൈം കൂട്ടി. നിങ്ങൾ എന്തുകൊണ്ട് ശ്രദ്ധിച്ചില്ല; ഇപ്പോൾ ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.-യെക്കൊണ്ട് ഇത് പറയിപ്പിക്കേണ്ടിയിരുന്നോ; നിങ്ങൾ എന്തുകൊണ്ട് ശ്രദ്ധിച്ചില്ല. വലിയ അനീതി നടന്നു. അത് വസ്തുതയാണ്. അതൊക്കെ പോട്ടെ. ഇപ്പോൾ ദേശവിരുദ്ധതയ്ക്ക് പണം വരുന്നൊരു സ്ഥലമാണെന്ന നിലയിൽ മലപ്പുറത്തെ ടേം ചെയ്യേണ്ട വല്ല ആവശ്യവും നിങ്ങൾക്കുണ്ടോ? മലപ്പുറം ജില്ല

നിങ്ങൾ കൊടുത്തതാണ്, ഞങ്ങളുടെ ചരിത്രം ഇന്നതാണ്, മതേതരമാണ് എന്നെല്ലാം നിങ്ങൾ പറയുന്നത് എന്തിനാണ്, ഞങ്ങളാരെങ്കിലും അതിൽ തർക്കം ഉന്നയിച്ചോ; ഇല്ലല്ലോ? നമ്മളെല്ലാം ഒന്നിച്ചിരുന്ന് കൊടുത്തതാണ്, പക്ഷേ ഇങ്ങനെയെല്ലാം ഇപ്പോൾ പറയുന്നത് എന്തുകൊണ്ടാണ്; നിങ്ങൾ കാർഡ് മാറ്റിക്കളിക്കുകയാണോ; ഇപ്പോൾ ഇത്തരത്തിലുള്ള ഒരു പ്രചരണം എന്തിനുവേണ്ടിയാണ്? ഏത് നയം സ്വീകരിക്കാനും നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. വലിയതോതിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ആയുധമാണ് നിങ്ങളെടുത്ത് പ്രയോഗിക്കുന്നത്, അക്കാര്യം മറക്കരുതെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. അത് ദൂരവ്യാപകമായ അനുരണനങ്ങൾ സൃഷ്ടിക്കുന്നതാണ്, അതുകൊണ്ട് അത്തരം കാര്യങ്ങളിൽ തിരുത്തൽ വരുത്തണം. ഇത്തരം കാര്യങ്ങൾക്കായി ഉന്നത ഉദ്യോഗസ്ഥർ പിന്തുണ കൊടുത്തതും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട നിങ്ങളുടെ ഗവൺമെന്റ് ആ ഉദ്യോഗസ്ഥർക്ക് പിന്തുണകൊടുത്തതും കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകമാനം ഇന്ത്യാ മുന്നണിക്കടക്കം ക്ഷീണമുണ്ടാക്കുമെന്നതിനാൽ

അത്തരത്തിലുള്ള നയങ്ങൾ തീർച്ചയായും തിരുത്തപ്പെടണമെന്ന് സൂചിപ്പിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ആർ.എസ്.എസ്. അവരുടെ ബൈബിളായി കാണുന്നത് Bunch of Thoughts (വിചാരധാര) എന്ന ഗോൾവൽക്കറുടെ പുസ്തകമാണ്. അതിൽ ഒരേയൊരു രാഷ്ട്രീയ ഗ്രൂപ്പിനെക്കുറിച്ച് മാത്രമെ പറഞ്ഞിട്ടുള്ളൂ. അത് കോൺഗ്രസ്സുകാരെക്കുറിച്ചോ സോഷ്യലിസ്റ്റുകാരെക്കുറിച്ചോ അല്ല. രണ്ട് മതവിഭാഗങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, ഇന്ത്യയുടെ ശത്രുക്കൾ ആരാണ്, ഹിന്ദുത്വ പൈതൃക സംസ്കാരത്തിന്റെ ശത്രുക്കൾ ആരാണ് തുടങ്ങിയവയെല്ലാം എണ്ണിപ്പറഞ്ഞപ്പോൾ മുസ്ലീംങ്ങളെക്കുറിച്ചും ക്രൈസ്തവരെക്കുറിച്ചും പറഞ്ഞു, പക്ഷെ ഒരു പൊളിറ്റിക്കൽ ഗ്രൂപ്പിനെക്കുറിച്ചുമാത്രമെ അതിൽ പറഞ്ഞിട്ടുള്ളൂ. അത് ആരെക്കുറിച്ചാണ്? ഗോൾവൽക്കർ അങ്ങനെ പറഞ്ഞത് കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചാണ്. ആ കമ്മ്യൂണിസ്റ്റുകാർ ആർ.എസ്.എസ്.-ന്റെ കൂടെനിൽക്കുന്നുവെന്ന് ആക്ഷേപിക്കുന്നത് എന്തുമാത്രം അബദ്ധജടിലമാണ്. നമ്മുടെ രാജ്യത്ത് ഇതുവരെ നടന്നിട്ടുള്ള പലകാര്യങ്ങളും നമുക്ക് എടുത്ത് പരിശോധിക്കാം.

ആർ.എസ്.എസ്.-നെ എതിർക്കുന്നുവെന്ന് പറയുന്ന കോൺഗ്രസുകാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു? ഇരുപത്തിയൊന്ന് വയസ്സുമാത്രം പ്രായമുണ്ടായിരുന്ന സമയത്ത്, ശ്രീ. പി. ടി. എ. റഹീം സാഹിബ് മൊയ്തീൻ പള്ളിയിൽ നിൽക്കുമ്പോഴാണ് അന്ന് ജനസംഘത്തിനുവേണ്ടി, ഉത്തരേന്ത്യയിൽനിന്നും ധാരാസിംഗിന്റെ നേതൃത്വത്തിൽ വന്ന ഗുസ്തി ചാമ്പ്യന്മാരും കായികതാരങ്ങളുമായിട്ടുള്ള ഒരു സംഘം മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരായി ഒരു പ്രകടനവും സമ്മേളനവും നടത്തിയത്. ആ സമ്മേളനത്തിൽ കേട്ട മുദ്രാവാക്യം അദ്ദേഹം ഇന്നും ഓർത്തെടുത്ത് എന്നോട് പറഞ്ഞു,

“ ഊപ്പർ ദേഖോ, മസ്ജിദ്, മസ്ജിദ്,

സാംമ്നെ ദേഖോ, മസ്ജിദ്, മസ്ജിദ്,

പീഛേ ദേഖോ, മസ്ജിദ്, മസ്ജിദ്,

പൂരേ, പൂരേ, മസ്ജിദ്, മസ്ജിദ്. ”

പള്ളിമിനാരങ്ങളെ ചൂണ്ടിയാണ് അങ്ങനെ പറഞ്ഞത്,

മേൽപ്പോട്ട് നോക്കു, പള്ളികൾ,

പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കൂ, പള്ളികൾ,

മുന്നിലേയ്ക്ക് നോക്കൂ, പള്ളികൾ, അങ്ങനെ എവിടെ നോക്കിയാലും പള്ളികളുള്ള ഒരു ജില്ല എന്തിനെന്ന് ചോദിച്ചുകൊണ്ട് പ്രകടനം നടത്തിയ ജനസംഘത്തിന്റെ കൂടെനിന്ന് 'ഇനി എന്തിനൊരു പാക്കിസ്ഥാൻ' എന്ന് ചോദിച്ചവരല്ലേ കോൺഗ്രസ്സുകാർ? മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ ...(...ബഹളം..)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടേ..

ഡോ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ "കുട്ടിപ്പാക്കിസ്ഥാൻ" എന്നുവിളിച്ചത് ആരാണ്? (....ബഹളം...)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടേ, മറുപടി പറയാൻ പ്രതിപക്ഷനേതാവില്ലേ; പ്രതിപക്ഷനേതാവിന്റെ പ്രസംഗമില്ലേ; അപ്പോൾ സംസാരിച്ചോളൂ (....ബഹളം...). അദ്ദേഹത്തിന്റെ പ്രസംഗം ഇന്ററപ്റ്റ് ചെയ്യുന്ന രീതി ശരിയല്ല, ഇത് ശരിയല്ല, നിങ്ങൾ മറുപടി പറഞ്ഞുകൊള്ളൂ.. മറുപടി പറയാൻ പ്രതിപക്ഷനേതാവില്ലേ; അദ്ദേഹം പറയട്ടേ...

(പ്രതിപക്ഷാംഗങ്ങൾ ബഹളംവച്ച് ഡയസിന് സമീപത്തേയ്ക്ക് വന്നു.)

ശ്രീ. എം. വിൻസെന്റ്: സർ, എന്ത് തോന്ന്യാസമാണ് പറയുന്നത്... (മൈക്ക് ഓഫ്) (...ബഹളം...)

മി. സ്പീക്കർ: പരിശോധിക്കാം, ഇങ്ങനെ വന്നിട്ടല്ല പറയേണ്ടത്, ഇരിക്കൂ.. അതിനെല്ലാം ഒരു ക്രമമുണ്ട്, ഫ്ലോറിന് ഒരു ക്രമമുണ്ട്, പറയേണ്ടത് ഇവിടെ വന്നല്ല.. വെല്ലിൽനിന്നല്ല പറയേണ്ടത്, അതിനൊരു ക്രമമുണ്ട്.. മുദ്രാവാക്യം വിളിക്കലല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവരോട് ഇരിക്കാൻ പറയണം... (...ബഹളം...) അതാ, പ്രതിപക്ഷ നേതാവ് പറഞ്ഞു, അദ്ദേഹം പറയുന്നത് കേൾക്കൂ.. പ്ലീസ്... പ്ലീസ്... ട്രഷറി ബെഞ്ചിലുള്ളവർ ഇരിക്കണം.. ബഹുമാനപ്പെട്ട കെ. ടി. ജലീൽ ഇരിക്കണം... പ്രതിപക്ഷനേതാവ് സംസാരിക്കട്ടേ...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): Sir, I am on a Point of order. (....ബഹളം...) ഇല്ല, ഞാൻ ഇടപെടുന്നില്ല, അങ്ങയുടെ പ്രസംഗത്തിൽ ഇടപെടുന്നില്ല, അതുകൊണ്ട് അങ്ങേയ്ക്ക് സമയം കിട്ടും. ഒരിക്കലും നിയമസഭയ്ക്കകത്ത് പറയാൻ പാടില്ലാത്ത ഒരു സ്റ്റേറ്റ്മെന്റാണ് അദ്ദേഹം പറഞ്ഞത്, (....ബഹളം...) എന്തിനാണ് ഭരണപക്ഷം ബഹളമുണ്ടാക്കുന്നത്.

<u>മി. സ്പീക്കർ</u>: അദ്ദേഹം പറയട്ടേ...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ജനസംഘത്തിന്റെ കൂടെനിന്നുകൊണ്ട്, ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും ഉണ്ടായിരുന്ന കാലത്ത്, പാക്കിസ്ഥാൻ എന്തിനാണെന്ന് കോൺഗ്രസ് ചോദിച്ചുവെന്ന് പറയുന്നു, എന്തൊരു ഗാന്ധി നിന്ദയും നെഹ്റു നിന്ദയുമാണ് അദ്ദേഹം നടത്തിയത്; ഈ രാജ്യത്ത് വിഭജനമുണ്ടാകരുത് എന്നാഗ്രഹിച്ച പാർട്ടിയാണ് കോൺഗ്രസ്. കോൺഗ്രസ് സംസാരിച്ചത് ജനസംഘത്തിന്റെ കൂടെനിന്നാണോ? ദയവുചെയ്ത് അങ്ങ് പറഞ്ഞത് പിൻവലിക്കണം, അല്ലെങ്കിൽ രേഖകളിൽനിന്ന് മാറ്റണം, ഇവിടെ നടത്തിയത് ഗാന്ധി നിന്ദയാണ്..

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നം പരിശോധിച്ച് ആവശ്യമായത് ചെയ്യാം...+

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് മറ്റൊരു രീതിയിലാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്, മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ ജനസംഘം നടത്തിയ ജാഥയിൽ ഉയർന്നുവന്ന

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിലനിർത്തി. (ഫയൽ നമ്പർ 17326/ഇ.ബി/2024/ലെജി.)

മുദ്രാവാക്യത്തെക്കുറിച്ചാണ്, ആ മുദ്രാവാക്യത്തിൽ കോൺഗ്രസ് ചേർന്നിരുന്നു. ഇത് മുസ്ലീം ലീഗിന്റെ... (ബഹളം...) ഞാൻ പറയട്ടെ...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ...

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, മുസ്ലീം ലീഗിന്റെ നേതാവായിട്ടുള്ള എം. ഹക്കിംജി സാഹിബ്, ഈ നിയമസഭയിൽ നടത്തിയ പ്രസംഗമുണ്ട്, (പ്രസംഗത്തിന്റെ രേഖ ഉയർത്തിക്കാട്ടുന്നു) മുഴുവൻ വായിക്കാൻ ഇപ്പോൾ സമയമില്ല. " രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്നിട്ടും അന്ന് പ്രധാനമന്ത്രിയായിരുന്ന നെഹ്റു രാജിവച്ചില്ലല്ലോ " എന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്. " പുതുതായി രണ്ട് ജില്ലകൾ ഈ സംസ്ഥാനത്ത് ആസന്നമായി രൂപംകൊള്ളുന്നു. ജില്ലകളും താലൂക്കുകളുമുണ്ടാകുന്നത് സ്വാഭാവികമാണ്....... അതിനെതിരെ ഓലപ്പാമ്പ് കാണിച്ചുകൊണ്ട് കോൺഗ്രസ് ഉൾപ്പെടെയുള്ളവർക്ക് മതപരമായ ലഹളയുണ്ടാക്കിക്കളയാമെന്നാണ് ഭാവമെങ്കിൽ, നിങ്ങളും നിങ്ങളുടെ സിൽബന്ധികളായ ജനസംഘക്കാരും (എന്നുവച്ചാൽ കോൺഗ്രസ്സും

കോൺഗ്രസ്സിന്റെ സിൽബന്ധികളായ ജനസംഘക്കാരും എന്നാണ് അദ്ദേഹം പറയുന്നത്) അക്കാര്യത്തിൽ പരാജയപ്പെടാൻ പോകുകയാണ് ” അന്നത്തെ മുസ്ലീം ലീഗ് എം.എൽ.എ.-യുടെ പ്രസംഗം ഒന്ന്.... (...ബഹളം.....)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചു, പരിശോധിക്കാമെന്ന് ചെയർ പറഞ്ഞുംകഴിഞ്ഞു. ക്രമപ്രശ്നം ഇപ്പോൾ എല്ലാവർക്കും ഉന്നയിക്കാൻ പറ്റുന്നതല്ല. ശ്രീ. അൻവർ സാദത്ത്, പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യം ചെയർ പരിശോധിക്കാമെന്ന് പറഞ്ഞുകഴിഞ്ഞു, ഡോ. കെ. ടി. ജലീൽ തുടരൂ...

ഡോ. കെ. ടി. ജലീൽ: സർ, എനിക്ക് പ്രൊട്ടക്ഷൻ വേണം, അവർ ഇങ്ങനെ സംസാരിക്കുമ്പോൾ എനിക്ക് സംസാരിക്കാനാകില്ല. പ്രതിപക്ഷനേതാവ് അത്തരത്തിൽ സംസാരിക്കാറില്ല, അവർ ശബ്ദിക്കുമ്പോൾ സംസാരിക്കാൻ പറ്റില്ല...

മി. സ്പീക്കർ: അങ്ങനെ പറഞ്ഞാൽ ശരിയാകില്ല, രണ്ടുഭാഗത്തുനിന്നും ശബ്ദിച്ചിട്ടുണ്ട്, സംസാരിക്കൂ, അവർ ഇരുന്നുകൊള്ളും.. അങ്ങ്, സംസാരിക്കൂ..

ഡോ. കെ. ടി. ജലീൽ: സർ, ഭരണപക്ഷത്തുനിന്നും ബഹളംവയ്ക്കുമ്പോൾ പ്രതിപക്ഷനേതാവ് സംസാരിക്കാറില്ലല്ലോ? അവർ ഇരിക്കട്ടേ... കേൾക്കൂ... You hear me...

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ചേംബറിനുമുമ്പിൽ നിന്നുകൊണ്ട് പ്രതിഷേധം തുടരുന്നു..)

xxxxxxxx+ (ബഹളം...) ഞാൻ പറയട്ടേ... പഴയ ചരിത്രം അറിയില്ലെങ്കിൽ അത് പഠിക്കൂ..

മി. സ്പീക്കർ: ഇരിക്കൂ... അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടെ.. (ബഹളം..) ക്രമപ്രശ്നം അനുവദിക്കണമെങ്കിൽ ഇരിക്കണം.. ഡോ. കെ. ടി. ജലീൽ അവിടെ ഇരിക്കൂ... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ... ശ്രീ. എൻ. ഷംസുദ്ദീൻ, മൈക്ക് തരണമെങ്കിൽ നിങ്ങളുടെ കൂടെയുള്ളവരെ സീറ്റിൽ ഇരുത്തിക്കണം (ബഹളം.. ) ബഹളംവയ്ക്കുന്നവരെ ഒപ്പോസിഷൻ ലീഡർ വിളിക്കുന്നു.. അങ്ങോട്ട് ചെല്ലൂ.. അവിടെ ഇരിക്കൂ..

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു

(ഫയൽ നമ്പർ 17326/ഇ.ബി/2024/ലെജി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എല്ലാവർക്കും പ്രസംഗിക്കാനുള്ള അവകാശമുണ്ട്. ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ അക്കാര്യം പരിശോധിച്ചതിനുശേഷം നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യാമെന്ന് പറഞ്ഞു. റൂളിങ് വരുമ്പോൾ അങ്ങ് പരിശോധിച്ചശേഷം നീക്കം ചെയ്യും. അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞ അതേ വാചകം ബഹുമാനപ്പെട്ട അംഗം ആവർത്തിച്ചത് ശരിയാണോ? ഇക്കാര്യം ചെയ്തത് ഞങ്ങളാണെങ്കിൽപോലും അത് പാടില്ല. അതേ വാചകം വീണ്ടും ആവർത്തിക്കുന്നത് ശരിയാണോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗം തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയായ കാര്യമല്ല. ഇതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിക്കുന്നുണ്ടല്ലോ; അദ്ദേഹത്തിന് ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താമല്ലോ; (.....ബഹളം.....) നേരത്തെ പ്രതിപക്ഷനേതാവ് ഉപയോഗിച്ച വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല. ആ വാക്ക് നിങ്ങൾക്ക് ബാധകമാണ്. അടിയന്തരപ്രമേയത്തിന്റെ ചർച്ച

നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവസരവുമുണ്ട്. ഇവിടെ കഴിഞ്ഞദിവസം സഭയിലുണ്ടായ ഒരു രീതിയിലേയ്ക്ക് പോകുന്നതിന്റെ ലക്ഷണമാണ് കാണുന്നത്. (....ബഹളം....) അല്ലെങ്കിൽ ചർച്ചയുമായി സഹകരിക്കുകയല്ലേ ചെയ്യേണ്ടത്?

ഡോ. കെ. ടി. ജലീൽ: ഭാരതീയ ജനസംഘവും കോൺഗ്രസ്സുമാണ് അന്ന് മലപ്പുറം ജില്ലാ രൂപീകരണത്തെ അതിശക്തമായി എതിർത്തത്. കോൺഗ്രസ് മലപ്പുറം ജില്ലയിലുടനീളം ജാഥ നടത്തിപ്പറഞ്ഞത് എന്തായിരുന്നു? മലപ്പുറം ജില്ല വന്നാൽ താനൂർ കടപ്പുറത്ത് പാക്കിസ്ഥാന്റെ പടക്കപ്പലെത്തുമെന്നാണ്. അന്ന് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് താനൂരിൽ ചേർന്ന വമ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞത്. മലപ്പുറം ജില്ല വന്നാൽ താനൂർ കടപ്പുറത്ത് പാക്കിസ്ഥാന്റെ പടക്കപ്പലെത്തുമെന്നാണ് ഇവിടെ ചിലയാളുകൾ പറയുന്നത്. എന്നാൽ ഞാൻ അവരെ ഓർമ്മിപ്പിക്കട്ടെ. (......ബഹളം.....) എന്താണ് ഇത്?

<u>മി. സ്പീക്കർ</u>: ഇങ്ങനെ പ്രകോപിതരാകേണ്ട കാര്യമെന്താണ്? അടുത്തതായി പ്രതിപക്ഷനേതാവിന്റെ പ്രസംഗമുണ്ടല്ലോ; ഇപ്പോൾ അദ്ദേഹം സംസാരിക്കട്ടെ.

<u>ഡോ. കെ. ടി. ജലീൽ</u>: മലപ്പുറം ജില്ല രൂപീകരിക്കപ്പെടുകയും പാക്കിസ്ഥാന്റെ പടക്കപ്പൽ താനൂർ കടപ്പുറത്ത് വരികയും ചെയ്താൽ അറബിക്കടലിന്റെ വിരിമാറിലൂടെയായിരിക്കും ആ കപ്പലെത്തുന്നത്. അറബിക്കടലിന്റെ വിരിമാറിൽ വച്ച് പാക്കിസ്ഥാന്റെ പടക്കപ്പലിനെ തോൽപ്പിക്കാൻ ഇന്ത്യയുടെ നാവികപ്പടയ്ക്ക് കഴിയില്ലെങ്കിൽ പണ്ഡിറ്റ്ജീ.. ആ നാവികപ്പട പിരിച്ചുവിട്ടേയ്ക്കൂ എന്നും ജില്ല ഞങ്ങൾക്ക് വേണമെന്നും സി. എച്ച്. മുഹമ്മദ് കോയ പ്രഖ്യാപിച്ചു. സി. എച്ച്. മുഹമ്മദ് കോയ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട മകൻ പറയട്ടെ, ഞാൻ വെല്ലുവിളിക്കുകയാണ്. ഞാൻ സി. എച്ച്. മുഹമ്മദ് കോയയുടെ എല്ലാ പ്രസംഗങ്ങളും എഴുതപ്പെട്ട എല്ലാ ലേഖനങ്ങളും വായിച്ചിട്ടുണ്ട്. ഞാൻ വെറുതെ പറയുന്നതല്ല. ശ്രീ. പി. കെ. ബഷീർ ഒരു ബുക്കുപോലും വായിച്ചിട്ടേയുണ്ടാകില്ല. അതുകൊണ്ട് അദ്ദേഹത്തിന് ആ കാര്യം അറിഞ്ഞുകൊള്ളണമെന്നില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ശ്രീ. പി. കെ. ബഷീർ വായിച്ചോ വായിച്ചില്ലേ എന്ന് തർക്കിക്കാൻ ഇവർ ആരാണ്? **XXX**+

<u>മി. സ്പീക്കർ</u>: പ്ലീസ്......... പ്ലീസ്...... ഡോ. കെ. ടി. ജലീൽ വ്യക്തിപരമായ പരാമർശങ്ങൾ ഒഴിവാക്കണം. (.....ബഹളം.....)

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ശ്രീ. പി. കെ. ബഷീറിൽനിന്ന് എനിക്ക് പ്രൊട്ടക്ഷൻ വേണം. (......ബഹളം.......)

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ സീറ്റിലിരിക്കണം. (......ബഹളം.......) പ്ലീസ്...... പ്ലീസ്.......

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ബഹുമാന്യനായ അംഗം ഡോ. കെ. ടി. ജലീലിനെക്കുറിച്ച് ഒരു തവണയല്ല രണ്ട് തവണ ആവർത്തിച്ച ഒരു പദം, എനിക്ക് ഇവിടെ പറയാൻ കഴിയുന്നതല്ല. അങ്ങേയറ്റത്തെ വ്യക്തിപരമായ അധിക്ഷേപമാണ് നടത്തിയത്. അങ്ങ് അത് പരിശോധിക്കണം. (......ബഹളം.......) അങ്ങ് അത് പരിശോധിക്കണം. (......ബഹളം.......) ഞെട്ടിപ്പിക്കുന്ന പരാമർശമാണ് നടത്തിയത്.

---

\+ X ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കി

<u>മി. സ്പീക്കർ</u>: യെസ്.... യെസ്..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. വ്യക്തിപരമായ പരാമർശങ്ങൾ ആർക്കുനേരെ നടത്തിയതും രേഖയിലുണ്ടാകില്ല. ഒപ്പം അൺ പാർലമെന്ററിയായ വാക്ക് ഉപയോഗിച്ചതും രേഖയിലുണ്ടാകില്ല.

<u>ഡോ. കെ. ടി. ജലീൽ</u>: സി. എച്ച്. മുഹമ്മദ് കോയ സാഹിബ്.... (...ബഹളം...) മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരായി ഭാരതീയ ജനസംഘത്തിന്റെ കൂടെചേർന്നുകൊണ്ട് അന്ന് സമരം നടത്തിയ കോൺഗ്രസ്സുകാർക്കെതിരായി സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞ വാക്കുകളാണ് ഞാൻ പറഞ്ഞത്. അല്ലാതെ അത് എന്റെ വാക്കുകളല്ല. ഇക്കാര്യം ശരിയാണോയെന്ന് പഴമക്കാരായ ലീഗുകാരോട് ചോദിച്ചുനോക്കണം. ഞാൻ അത് വായിച്ചിട്ടുണ്ട്. അന്ന് സി. എച്ച്. മുഹമ്മദ് കോയ അങ്ങനെ പ്രസംഗിച്ചത് പലരും പറയുന്നത് ഞാൻ കേട്ടിട്ടുമുണ്ട്. ജില്ലാ രൂപീകരണത്തെ മാത്രമല്ല കോൺഗ്രസ്സ് അല്ലെങ്കിൽ ഭാരതീയ ജനസംഘക്കാർ എതിർത്തത്. കാലിക്കറ്റ് സർവകലാശാല വന്നപ്പോൾ പലരും ഇവിടെ പറഞ്ഞിരുന്നത് മലബാറിലെ അലീഗഡ് സർവകലാശാല മലപ്പുറം ജില്ലയിൽ സ്ഥാപിതമാകാൻ

പോകുന്നവെന്നുള്ളതാണ്. മലപ്പുറം ജില്ലാ രൂപീകരണത്തെയും മലപ്പുറത്തിന്റെ ഉൾക്കാമ്പിനെയും എതിർത്തത് ഭാരതീയ ജനസംഘവും ഭാരതീയ ജനസംഘത്തിന്റെ കൂടെനിന്ന കോൺഗ്രസ്സുമാണ്. 1921-ലെ മലബാർ കലാപത്തെ വർഗ്ഗീയ കലാപമായി ചിത്രീകരിച്ചത് ആരാണ്? അവരെ എന്നാണ് നിങ്ങൾ സ്വാതന്ത്ര്യ സമരസേനാനികളായി അംഗീകരിച്ചത്? 1921-ലെ ബ്രിട്ടീഷ് വിരുദ്ധ സമരത്തെ.......... പ്രതിപക്ഷനേതാവേ അങ്ങ് ഒന്നുകേൾക്കണം. അങ്ങ് പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ മറ്റൊരു അംഗം ഇടയ്ക്ക് സംസാരിച്ചാൽ  ഞാൻ സംസാരിക്കില്ല, അവർ നിർത്തട്ടെയെന്ന് പറയുമല്ലോ; എനിക്കും അങ്ങനെ തന്നെയാണ്. മറ്റൊരാൾ അവിടെനിന്ന് സംസാരിക്കുമ്പോൾ എനിക്കും സംസാരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇങ്ങനെ ജനസംഘത്തിന്റെ കൂടെനിന്നുകൊണ്ട് കോൺഗ്രസ്സാണ് മലപ്പുറത്തിന്റെ ഉള്ളടക്കത്തെയും സംസ്കാരത്തെയും എതിർത്തത്. 1921-ലെ മലബാർ കലാപത്തെ ഒറ്റുകൊടുത്തതും അത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമല്ലെന്ന് 1972 വരെ പറയുകയും ചെയ്തത് കോൺഗ്രസ്സാണ്.  1972-ൽ ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിന്റെ

ശക്തമായ ആവശ്യത്തെത്തുടർന്ന് 1921-ലെ മലബാർ കലാപത്തെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി അംഗീകരിക്കാൻ നിർബന്ധിതമാകുകയാണുണ്ടായത്. (...ബഹളം...) ഡോ. മാത്യു കുഴൽനാടൻ ഞാൻ അതിലേയ്ക്കാണ് വരുന്നത്.....

മി. സ്പീക്കർ: അങ്ങയുടെ സമയം പോകുന്നുണ്ട്. അഞ്ച് മിനിട്ടായി. ഇനി സമയം നൽകാൻ കഴിയില്ല.

ഡോ. കെ. ടി. ജലീൽ: നിങ്ങൾ സംസാരിക്കുമ്പോൾ എനിക്ക് സംസാരിക്കാൻ കഴിയില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ സംസാരിക്കാൻ തുടങ്ങിയപ്പോൾതന്നെ പ്രതിപക്ഷാംഗങ്ങൾ തടസ്സപ്പെടുത്തുകയായിരുന്നു. ഇതുകഴിഞ്ഞാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ളതാണ്. ഇതേ സമീപനമാണോ അദ്ദേഹവും പ്രതീക്ഷിക്കുന്നത്? അങ്ങനെയാണ് പ്രതീക്ഷിക്കുന്നതെങ്കിൽ പ്രതിപക്ഷം ബഹളം വച്ചോട്ടെ, ബാക്കി ഞങ്ങളും നടത്തിക്കൊള്ളാം. (ബഹളം)

<u>മി. സ്പീക്കർ</u>: അങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും തർക്കിക്കേണ്ട ആവശ്യമില്ല. ഡോ. കെ. ടി. ജലീൽ ദയവായി പ്രസംഗം തുടരൂ. അങ്ങയുടെ സമയം പൊയ്ക്കൊണ്ടിരിക്കുകയാണ്. (ബഹളം)

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പ്രതിപക്ഷാംഗങ്ങൾ എന്റെ സമയം അപഹരിക്കുകയാണ്. മറ്റുള്ളവർ സംസാരിക്കുന്നതിനിടയ്ക്ക് എനിക്ക് സംസാരിക്കാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: അധിക സമയം നൽകാൻ സാധിക്കില്ല. (ബഹളം....)

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഈ സഭയിൽ ആർ.എസ്.എസ്. അനുകൂല നിലപാട് സ്വീകരിച്ചിട്ടുള്ള ആളുകളുടെ ഒരു പട്ടികയെടുത്താൽ ആരാണ് അതിൽ മുൻപന്തിയിൽ നിൽക്കുന്നത്; ആർ.എസ്.എസ്.-ന്റെ ഏതെങ്കിലും ഒരു ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇന്നുവരെ സംസാരിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഗോൾവൽക്കറുമായി ബന്ധപ്പെട്ട ഒരു സെമിനാറിൽ സംസാരിച്ചില്ലേ; വിളക്ക് കൊളുത്തി തൊഴുതില്ലേ? കേരള രാഷ്ട്രീയത്തിലല്ല, ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും വലിയ ആർ.എസ്.എസ്. വിരുദ്ധർ ആരാണെന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ. അത് ഈ രാജ്യത്തെ

ഇടതുപക്ഷക്കാരാണ്, കമ്മ്യൂണിസ്റ്റുകാരാണ്. ആർ.എസ്.എസ്. വിരുദ്ധമായി സംസാരിച്ചതിനും പ്രവർത്തിച്ചതിനും ഒരു അവാർഡ് ഏർപ്പെടുത്തിയാൽ അതിന് ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും അർഹൻ സഖാവ് പിണറായി വിജയനല്ലാതെ മറ്റാരാണ്? ബാബറി മസ്ജിദിന്റെ താഴികക്കുടങ്ങൾ തകർന്നുവീഴുമ്പോൾ തനിക്കറിയാവുന്ന ഒരു ഭാഷയിലെങ്കിലും 'NO' എന്ന് പറഞ്ഞോ പി. വി. നരസിംഹറാവു? ബാബറി മസ്ജിദ് തകർത്ത സ്ഥലത്ത് പള്ളി നിർമ്മിക്കാൻ അനുവാദം നൽകേണ്ടതിന് പകരം ക്ഷേത്രനിർമ്മാണത്തിന്റെ ശിലാന്യാസം നടത്താൻ ആരാണ് സൗകര്യമൊരുക്കിക്കൊടുത്തത്? കമ്മ്യൂണിസ്റ്റ് പാർട്ടിയാണോ? ഇടതുപക്ഷമാണോ? കോൺഗ്രസ്സാണെന്ന് പ്രതിപക്ഷം ഓർക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ബാബറി മസ്ജിദ് തകർന്ന സ്ഥലത്ത് രാമക്ഷേത്രം നിർമ്മിക്കുമ്പോൾ ഇതാ ഞങ്ങളുടെ വക സംഭാവന എന്നുപറഞ്ഞുകൊണ്ട് വെള്ളി ഇഷ്ടിക സമ്മാനിച്ചത് ആരാണ്? കോൺഗ്രസ്സല്ലേ? ഇടതുപക്ഷമാണോ, കമ്മ്യൂണിസ്റ്റ് പാർട്ടിയാണോ?

ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും ഞാനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകും. പക്ഷെ ഒരു കാര്യത്തിൽ അദ്ദേഹത്തിന് അഭിപ്രായവ്യത്യാസമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ രാജ്യത്ത് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സംഘ് പരിവാറിനെയും എതിർക്കാൻ എത്രയോ സഖാക്കളുടെ ജീവൻ ബലികൊടുത്തവരാണ് കമ്മ്യൂണിസ്റ്റുകാർ. അദ്ദേഹത്തിന്റെ കൂടെയിരിക്കുന്ന കോൺഗ്രസ്സുകാർ ഇന്നുവരെ ഏതെങ്കിലുമൊരു ആർ.എസ്.എസ്.-കാരനെതിരായി തമാശക്കെങ്കിലും അവരുടെ കൈയൊന്ന് ഉയർത്തിയിട്ടുണ്ടോ? കോൺഗ്രസ്സുകാർ അവരുടെ ഗ്രൂപ്പ് വഴക്കിനെത്തുടർന്ന് പരസ്പരം കൊന്നിട്ടുണ്ട്, എന്നാൽ ഒരു ആർ.എസ്.എസ്.-കാരനെ ഇന്നുവരെ.... (മൈക്ക് ഓഫ്).

മി. സ്പീക്കർ: ഡോ. കെ. ടി. ജലീലിന് സമയം അധികം അനുവദിച്ചതല്ല. ആദ്യം പ്രതിപക്ഷാംഗങ്ങൾ തടസ്സപ്പെടുത്തിയതിനുശേഷം സമയം റിവേഴ്സ് ഓർഡറിൽ വന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നിവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത് എന്താണ്? സംസ്ഥാനത്തിന്റെ

ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം, അദ്ദേഹത്തിന്റെ ദൂതനായി, 2023 മേയ് 22-ാം തീയതി ഔദ്യോഗിക കാർ മാറ്റി പ്രൈവറ്റ് കാറിൽ മറ്റൊരു ആർ.എസ്.എസ്. നേതാവിനോടൊപ്പം ആർ.എസ്.എസ്.-ന്റെ ക്യാമ്പ് നടക്കുന്ന പാറമേക്കാവ് വിദ്യാമന്ദിർ സ്കൂളിൽപോയി മണിക്കൂറുകളോളം ചർച്ച നടത്തി. ഈ ആരോപണം ആദ്യമായി ഉന്നയിച്ചത് ഞാനാണ്, അതായത് സെപ്റ്റംബർ 4-ാം തീയതി. എനിക്ക് ലഭിച്ച ഈ വിവരം ശരിയാണോയെന്ന് നൂറ് ശതമാനം പരിശോധിച്ചിട്ടാണ് അതൊരു ആക്ഷേപമായി ഞാൻ ഉന്നയിച്ചത്. ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രൻ ‘ ഉണ്ടയില്ലാത്ത വെടി’ എന്നുപറഞ്ഞ് ആദ്യം നിഷേധിച്ചു. ദത്താത്രേയ ഹൊസബെല്ല എന്ന ആർ.എസ്.എസ്. ജനറൽ സെക്രട്ടറി മൂന്ന് കൊല്ലക്കാലം തൃശ്ശൂരിൽ വന്നിട്ടില്ലെന്ന് ആർ.എസ്.എസ്. നേതാക്കൾ മാധ്യമങ്ങളിൽ വിളിച്ചുപറഞ്ഞു. ധൈര്യമുണ്ടെങ്കിൽ സ്റ്റേറ്റ്മെന്റ് എഴുതിക്കൊടുക്കാൻ ഞാനും പറഞ്ഞു. സി.പി.ഐ.(എം) നേതാക്കളും നിഷേധിച്ചു. ശ്രീ. എം. ആർ. അജിത് കുമാർ ആർ.എസ്.എസ്. നേതാക്കളെ

കണ്ടാൽ എന്താണ് കുഴപ്പം, അദ്ദേഹം സി.പി.ഐ.(എം) കാരനൊന്നുമല്ലല്ലോ എന്ന് ചിലർ ചോദിച്ചു. ഞങ്ങളുടെ ചോദ്യം ഇതാണ്. പത്ത് ദിവസത്തിനകം അദ്ദേഹം റാം മാധവ് എന്ന മറ്റൊരു മുതിർന്ന ആർ.എസ്.എസ്. നേതാവിനെയും കണ്ടു. എന്തിനാണ് കേരളത്തിലെ മുഖ്യമന്ത്രി ആർ.എസ്.എസ്. നേതാക്കളെ കാണാൻ ശ്രീ. എം. ആർ. അജിത് കുമാറിനെ പറഞ്ഞുവിട്ടത്? മുഖ്യമന്ത്രി പറഞ്ഞിട്ടല്ല പോയതെന്ന് നിങ്ങൾ പറഞ്ഞാൽ വാദത്തിനുവേണ്ടി ഞാനത് സമ്മതിക്കാം. മേയ് 23-ാം തീയതി രാവിലെ കേരളത്തിലെ മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് 'ഇന്നലെ അഡീഷണൽ ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) ആർ.എസ്.എസ്. നേതാവുമായി മണിക്കൂറുകളോളം സംസാരിച്ചു' എന്ന് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയാതെയാണ് പോയതെങ്കിൽ ശ്രീ. എം. ആർ. അജിത് കുമാറിനെ വിളിച്ച് പട്ടിൽപൊതിഞ്ഞ ഒരു ശകാരമെങ്കിലും കൊടുക്കണ്ടേ? ഡി.ജി.പി.-യോട് ഇദ്ദേഹത്തെക്കുറിച്ച് അന്വേഷിക്കാൻ പറയണ്ടേ? പറഞ്ഞോ? എന്തുകൊണ്ടാണ് അന്വേഷണ ഉത്തരവിടാതിരുന്നത്? കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടാണ് അദ്ദേഹം പോയത്. സി.പി.ഐ.

(എം) ശ്രീ. പിണറായി വിജയനെക്കുറിച്ച് പുകഴ്ത്തിപ്പറഞ്ഞോട്ടെ, കാരണം അതവരുടെ നേതാവാണ്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള അദ്ദേഹത്തിന്റെ കീഴിൽ വിശ്വസ്തനായി പ്രവർത്തിക്കുന്ന ഒരാൾ ആർ.എസ്.എസ്.-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയെയും നേതാക്കന്മാരെയും തുടർച്ചയായി കണ്ട് സംസാരിച്ചുവെന്ന് പറഞ്ഞിട്ട് അദ്ദേഹത്തെ വിളിച്ച് അന്വേഷിച്ചോ? അപ്പോഴും ലാ ആൻഡ് ഓർഡർ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായിരുന്നു. 2024 സെപ്റ്റംബർ 4-ാം തീയതി ഞാൻ ആരോപണമുന്നയിച്ചു. സെപ്റ്റംബർ 25-ാം തീയതി അന്വേഷണത്തിന് ഉത്തരവിട്ടു. 2023 മേയ് 22-ൽ നടത്തിയ കൂടിക്കാഴ്ചയെക്കുറിച്ച് അന്വേഷിക്കാൻ 2024 സെപ്റ്റംബർ 25-ാം തീയതിയാണോ ഉത്തരവിടുന്നത്? 2023 ജൂൺ 1-ാം തീയതി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയെക്കുറിച്ച് അന്വേഷണത്തിന് 16 മാസം കഴിഞ്ഞ് ഉത്തരവിട്ടാൽ അതിനെ പ്രഹസനം എന്നല്ലാതെ ഞങ്ങൾ എന്തുവിളിക്കും. ഞങ്ങളുടെ ചോദ്യം വളരെ സിമ്പിളാണ്. സി.പി.ഐ.(എം)-ന് സെൻട്രൽ ഏജൻസികളുടെ കേസ്സുകളുണ്ട്, അത് ഒത്തുതീർപ്പാക്കണം. അതിന്

ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കണം. ഞങ്ങൾ ആദ്യമായല്ലല്ലോ പറയുന്നത്. There is an unholy nexus between BJP and CPI(M) in Kerala. ഞങ്ങൾ സി.പി.ഐ.(എം)-ന്റെ ദേശീയ നേതൃത്വത്തെക്കുറിച്ച്, സീതാറാം യെച്ചൂരിയെക്കുറിച്ച് ആക്ഷേപമുന്നയിച്ചോ? കേരളത്തിലെ നേതാക്കന്മാരുമായാണ് ആർ.എസ്.എസ്.-ന് ബന്ധമുള്ളത്. ഈ ഉദ്യോഗസ്ഥന്മാരെ ഇതിന് മുമ്പും തെറ്റായ വഴികളിലൂടെ ഉപയോഗിച്ചിട്ടുണ്ട്. സ്വപ്ന സുരേഷ് മുഖ്യമന്ത്രിക്കെതിരായി പരാതി നൽകിയപ്പോൾ ആരാണ് പത്രപ്രവർത്തകരെ വിട്ടത്? സരിത്ത് എന്നയാളെ വിജിലൻസ് തട്ടിക്കൊണ്ടുപോയി അയാളുടെ ഫോൺ വാങ്ങിയില്ലേ? അതുസംബന്ധിച്ച് ആക്ഷേപമുണ്ടായപ്പോൾ ശ്രീ. എം. ആർ. അജിത് കുമാറിനെ വിജിലൻസ് ഡയറക്ടർ പദവിയിൽനിന്നും മാറ്റി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സഹായിക്കാനല്ലേ അദ്ദേഹം പോയത്, സ്വപ്ന സുരേഷിന്റെ കൂട്ടുകാരനെ പോലീസ് തട്ടിക്കൊണ്ടുപോയി ഫോൺ വാങ്ങിയെടുത്തത്. എന്നിട്ട് ആരോപണമുയർന്നപ്പോൾ വിജിലൻസ് ഡയറക്ടർ പദവിയിൽനിന്നും മാറ്റി. എന്നിട്ട് എന്താണ് ചെയ്തത്? അതിനേക്കാൾ ഉത്തരവാദിത്വമുള്ള അഡീഷണൽ

ഡി.ജി.പി. (ലാ&ഓർഡർ) പദവിയിലേക്ക് മാറ്റി. ആർ.എസ്.എസ്. നേതാക്കന്മാരെ പോയി കാണുന്ന ആളാണോ? വയനാട്ടിൽ മണിക്കൂറുകളോളം വൽസൻ തില്ലങ്കേരിയോട് ചർച്ച നടത്തി. റാം മാധവ്, ദത്താത്രേയ ഹൊസബെല്ല എന്നിവരെയും കണ്ടു. സി.പി.ഐ.-ക്കാർ ഇവിടെ ആശ്വാസത്തോടെ ഇരിപ്പുണ്ട്. എ.ഡി.ജി.പി.-യെ എങ്ങോട്ടാണ് മാറ്റിയത്. ആർ.എസ്.എസ്.-ന്റെ ചുമതലയിൽനിന്നും സായുധ പോലീസ് ബറ്റാലിയന്റെ ചുമതലയിലേക്ക് മാറ്റി. ഒരു routine transfer അല്ലേ നടന്നത്. എന്ത് നടപടിയാണ് സ്വീകരിച്ചത്. ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചല്ലോ ആ ഓർഡറിൽ എന്തെങ്കിലും അന്വേഷണത്തിന്റെ ഭാഗമായിട്ടാണോ മാറ്റിയത് എന്ന്. എ.ഡി.ജി.പി.-യെ മാറ്റിയല്ലോ എന്നുപറഞ്ഞു. ഏതെങ്കിലും അന്വേഷണത്തിന്റെ ഭാഗമായാണോ മാറ്റിയത്. ആ ഓർഡറിൽ ഒരു reference പോലുമില്ലല്ലോ. He has completed his two years. അദ്ദേഹം മാറി, മാറ്റി. ഞാൻ നേരത്തെ പറഞ്ഞതുപോലെ പട്ടിൽ പൊതിഞ്ഞാണ് കാര്യങ്ങളെല്ലാം ചെയ്യുന്നത്. അദ്ദേഹത്തിനെതിരെ നടപടിയെടുത്തു എന്നൊന്നും സി.പി.ഐ. (എം) ആശ്വസിക്കണ്ട. ഇപ്പോഴും അദ്ദേഹത്തിനെതിരായി എത്ര കേസുകളുണ്ട്.

അനധികൃത സ്വത്ത് സമ്പാദനം, പൂരം കലക്കിയ കേസ്, ശ്രീ. പി. വി. അൻവർ ഉന്നയിച്ച ആരോപണം.., സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറി പറഞ്ഞതല്ലേ അന്വേഷിക്കുമെന്ന്. അര ഡസനിലധികം കേസ്സുകളുണ്ട്. രണ്ട് കൊലപാതകങ്ങൾ. മാമി കേസ്, റിദാൻ ബാസിൽ കൊലക്കേസ്, താമിർ ജിഫ്രി, സ്വർണ്ണം പൊട്ടിച്ചുവെന്നുള്ള ആരോപണം, സ്വർണ്ണം കള്ളക്കടത്ത് നടത്തിയതിന് കൂട്ടുനിന്നുവെന്നുള്ള ആരോപണം. ഇത്തരത്തിൽ ഗുരുതരമായ ആരോപണങ്ങൾ വരുമ്പോഴും അദ്ദേഹം അവിടെതന്നെയാണ് നിന്നത്. ഒരു അന്വേഷണവും ഇപ്പോൾ നടക്കുന്നില്ലെന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ഡിവൈ.എസ്.പി. എഴുതിക്കൊടുത്തപ്പോൾ അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. അതിനെക്കുറിച്ച് അന്വേഷണം നടക്കുകയാണ്, അതുകൊണ്ടാണ് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തത് എന്നാണ് പറഞ്ഞത്. എന്നാൽ അതൊന്നും ശ്രീ. എം. ആർ. അജിത് കുമാറിന് ബാധകമല്ല. കാരണം അദ്ദേഹം ചെയ്തിരുന്ന ജോലി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ political assignments ആണ്. ബി.ജെ.പി. നേതൃത്വവുമായിട്ടുള്ള ലിങ്ക് ആയിരുന്നു. അതിവിടെ വളരെ കൃത്യമല്ലേ? ശ്രീ. സുജിത് ദാസും ഭരണകക്ഷി എം.എൽ.എ.-യും തമ്മിലുള്ള

സംഭാഷണം പുറത്തുവന്നു. എന്തൊരു നാണക്കേടാണ്. അദ്ദേഹം കേരളത്തിലെ മൂന്ന് എസ്.പി.-മാരെ അധിക്ഷേപിച്ചുപറഞ്ഞു. ഒരു എസ്.പി. എ.ഡി.ജി.പി.-യുടെ ഭാര്യാസഹോദരനാണ്. അവർക്കുവേണ്ടി പണമുണ്ടാക്കുകയാണെന്നാണ് ആരോപണം. കേരളത്തിലെ പൊലീസ് നാണംകെട്ടുപോയില്ലേ. എന്നിട്ട് നിങ്ങൾ എന്ത് നടപടിയാണെടുത്തത്; നിങ്ങളുടെ സ്റ്റക്ച്ചറെന്താണ്? കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് നിങ്ങൾ പറയുന്നു. ഞങ്ങൾക്ക് ബഹുമാനമുണ്ടായിരുന്നു. ഒരു എം.എൽ.എ. 25 ദിവസം വന്ന് നിങ്ങളുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിനുമെതിരെ നിരന്തരമായി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ നിങ്ങളുടെ സി.പി.ഐ.(എം.) സെക്രട്ടേറിയറ്റ് എന്താണ് പറഞ്ഞത്? ക്ഷമിക്കണം, ദയവുചെയ്ത് ഇനി പത്രസമ്മേളനം നടത്തരുതെന്ന് അഭ്യർഥിക്കുന്നു എന്നാണ്. പഴയ സി.പി.ഐ.(എം.)-ൽനിന്ന് നിങ്ങൾ ഡീജെനറേറ്റ് ചെയ്തു. പഴയ സി.പി.ഐ.(എം.) ആയിരുന്നെങ്കിൽ ഇങ്ങനെയല്ല ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായിട്ടാണ് ആരോപണം ഉന്നയിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു കോക്കസ്സുണ്ടെന്ന് ഞങ്ങൾ പറഞ്ഞു. സ്വർണം പൊട്ടിക്കൽ,

സ്വർണ കള്ളക്കടത്ത്, ലഹരി മരുന്ന്, നിങ്ങൾക്ക് പൊളിറ്റിക്കൽ പാട്രൊനേജുണ്ടെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഡി.ജി.പി. ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അതെല്ലാം നിങ്ങളുടെകൂടെയുള്ള ഒരു എം.എൽ.എ. അടിവരയിട്ട് പറഞ്ഞില്ലേ. (...ബഹളം...) ഇപ്പോൾ, സി.പി.ഐ.(എം.) ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റിനെ കുഴൽപ്പണ കേസിൽ സഹായിച്ചുവെന്ന് ഞങ്ങൾ ആരോപണമുന്നയിച്ചു. മഞ്ചേശ്വരം തിരഞ്ഞെടുപ്പ് കേസ് ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ വായിച്ചു, എന്തുകൊണ്ടാണ് ശ്രീ. കെ. സുരേന്ദ്രനെതിരായ കേസ് തള്ളിപ്പോയത്? ഒരു വർഷത്തിനകം കൊടുക്കേണ്ട ചാർജ്ജ്ഷീറ്റ് 17 മാസം കഴിഞ്ഞിട്ടാണ് പ്രോസിക്യൂഷൻ കൊടുത്തത്. നിയമം അനുവദിക്കുന്നില്ല, IPC-ലേയും Cr.P.C.-ലേയും വകുപ്പ് പറഞ്ഞുകൊണ്ട് എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല; ഇയാളെ ഡിസ്ചാർജ്ജ് ചെയ്യാൻ ഞാൻ നിർബന്ധിതനായിരിക്കുന്നുയെന്ന് കോടതി പറഞ്ഞു. ശ്രീ. കെ. സുരേന്ദ്രനെതിരെ ഒരു വർഷത്തിനകം കൊടുക്കേണ്ട ചാർജ്ജ്ഷീറ്റ് 17 മാസം കഴിഞ്ഞ് കൊടുത്ത് അയാളെ രക്ഷിക്കാൻ ശ്രമിച്ചത് ആരാണ്? എന്നിട്ടും

നിങ്ങളൊരു Condonation Petition (വൈകിപ്പോയി/ക്ഷമിക്കണം, കോടതി അനുവദിക്കണമെന്നൊരു) delay condone ചെയ്യാനുള്ള ഒരു പെറ്റീഷൻപോലും കൊടുത്തില്ലെന്ന് ജഡ്ജ്മെന്റിൽ എഴുതിയിരിക്കുന്നു. നിങ്ങൾ ആരുടെ കൂടെയാണെന്നാണ് ചോദ്യം. എനിക്ക് വളരെ ബഹുമാനമുള്ള, ഞാൻ ആദരിക്കുന്ന ഒരാളാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ. അദ്ദേഹം ഈ അസംബ്ലിയിൽ പറഞ്ഞത് ഓർമ്മയുണ്ടോ? അദ്ദേഹത്തെ ബി.ജെ.പി.-ക്കാർ ആക്രമിച്ച കേസിൽ അദ്ദേഹത്തിനെതിരായി സാക്ഷികൾ കൂറുമാറി. ആരാണ് സാക്ഷികൾ? നിങ്ങളുടെ പാർട്ടിക്കാരാണ് സാക്ഷികൾ. ഈ പാവത്തിനെതിരെ കേസ് നടക്കുമ്പോൾ ഒരിക്കലും കമ്മ്യൂണിസ്റ്റ് പാർട്ടി ആർ.എസ്.എസ്.-ന്റെ കൂടെ നിൽക്കില്ലെന്ന ആത്മവിശ്വാസം അദ്ദേഹം പ്രകടിപ്പിച്ചു. അങ്ങയോട് ഞാൻ പറയുന്നു, അങ്ങയുടെ കേസ്സിൽ അങ്ങയെ പിന്നിൽനിന്ന് കുത്തി വഞ്ചിച്ച് ഇവർ കൂറുമാറി. കൂറുമാറി കഴിഞ്ഞിട്ട് ആർ.എസ്.എസ്.-കാർ അവരെ വേറെ കേസിൽ സഹായിച്ചു. അതിനാണ് കൂറുമാറിയത്. അല്ലാതെ ഇദ്ദേഹത്തെ വിഷമിപ്പിക്കാനല്ല. സി.പി.ഐ.(എം.)-കാർ കൂറുമാറിയപ്പോൾ ബി.ജെ.പി.-ക്കാരെ വെറുതെവിട്ടു. പകരം

ആർ.എസ്.എസ്.-കാർ മറ്റൊരു കേസിൽ സാക്ഷിമാറി പറഞ്ഞ് സി.പി.ഐ.(എം.)-കാരെ രക്ഷപ്പെടുത്തി. നിങ്ങളുടെകൂടെ മന്ത്രിയായിരുന്ന ആ പാവത്തിനോടാണ് ഇത് ചെയ്തത്. ഇവിടെ ഡോ. കെ. ടി. ജലീൽ രസകരമായി സംസാരിച്ചു. അദ്ദേഹം M. S. Golwalkar-ന്റെ 'Bunch of Thoughts' എന്ന് പറഞ്ഞുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. അങ്ങ് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന 2021-ന്റെ അവസാനത്തിൽ നിങ്ങളുടെ ഗവൺമെന്റ് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒരു വിവാദ തീരുമാനമെടുത്തു. ആർ.എസ്.എസ്. നേതാക്കളായ V. D. Savarkar, M. S. Golwalkar, Deendayal Upadhyaya എന്നിവരുടെ പുസ്തകങ്ങൾ M A Governance and Politics syllabus-ൽ ഉൾപ്പെടുത്താനായിരുന്നു തീരുമാനം. ആർ.എസ്.എസ്. സ്ഥാപകാചാര്യൻ M. S. Golwalkar-റുടെ 'Bunch of Thoughts' സിലബസ്സിൽ ഉൾപ്പെടുത്തി. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് യൂണിവേഴ്സിറ്റിയിൽ ചെയ്തതാണ്.

ഡോ. കെ. ടി. ജലീൽ: സർ, (...മൈക്ക് ഓഫ്...)

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്തിനാണ് ബഹളമുണ്ടാക്കുന്നത്. ഞാൻ ചോദിക്കട്ടേ, സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റിയുടെ സിലബസ് മാറിയോ? M. S. Golwalkar-റുടെ 'Bunch of Thoughts' കേരളത്തിലെ എം.എ.-യ്ക്ക് പഠിക്കുന്ന കുട്ടികളുടെ സിലബസിൽ ഉൾപ്പെടുത്തിയ ആളുകളാണ് നിങ്ങൾ. ആര് പറഞ്ഞിട്ടാണ് നിങ്ങൾ ഇതെല്ലാം ചെയ്തത്? (...ബഹളം...)

മി. സ്പീക്കർ: കമന്റ്സ് ignore ചെയ്ത് അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ ശ്രീ. പിണറായി വിജയനെക്കുറിച്ച് പറഞ്ഞല്ലോ. 1977-ൽ ആർ.എസ്.എസ്.-ന്റെ പിന്തുണയോടുകൂടി എം.എൽ.എ. ആയി ജയിച്ചുവന്ന ആളാണ് അദ്ദേഹം. ഞാൻ മറ്റൊരു കാര്യം നിയമസഭയിൽ ചോദിച്ചു. മസ്കറ്റ് ഹോട്ടലിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മധ്യസ്ഥതയിൽ ആർ.എസ്.എസ്. നേതാക്കളുമായി നിങ്ങൾ കൂടിക്കാഴ്ച നടത്തിയില്ലേ എന്ന് ചോദിച്ചപ്പോൾ സാധാരണ ചാടി എഴുന്നേൽക്കുന്ന മുഖ്യമന്ത്രി നിയമസഭയിൽ തലകുനിച്ചിരുന്നു. അദ്ദേഹം അത് ഇതുവരെ നിഷേധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ 1-ാം നമ്പർ കാർ മാറിയിട്ടാണ് മസ്കറ്റ് ഹോട്ടലിൽ വന്നത്. അദ്ദേഹം മറുപടി പറഞ്ഞില്ല.

ഇതൊക്കെ ഈ സഭയുടെ റെക്കോർഡിലുണ്ട്. നിങ്ങളത് നോക്കിക്കോളൂ. കഴിഞ്ഞ അസംബ്ലി ഇലക്ഷൻ കഴിഞ്ഞപ്പോൾ സി.പി.ഐ.(എം.)-ഉം ഞങ്ങളും തമ്മിലൊരു ധാരണയുണ്ടായിരുന്നുവെന്ന് ആർ.എസ്.എസ്. നേതാവ് ശ്രീ. ആർ. ബാലശങ്കർ പറഞ്ഞു. ആർ.എസ്.എസ്.-ന്റെ പത്രാധിപർ, ഓർഗനൈസറിന്റെ പത്രാധിപർ അങ്ങനെ പറഞ്ഞില്ലേ; ഇവിടെ സി.പി.ഐ.-കാരോട് പറയാനുള്ളത്, പൊലീസിൽ ആർ.എസ്.എസ്.-ന്റെ ഗ്യാങ് പ്രവർത്തിക്കുന്നുണ്ടെന്ന് ആദ്യം പറഞ്ഞത് വയനാട്ടിലെ എം.പി. സ്ഥാനാർഥി ശ്രീമതി ആനി രാജ അല്ലേ? എന്നിട്ട് എല്ലാവരും ചേർന്ന് ശ്രീമതി ആനി രാജയുടെ മെക്കിട്ട് കയറിയത് നമ്മൾ കണ്ടതല്ലേ. ഇവിടെ മലപ്പുറത്തെ കാര്യത്തെക്കുറിച്ച് പറഞ്ഞു. എന്താണ് മലപ്പുറത്തെ സംഭവം?

ശ്രീ. കെ. ബാബു (നെന്മാറ): സർ, (...ബഹളം...) മൈക്ക് ഓഫ്.

ശ്രീ. വി. ഡി. സതീശൻ: സർ, ചെയറിനെ നോക്കിയല്ല സംസാരിക്കേണ്ടത് ചെയറിനെ അഡ്രസ് ചെയ്യണമെന്നാണ് റൂൾ. എനിക്ക് റൂൾസൊക്കെ അറിയാം. ഇയാൾ പഠിപ്പിക്കണ്ട.

2024 സെപ്റ്റംബർ 13-ന് ഡൽഹിയിലെ നാഷണൽ മീഡിയയിൽ, എല്ലായിടത്തും ഒരു വാർത്ത വരികയാണ്. കേരളത്തിലെ മലപ്പുറം ജില്ലയിൽ ഗോൾഡ് പിടിച്ചു, ഭയങ്കര പ്രശ്നമാണ്. ഇവിടെ ആന്റി-സോഷ്യൽ ആക്ടിവിറ്റീസിനുവേണ്ടി ഈ പണം ഉപയോഗിക്കുന്നു. കേരളത്തെക്കുറിച്ചുള്ള വാർത്തയാണിത്. ഇതുമുഴുവൻ പി.ആർ. ഏജൻസിയാണ് കൊടുത്തത്. 5 വർഷത്തെ കള്ളക്കടത്ത് പിടിച്ച കാര്യമാണ് പറഞ്ഞത്. സെപ്റ്റംബർ 21-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി. അപ്പോഴും അദ്ദേഹം മലപ്പുറം എന്ന് പ്രത്യേകം പറഞ്ഞു. ഇതേകാര്യം അദ്ദേഹം ആവർത്തിച്ചു പറഞ്ഞു, പക്ഷെ വ്യത്യാസമുള്ളത് ആദ്യം 5 വർഷത്തെ കള്ളക്കടത്താണ് പറഞ്ഞിരുന്നതെങ്കിൽ പിന്നെ 3 വർഷത്തെ കള്ളക്കടത്ത് എന്ന് പറഞ്ഞു.

Same matter. 29-ാം തീയതി അദ്ദേഹം The Hindu പത്രത്തിന് ഇന്റർവ്യൂ കൊടുത്തു. The Hindu പത്രത്തിൽ ഈ വാർത്ത വരുന്നു. ഇതിന്റെ മൂന്ന് സ്ക്രിപ്ച്ചറുകളും ഒരേ നരേറ്റീവാണ്. ഒരു സ്ഥലത്തുണ്ടാക്കിയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിലെ സ്റ്റാറ്റിസ്റ്റിക്സും മെറ്റീരിയൽസും, The Hindu പത്രത്തിന് അദ്ദേഹം കൊടുത്ത ഇന്റർവ്യൂവിലെ

മെറ്റീരിയൽസ്, പി.ആർ. ഏജൻസി സെപ്റ്റംബർ 13-ന് നാഷണൽ മീഡിയയ്ക്ക് കൊടുത്ത മുഴുവൻ മെറ്റീരിയൽ, എന്നിവയെല്ലാം ഒന്നുതന്നെയാണ്. Hindu പത്രത്തിൽ അഡീഷണലായി വന്നത് " When our Government acts against Muslim extremist elements, these forces try to project we are acting against Muslims. For example, 150 kg of gold and hawala money worth 123 crore were seized by the state police in the last five years from Malappuram district. This money is entering Kerala for anti-state and anti-national activities" ഇത് The Hindu പത്രം പുറത്തിറക്കിയപ്പോൾ നിഷേധിച്ചില്ല. പിറ്റേ ദിവസം ശക്തമായ വികാരം Hindu പത്രത്തിന് കൊടുത്ത ഇന്റർവ്യൂവിനെതിരെ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീഡിയ സെക്രട്ടറി ഉച്ചയ്ക്ക് ഈ പത്രത്തിന് ഒരു കത്തെഴുതുന്നു. അപ്പോൾ The Hindu പത്രം ഒരു റിപ്ലേ കൊടുക്കുന്നു. ആ റിപ്ലേയിലാണ് Kaizzen എന്ന ഏജൻസിയാണ് Hindu പത്രത്തിനെ അപ്രോച്ച് ചെയ്തതെന്ന് പറഞ്ഞത്. The Hindu ഒരു പരമ്പരാഗത പത്രമായതുകൊണ്ട് വാർത്ത സ്ഥിരീകരിക്കാതെ സാധാരണ പ്രസിദ്ധീകരിക്കാറില്ല. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെകൂടെ കമ്പനിയുടെ പ്രതിനിധികളായ രണ്ടുപേരുണ്ടായിരുന്നുയെന്ന് അവർ പറഞ്ഞു. അവരാണ് അഡീഷണലായി ഈ വാർത്തകൂടി കൊടുക്കണമെന്ന് എഴുതി തന്നത്. സെപ്റ്റംബർ 21-ലെ പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അതേ കാര്യംതന്നെയാണ് ഞങ്ങൾ എഴുതി തരുന്നതെന്ന് പറഞ്ഞ് അവർ കൊടുത്തുയെന്നാണ് കാരണമായി അവർ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തനിക്ക് പി.ആർ. ഏജൻസിയില്ലെന്ന് പറഞ്ഞു. The Hindu പത്രത്തിന് ഇന്റർവ്യൂ നൽകുന്ന സമയത്ത് ടി. കെ. ദേവകുമാറിന്റെ മകൻ അവിടെയുണ്ടായിരുന്നു. ആ സമയത്തുതന്നെ ആരോ ഒരാൾ മുഖ്യമന്ത്രിയുടെ മുറിയിലേയ്ക്ക് വന്നു. അത് ഇന്റർനാഷണൽ പി.ആർ. ഏജൻസിയുടെ ഹെഡ് ശ്രീ. വിനീത് ഹണ്ടെ ആയിരുന്നു. നമ്മുടെ ആരുടെയെങ്കിലും മുറിയിലേയ്ക്കാണ് ആരോ ഒരാൾ വന്നുവെന്ന് പറഞ്ഞാൽ പിന്നെയും വിശ്വസിക്കാം. പോലീസിന്റെ റൗണ്ടെല്ലാം കഴിഞ്ഞ് അനുമതി ലഭിച്ചതിനുശേഷം മുഖ്യമന്ത്രിയെ ഇന്റർവ്യൂ ചെയ്യുന്നതിന്റെകൂടെ ചെന്നുനിന്നതിനെ സംബന്ധിച്ച് 'ദ ഹിന്ദു' പത്രം പറഞ്ഞത് നിഷേധിച്ചില്ലല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദ

ഹിന്ദു പത്രത്തിന്റെ ലേഖികയ്ക്ക് ഇന്റർവ്യൂ നൽകുമ്പോൾ തൊട്ടടുത്ത് കൈയും കെട്ടി പരിചയമില്ലാത്ത ആരോ ഒരാൾ ശ്രീ. പിണറായി വിജയന്റെ അടുത്തുനിന്നുവെന്ന് പറഞ്ഞാൽ.......... ഒരാളും നിൽക്കുകയില്ല. അക്കാര്യത്തിലെല്ലാം എനിക്ക് അദ്ദേഹത്തിനോട് നല്ല ബഹുമാനമുണ്ട്. അത് ഏജൻസിയാണ്. നിങ്ങൾ എത്ര മൂടിവയ്ക്കാൻ ശ്രമിച്ചാലും, നിങ്ങൾ പി.ആർ. ഏജൻസിയെ ഏൽപ്പിച്ചിരുന്നു. കേരളത്തിലെ മുഖ്യമന്ത്രി ദ ഹിന്ദു പത്രത്തിനോട് അങ്ങോട്ട് ചോദിച്ചിട്ടാണോ ഇന്റർവ്യൂ നൽകുന്നത്; അങ്ങോട്ട് ചോദിച്ച് ദ ഹിന്ദു പത്രത്തിന് മുഖ്യമന്ത്രി ഇന്റർവ്യൂ നൽകിയിട്ടുണ്ടെങ്കിൽ ഡൽഹിയിൽ പോയികൊടുത്തത് സംബന്ധിച്ചും നിങ്ങൾക്കറിയാം. ഈ മാസം 4-ാം തീയതി ഹരിയാനയിലും ജമ്മുകാശ്മീരിലും ഇലക്ഷനായിരുന്നു. സംഘ്പരിവാറിന്റെ അജണ്ട പുറത്തുവന്നത് 30-ാം തീയതിയായിരുന്നു. കേരളത്തെക്കുറിച്ച്/കേരളത്തിലെ ഒരു സമുദായത്തെക്കുറിച്ച് സംഘ്പരിവാർ പറയുകയാണ്. വ്യാപകമായി പ്രചരിക്കുന്ന കാര്യം 30-ാം തീയതി ഡൽഹിയിൽ വരികയാണ്. ഈ പൊളിറ്റിക്കൽ നരേറ്റീവ് ആരുടെ

ശിൽപ്പശാലയിൽ വാർത്തെടുത്തതാണ്. ഒരു കമ്മ്യൂണിറ്റിക്കെതിരായി, ഒരു ജില്ലക്കെതിരായി, ഒരു സംസ്ഥാനത്തിനെതിരായിയുള്ള സംഘ്പരിവാർ അജണ്ട.... ഡൽഹിയിലെ വലിയ പത്രപ്രവർത്തകനായ കുനാൽ പുരോഹിതിനെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാൻ സാധിക്കും. അദ്ദേഹം എഴുതിയ മനോഹരമായ ഒരു പുസ്തകമാണ് " H-Pop: The Secretive World of Hindutva Pop Stars" . അവർ ചില നരേറ്റീവ്സ് മുസ്ലീം സമുദായത്തിനെതിരെയുണ്ടാക്കും. ക്രിസ്ത്യാനികൾ മുഴുവൻ കൺവെർട്ട് ചെയ്യുന്നവരാണെന്നും മുസ്ലീമിന്റെ ജനസംഖ്യ കൂടിക്കൊണ്ടിരിക്കുകയാണെന്നും 2050 ആകുമ്പോഴേയ്ക്കും മുസ്ലീം പോപ്പുലേഷൻ ഇന്ത്യയിൽ ഒന്നാമതാകും എന്നെല്ലാമുള്ളത് അവരുടെ ചില ക്രിയേറ്റീവാണ്. ആന്റി നാഷണൽ ആക്ടിവിറ്റീസായ കള്ളക്കടത്തും ഹവാല ഇടപാടുകളും നടത്തുന്നത് മുഴുവൻ ഒരു കമ്മ്യൂണിറ്റിയാണ്. ഇത്തരത്തിലുള്ള കള്ളകച്ചവടം എല്ലാ കമ്മ്യൂണിറ്റിയിലുമുള്ളവർക്കുണ്ട്...........

<u>മി. സ്പീക്കർ</u>: പ്ലീസ്.......കൺക്ലൂഡ്............

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഇതൊക്കെ ആര് ചെയ്താലും തെറ്റുതന്നെയാണ്. അതിനെ ഒരു സംസ്ഥാനത്തിന്റെ, ഒരു ജില്ലയുടെ, ഒരു കമ്മ്യൂണിറ്റിയുടെ തലയിൽ വയ്ക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി കൂട്ടുനിന്നു. മുഖ്യമന്ത്രി അറിയാതെയാണ് പി.ആർ. ഏജൻസിയിലെ ആളുകൾ ഈ വാചകം ദ ഹിന്ദുവിലേയ്ക്ക് അഡീഷണലായി എഴുതിക്കൊടുത്തതെങ്കിൽ ആ പി.ആർ. ഏജൻസിക്കെതിരായി കേസ്സെടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ; ആരാണ് ശ്രീ. സുബ്രഹ്മണ്യൻ; സുബ്രഹ്മണ്യനാണ് എഴുതിക്കൊടുത്തതെന്ന് പറയുന്നു. ഞാൻ നേരത്തെ ശ്രീ. അജിത് കുമാറിന്റെ കാര്യത്തിൽ ചോദിച്ചതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പട്ടിൽ പൊതിഞ്ഞ ഒരു ശകാരമെങ്കിലും സുബ്രഹ്മണ്യനോട് നടത്തിയോ; മുഖ്യമന്ത്രി ഫോണിൽ അദ്ദേഹത്തെ വിളിച്ചതുപോലുമില്ല. ഇത്രയും വിവാദമുണ്ടായിട്ട് ഈ ഏജൻസിയെയോ സുബ്രഹ്മണ്യനെയോ മുഖ്യമന്ത്രി ഫോണിൽപോലും വിളിച്ചില്ല. അദ്ദേഹത്തിന്റെ ഒരു രീതിയുണ്ടല്ലോ; "നീ എന്തിനാടാ അത് ചെയ്തത്" എന്ന് അയാളോട് ചോദിച്ചോ; അദ്ദേഹം കേരളത്തിലെ മുഖ്യമന്ത്രിയുടെ നരേറ്റീവാണ് അവിടെ എഴുതിക്കൊടുത്തത്.

സംഘ്പരിവാർ നരേറ്റീവ് നിങ്ങൾ ആവർത്തിക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാര്യം എന്നെക്കുറിച്ച് പറഞ്ഞു. ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. ഗോൾവാൽക്കറിനൊപ്പം ഞാൻ നിൽക്കുന്ന ഫോട്ടോ........അത് നിങ്ങൾ കൊണ്ടുവന്നോ; (പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ചിത്രം ചില ഭരണപക്ഷ എം.എൽ.എ.-മാർ ഉയർത്തിക്കാട്ടി) അത് ആർ.എസ്.എസ്. പ്രചരിപ്പിക്കുന്ന ചിത്രമാണത്. ഞാൻ പോയിട്ടില്ല.......... ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ ഫോട്ടോ പ്രചരിക്കുന്നുണ്ട്. നിങ്ങളുടെ ആളുകൾ നിൽക്കുന്ന അഞ്ച് ഫോട്ടോ ഞാൻ കാണിക്കാം. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ ആർ.എസ്.എസ്.-ന്റെ ഗണേശോത്സവം ഉദ്ഘാടനം ചെയ്തുവെന്ന് കഴിഞ്ഞ ദിവസം നിങ്ങളുടെ എല്ലാ സോഷ്യൽ മീഡിയയിലും വന്നു. അതുസംബന്ധിച്ച് ഞാൻ അന്വേഷിച്ചു, എറണാകുളം ശിവക്ഷേത്രത്തിൽ നടത്തിയ പരിപാടിയാണത്. എനിക്ക് അമ്പലത്തിൽ പോകാൻ പാടില്ലേ? അതിന്

ഞാനൊരു മറുപടി കൊടുത്തു. ആർ.എസ്.എസ്.-ന്റെ പരിപാടിയിൽ ഞാൻ പങ്കെടുത്തുവെന്ന ഈ വിഷയം വ്യാപകമായി നിൽക്കുമ്പോൾ ഭാഗ്യത്തിന് എനിക്കൊരു ഫോട്ടോ ലഭിച്ചു. 2018-ൽ ഗണേശോത്സവം ഉദ്ഘാടനം ചെയ്തത് അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രനായിരുന്നു. അത് ഞാൻ ചെയ്തപ്പോൾ ആർ.എസ്.എസ്.-ന്റെ പരിപാടിയായി. എറണാകുളത്തെ ശിവക്ഷേത്രത്തിന്റെ പരിപാടിക്ക് ദേവസ്വം വകുപ്പുമന്ത്രിയെ വിളിച്ചാൽ ദേവസ്വം വകുപ്പുമന്ത്രി പോകണം. അത് ആർ.എസ്.എസ്.-ന്റെ പരിപാടിയൊന്നുമല്ല, അദ്ദേഹം പോയി. അദ്ദേഹം പോയാൽ കുഴപ്പമില്ല. വി. ഡി. സതീശൻ പോയാൽ ആർ.എസ്.എസ്.-ന്റെ പരിപാടിയാണ്.

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്.....കൺക്ലൂഡ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, (...മൈക്ക് ഓഫ്...)

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെല്ലാം ഞങ്ങൾ അവസാനിപ്പിക്കാം. പ്ലീസ്....... പ്ലീസ്........

<u>മി. സ്പീക്കർ</u>: പ്ലീസ്...... പ്ലീസ്.....അദ്ദേഹം കൺക്ലൂഡ് ചെയ്തതിനുശേഷം പറയാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇ.എം.എസ്.-നെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇ.എം.എസ്.-ന് കെ. ജി. മാരാർ ബാഡ്ജ് കുത്തിക്കൊടുക്കുന്ന ഫോട്ടോയും ശിവദാസ മേനോന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിൽ എൽ. കെ. അദ്വാനി പ്രസംഗിക്കുന്ന ഫോട്ടോയും എന്റെ കൈയിലുണ്ട്. നിങ്ങൾ ഫോട്ടോകൾ ഉയർത്തി കാണിച്ചതുപോലെ ഞാൻ എന്തിനാണ് ആ ഫോട്ടോകൾ ഉയർത്തിക്കാണിക്കുന്നത്? ശ്രീ. പി. വി. അൻവർ 150 കോടി രൂപയുടെ കാര്യം പറഞ്ഞതിനെ ഞാൻ തള്ളിപ്പറയുന്നുണ്ടോയെന്ന് ഉച്ചത്തിൽ എന്നോട് പത്രക്കാർ ചോദിച്ചു. അന്ന് ആ ആരോപണം ഉന്നയിച്ചപ്പോൾ നിങ്ങളെല്ലാമിരുന്ന് ചിരിച്ചു. അന്നും ഞാൻ ശ്രീ. പി. വി. അൻവറിനെതിരെ ഒന്നും പറഞ്ഞില്ല. ഞാൻ കരയണോ അതോ ചിരിക്കണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുഖത്ത് നോക്കി ചോദിച്ചു. കാരണം മുഖ്യമന്ത്രിയുടെ അനുവാദമില്ലാതെ ഭരണപക്ഷത്തിലെ ഒരാൾ പ്രതിപക്ഷ നേതാവിനെതിരായി ആരോപണം ഉന്നയിക്കുമോ; മുഖ്യമന്ത്രിയാണ് ശ്രീ.

പി. വി. അൻവറിനെകൊണ്ട് എനിക്കെതിരായി ഇതുപോലെയൊരു മൂന്നാംകിട ആരോപണം ഉന്നയിപ്പിച്ചത്. മുഖ്യമന്ത്രി അറിയാതെ.........

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ...... (മൈക്ക് ഓഫ്).......

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇരിക്കു......... മുഖ്യമന്ത്രി അറിയാതെ നിങ്ങളുടെ പാർട്ടിയിലെ ഏതെങ്കിലുമൊരു അംഗം പ്രതിപക്ഷ നേതാവിനെതിരെ ആരോപണം ഉന്നയിക്കുമോ; ഞാൻ ഇന്ന് ഏറ്റവും സന്തോഷവാനാണ്. മുഖ്യമന്ത്രി എനിക്കെതിരായി ഉപയോഗിച്ച ശ്രീ. പി. വി. അൻവർ, മുഖ്യമന്ത്രിക്കെതിരായി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ ഏറ്റവും സന്തോഷവാൻ വി. ഡി. സതീശനാണ്. കാലത്തിന്റെ കാവ്യ നീതിയാണത്.

മി. സ്പീക്കർ: പ്ലീസ്...... കൺക്ലൂഡ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ആ ആളുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി സംസാരിച്ചല്ലോ; നിങ്ങൾ ഉദ്യോഗസ്ഥൻമാരെ കയറൂരിവിട്ട് ഇപ്പോഴും സംരക്ഷിച്ച് ചേർത്തുനിർത്തിയിരിക്കുകയാണ്. ഒരു

നടപടിയും അയാൾക്കെതിരെ എടുത്തിട്ടില്ല. അയാൾ പോലീസ് സംവിധാനത്തിലിരുന്നുകൊണ്ട് ഈ കേസ്സുകളെല്ലാം അട്ടിമറിക്കും. അന്വേഷണങ്ങൾ മുഴുവൻ പ്രഹസനമാണ്. അതുകൊണ്ട് ഇത് സംസ്ഥാനത്തെ ബാധിക്കുന്ന വളരെ ഗൗരവതരമായ വിഷയമാണ്. നിങ്ങളുടെ പൊയ്മുഖങ്ങളാണ് അഴിഞ്ഞുവീണത്. നിങ്ങൾ ആർ.എസ്.എസ് നേതാക്കന്മാരെ കാണാൻ ഉദ്യോഗസ്ഥരെ മുഴുവൻ അയച്ചു. നിങ്ങൾ ശ്രീ. അമിത്ഷായെ കാണാൻ ഒരു പഴയ ഡി.ജി.പി.-യെ വിട്ടല്ലോ; എല്ലാ കാര്യങ്ങളും പറഞ്ഞാൽ.......... ഇത് കേരളത്തിന് അപകടകരമായ രീതിയിൽ പോകുന്നു. ഇവർ ആർ.എസ്.എസ്.-മായി ബന്ധപ്പെട്ടാൽ ഞങ്ങൾക്കെന്താണ്; 1977-ൽ ആർ.എസ്.എസ്.-ഉം സംഘ്പരിവാറും നിങ്ങളുംകൂടി ഒരുമിച്ച് മത്സരിച്ചപ്പോൾ 140-ൽ 111 സീറ്റുകളുമായി....... സി.പി.ഐ.-ക്കാരും ഇവിടെയുണ്ടായിരുന്നു. നമുക്കെതിരായിട്ടാണ് ആർ.എസ്.എസ്.-മായി ചേർന്ന് മത്സരിച്ചത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. വി. ഡി. സതീശൻ: ഞങ്ങൾ 111 സീറ്റുമായി അധികാരത്തിൽ വന്നൊരു കാലമുണ്ടായിരുന്നു. നിങ്ങൾ ആർ.എസ്.എസ്.-മായി കൂടിയാൽ

ഞങ്ങൾക്ക് പേടിയില്ല. പക്ഷെ കേരളത്തിന് ദോഷകരമായി ബാധിച്ചാൽ ഈ സംസ്ഥാനത്തെ രക്ഷിക്കാൻ ഞങ്ങളുണ്ടാകുമെന്ന് ഓർമ്മപ്പെടുത്തുന്നു. നിങ്ങൾ ചെയ്യുന്നത് തീക്കളിയാണെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു.